# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2017 വാല്യം 44 ലക്കം 4 ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് പേജ് 16 വില 5.00 രൂപ


## ചരക്ക്-സേവന നികുതി (GST)

# കുത്തകകൾക്കുവേണ്ടിയുള്ള നികുതിഘടനാ പരിഷ്ക്കാരം

**കഴിഞ്ഞ ഏഴ് വർഷമായി നടന്നുകൊണ്ടിരുന്ന തയ്യാറെടുപ്പുകൾക്കൊടുവിൽ ചരക്ക്-സേവന നികുതി അഥവാ ജിഎസ്ടി ഇക്കഴിഞ്ഞ ജൂലൈ 1ന് നിലവിൽ വന്നു. നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനത്തോളം ചരിത്രപ്രാധാന്യമുള്ളതാണ് ജിഎസ്ടി എന്നാണ് ഭരണകർത്താക്കൾ അവകാശപ്പെടുന്നത്. അതിനാലാണ് അവർ പാർലമെന്റിന്റെ അർദ്ധരാത്രി സമ്മേളനം വിളിച്ചുചേർത്ത് ജിഎസ്ടിക്ക് തുടക്കം കുറിച്ചത്. ജനങ്ങളുടെ മേലൊരു നികുതി ഘടന ചുമത്താനായി പാർലമെന്റിന്റെ പാതിരാസമ്മേളനം വീണ്ടും വിളിച്ചുചേർത്തതു വഴി യഥാർത്ഥത്തിൽ രാജ്യത്തിന്റെ പാരമ്പര്യം അപമാനിക്കപ്പെടുകയാണുണ്ടായത്. ജനങ്ങൾക്കുവേണ്ടിയും രാജ്യപുരോഗതിക്കുവേണ്ടിയും ചെയ്യുന്ന അതിമഹത്തായ ഒരു നടപടി എന്ന പ്രതീതി ജനിപ്പിക്കാനുള്ള ഭരണാധികാരികളുടെ കാപട്യം മാത്രമായിരുന്നു ഈ അർദ്ധരാത്രി സമ്മേളനം. ജിഎസ്ടിയെ മാധ്യമങ്ങൾ ആഘോഷപൂർവ്വം വരവേറ്റു. പരിഹാസ്യജനകമായ ചില എതിർപ്പുകൾ പ്രതിപക്ഷ പാർട്ടികൾ കാട്ടിയെങ്കിലും എല്ലാ പ്രമുഖ പാർട്ടികളും ജിഎസ്ടിയെ ഒറ്റക്കെട്ടായി സ്വാഗതം ചെയ്തു. രാജ്യത്തെ വൻകിട മുതലാളിമാരുടെ സംഘടനകളായ ഫിക്കിയും സിഐഐയും രാജ്യത്തിന്റെ സാമ്പത്തിക മുഖഛായ മാറ്റുന്ന നടപടി എന്ന് വിശേഷിപ്പിച്ചുകൊണ്ട് ജിഎസ്ടിയെ സർവ്വാത്മന പിന്തുണച്ചു. വിദേശമാധ്യമങ്ങൾ വരെ പ്രശംസിച്ചു.**

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും ചെറുകിട ഉൽപ്പാദകരുടെ എതിർപ്പൊഴിവാക്കിയാൽ ഏതാണ്ട് ഏവരുടെയും പിന്തുണയോടെ നടപ്പാക്കപ്പെട്ട ഈ ജിഎസ്ടി യഥാർത്ഥത്തിൽ എന്താണ്? രാജ്യപുരോഗതിക്കും ജനനന്മക്കും എന്ന വിശേഷണത്തോടെ മുമ്പ് നടപ്പാക്കപ്പെട്ട നടപടികളുടെ ഫലം പോലെ ഇതും ജനങ്ങളുടെ ജീവിതദുരിതങ്ങൾ വർദ്ധിപ്പിക്കുമോ? പ്രത്യേകിച്ചും ജിഎസ്ടി വന്നതിനുശേഷമുള്ള ആദ്യത്തെ ആഴ്ച വമ്പിച്ച വിലക്കയറ്റത്തിന്റെ പ്രവണതയാണ് കാട്ടുന്നതെന്ന് വാർത്തകൾ പുറത്തുവരുന്ന സാഹചര്യത്തിൽ.

കേന്ദ്ര എക്സൈസ് ഡ്യൂട്ടി, മൂല്യവർദ്ധിത നികുതി അഥവാ വാറ്റ്, ഒക്ട്രോയ് ഡ്യൂട്ടി, പ്രവേശന നികുതി, കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങി നമ്മുടെ രാജ്യത്ത് നിലവിലുള്ള വിവിധങ്ങളായ പരോക്ഷനികുതികളെ മുഴുവൻ ലയിപ്പിച്ചുകൊണ്ട് രാജ്യം മുഴുവൻ ഒറ്റ നികുതി എന്നതാണ് ജി.എസ്.ടി അഥവാ ചരക്ക് സേവനനികുതി. അതായത്, എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ ഇനിമുതൽ ജിഎസ്ടി എന്ന ഒറ്റനികുതി മാത്രമാകും ചുമത്തപ്പെടുക.

2009-ൽ, അന്നത്തെ കോൺഗ്രസ് സർക്കാരാണ് ഈ നിർദ്ദേശം മുന്നോട്ടു വെച്ചത്. ഇപ്പോഴത്തെ ബിജെപി സർക്കാരാകട്ടെ ഇത് നടപ്പിൽ വരുത്തുന്നു. സിപിഐ(എം) അടക്കം, മിക്കവാറും പ്രതിപക്ഷപ്പാർട്ടികൾ ഒക്കെത്തന്നെ ജിഎസ്ടിക്ക് അനുകൂലമാണ്. ജിഎസ്ടി നിരക്ക് 18% ആയി നിജപ്പെടുത്തണമെന്ന ആവശ്യം കോൺഗ്രസ് മുന്നോട്ടു വെച്ചിരുന്നുവെങ്കിലും, അത് ആദർശത്തിലേറെ ബിജെപി സർക്കാരുമായി വിലപേശാനുള്ള ഉപകരണം മാത്രമായിരുന്നു. പക്ഷേ തത്വത്തിൽ, സിപിഐ(എം)അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ ഒന്നും തന്നെ ജിഎസ്ടിക്ക് എതിരല്ല. ജിഎസ്ടി ജനങ്ങളുടെ ജീവിതത്തെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്താൻ പോലും അവർ തയ്യാറല്ല. വാസ്തവത്തിൽ, സർക്കാരിന്റെ ഭാഗത്തുനിന്നും സ്വാഗതാർഹമായ നീക്കമാണ് ജിഎസ്ടി എന്ന മട്ടിലുള്ള നിലപാടാണ് ജനങ്ങൾക്കുമുമ്പാകെ ഇവർ കൈക്കൊണ്ടിട്ടുള്ളതും. പ്രതിപക്ഷപാർട്ടികൾ ഉയർത്തിയ എതിർപ്പിന്റെ ചെറുസ്വരങ്ങളാകട്ടെ, കോൺഗ്രസും പ്രാദേശികപാർട്ടികളും ഭരിക്കുന്ന സംസ്ഥാനസർക്കാരുകൾക്ക് ജിഎസ്ടിയിൽ നിന്നുള്ള വരുമാനത്തിന്റെ പങ്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടു മാത്രമായിരുന്നു താനും. ജിഎസ്ടി നടപ്പിൽ വരുത്തുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാനനഷ്ടം പൂർണ്ണമായും പരിഹരിക്കാമെന്ന കേന്ദ്രധനകാര്യവകുപ്പു മന്ത്രി അരു

(ശേഷം 2-ാം പേജിൽ)

## തികച്ചും ജനവിരുദ്ധമായ ജി.എസ്.ടി.ക്കെതിരെ ശക്തമായ സമരം വളർത്തിയെടുക്കുക

**ജൂൺ 29 ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന.**

സാധാരണജനങ്ങൾക്കുമേലുള്ള പരോക്ഷ നികുതിഭാരം വൻതോതിൽ വർദ്ധിപ്പിക്കുന്ന ചരക്ക്-സേവന നികുതി(ജിഎസ്ടി) ഏർപ്പെടുത്തുന്നതിനോട് എസ്‌യുസിഐ (സി) ശക്തമായി വിയോജിക്കുകയാണ്. എല്ലാ അവശ്യസാധനങ്ങളുടെയും സേവനങ്ങളുടെയും വില ഗണ്യമായി ഉയരാൻ ഇതിടയാക്കും. നിർദ്ദയമായ മുതലാളിത്ത ചൂഷണവ്യവസ്ഥ അതിന്റെ സഹജമായ പ്രതിസന്ധിയെ മറികടക്കുന്നതിനായി ജനങ്ങൾക്കുമേൽ നിരന്തരം നടത്തുന്ന സാമ്പത്തികാക്രമണങ്ങളുടെ മറ്റൊരു പതിപ്പാണ് ഇത്. മുതലാളിത്ത ഉൽപ്പാദകർക്കും കോർപ്പറേറ്റുകൾക്കും ഇത് ഗണ്യമായ നികുതിയിളവുകൾ സമ്മാനിക്കുന്നു. ഒരു മുതലാളിത്ത വ്യവസ്ഥയിൽ ആവിഷ്ക്കരിക്കപ്പെടുന്ന ഏതൊരു സാമ്പത്തിക പരിഷ്ക്കാരത്തിന്റെയും സ്വഭാവവും പ്രത്യാഘാതങ്ങളും വ്യവസ്ഥിതിയുടെ താൽപ്പര്യങ്ങളിൽനിന്ന് അടർത്തിമാറ്റി മനസ്സിലാക്കാനാവില്ല എന്നോർക്കണം.

മുതലാളിവർഗ്ഗത്തിന്റെ ആകമാനതാൽപ്പര്യം മുൻനിർത്തി രൂപംകൊടുത്തിട്ടുള്ള ഈ നികുതി പരിഷ്ക്കാരം നികുതിപിരിവിന്റെ അധികാരം കേന്ദ്ര ഗവൺമെന്റിൽ കേന്ദ്രീകരിക്കുകയാണ്. സ്വാതന്ത്ര്യാനന്തരം നിലവിൽവന്ന ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാന തത്വങ്ങളെത്തന്നെ നിരാകരിക്കുന്നതാണിത്. ഇവ്വിധം കേന്ദ്രഗവൺമെന്റിൽ സാമ്പത്തികാധികാരങ്ങൾ അധികമധികം കേന്ദ്രീകരിക്കുന്നത് രാജ്യത്തെ ഭരണപരമായ ഫാസിസത്തിലേയ്ക്ക് കൊണ്ടെത്തിക്കുന്നതിനേ ഉപകരിക്കൂ. കേന്ദ്ര സർക്കാർ അന്യായമായി നികുതിഭാരമടിച്ചേൽപ്പിക്കുന്നതിനെതിരായി സമരം വളർത്തിയെടുക്കുന്നത് കൂടുതൽ ദുഷ്ക്കരമാക്കും എന്ന വസ്തുതയും ഏറെ പ്രാധാന്യത്തോടെ കാണേണ്ടതുണ്ട്.

ജിഎസ്ടി നടപ്പിലാക്കുന്നതിനെതിരെ രാജ്യവ്യാപകവും ശക്തവുമായ സമരം വളർത്തിയെടുക്കാനും ജൂൺ 30 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിക്കാനും അദ്ധ്വാനിച്ചു ജീവിക്കുന്ന മുഴുവനാളുകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# എൽഡിഎഫ് സർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയത്തിനെതിരെ വ്യാപക പ്രതിഷേധം

**പിണറായി സർക്കാരിന്റെ യഥാർത്ഥ മുഖം വെളിവാക്കുന്നതാണ് അധികാരത്തിൽ വന്ന് ഒരു വർഷം പിന്നിടുമ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന മദ്യനയം. ഇടതുമുന്നണി സമ്പൂർണ്ണമായും ബാർമുതലാളിമാർക്ക് കീഴടങ്ങിയിരിക്കുന്നു, കേരളത്തിലെ ജനങ്ങളെയൊന്നാകെ ബാർമുതലാളിമാർക്കും മദ്യക്കച്ചവടക്കാർക്കും അടിയറവച്ചിരിക്കുന്നു, സാമൂഹ്യ നന്മയെയും ജനാഭിപ്രായത്തെയും സർക്കാർ വെല്ലുവിളിച്ചിരിക്കുന്നു.**

മുഖ്യമന്ത്രി നേരിട്ട് നുണപ്രചാരണത്തിന് ചുക്കാൻ പിടിച്ചുകൊണ്ടാണ് മദ്യം കുത്തിയൊഴുക്കാൻ വഴിതെളിക്കുന്നത്. മദ്യത്തിനുവേണ്ടി കേരളത്തിൽ അക്രമം പെരുകുന്നു എന്നും ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നുവെന്നുമാണ് മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ അഭിപ്രായപ്പെട്ടത്. ഇത് ഏത് കണക്കുകളെയും പഠനങ്ങളെയും ഉദ്ധരിച്ചാണ് പറഞ്ഞത് എന്ന് വ്യക്തമാക്കാൻ മുഖ്യമന്ത്രിക്ക് ബാദ്ധ്യതയുണ്ട്.

ബാറുകളുടെയും ബിവറേജസ് ഔട്ട്ലെറ്റുകളുടെയും എണ്ണം കുറച്ചതുകൊണ്ട് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടില്ല, മദ്യലഭ്യത കുറഞ്ഞതുമൂലം മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചിരിക്കുന്നു, അതുകൊണ്ട് ബാറുകളുടെയും ബിവറേജസ് ഔട്ട്ലെറ്റുകളുടെയും എണ്ണം വെട്ടിക്കുറയ്ക്കുകയെന്ന നയം തുടരാനാവില്ല തുടങ്ങിയ വാദങ്ങളാണ് സർക്കാരും ഭരണകക്ഷികളും നിരത്തുന്നത്.

മദ്യലഭ്യത വർദ്ധിപ്പിച്ചാൽ മയക്കുമരുന്ന് വ്യാപനം തടയാമത്രേ! മയക്കുമരുന്നിന്റെയും ലഹരിവസ്തുക്കളുടെയും വ്യാപനം തടയുവാൻ ഫലപ്രദമായ നടപടികൾ എന്തുകൊണ്ടാണ് സർക്കാർ സ്വീകരിക്കാത്തത്? എക്സൈസ്, പോലീസ് വകുപ്പുകളും മറ്റ് സർക്കാർ വകുപ്പുകളും എന്തുകൊണ്ട് ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നില്ല? ഭരണസ്വാധീനം ഉ

(ശേഷം 8-ാം പേജിൽ)




എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു

## ഉള്ളടക്കം


| പേജ് | |
|---|---|
| 4 | നവംബർ വിപ്ലവശതാബ്ദി |
| 7 | കർഷകർക്കുനേരെയുള്ള വെടിവയ്പ്പ് : അഖിലേന്ത്യാ പ്രതിഷേധദിനാചരണം |
| 8 | എഐഡിവൈഒ സെക്രട്ടേറിയറ്റ് മാർച്ച് |
| 9 | ലഹരിവിരുദ്ധ മാസാചരണം |
| 10 | കേരളം പകർച്ചപ്പനിയുടെ പിടിയിൽ |
| 11 | മെഡിക്കൽ ഫീസ് വർദ്ധനവ് |
| 12 | ഗോവധ നിരോധനം |
| 14 | മാർക്സിന്റെ 200 -ാം ജന്മവാർഷികം |
| | ഐഎൻപിഎ പ്രക്ഷോഭം |
| 16 | പുതുവൈപ്പ് സമരം |

# GST: കോർപ്പറേറ്റുകൾക്കും സർക്കാരിനും നേട്ടം, ജനങ്ങൾക്കുമേൽ ഭീമമായ അധികഭാരം

(1-ാം പേജിൽ നിന്ന്)

ൺ ജെയ്റ്റ്‌ലിയുടെ ഉറപ്പിന്മേൽ, എതിർപ്പിന്റെ ആ ചെറുസ്വരങ്ങൾ പോലും കെട്ടടങ്ങുകയുണ്ടായി. അങ്ങിനെ കുത്തകകളുടെ താൽപ്പര്യാർത്ഥമുള്ള ഈ പദ്ധതി യാതൊരു എതിർപ്പും കൂടാതെ നിലവിൽ വന്നു. ധനകാര്യ മന്ത്രി അവകാശപ്പെടുന്നത്, ജിഎസ്ടി നടപ്പിലാക്കുമ്പോൾ ഇന്ത്യ ഒരു ഏകീകൃത കമ്പോളമാക്കപ്പെടുകയും, നികുതിക്കുമേലുള്ള നികുതി ഒഴിവായി ചരക്കുകൾക്കും സേവനങ്ങൾക്കും വില കുറഞ്ഞ് വ്യാപാരത്തിന് വളരെയധികം സഹായകരമാകുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുമെന്നാണ്. ഇന്ത്യയുടെ ജിഡിപി വളർച്ചാനിരക്ക് പ്രതിവർഷം 2% വെച്ച് വർദ്ധിക്കുമെന്നും ജിഎസ്ടിയെ അനുകൂലിക്കുന്നവർ പറയുന്നു. നമുക്ക് ഈ അവകാശവാദത്തിന്റെ സാധുതയും, തുടർന്ന് എന്തുകൊണ്ട് ജിഎസ്ടി നടപ്പിലാക്കുന്നു എന്നും പരിശോധിക്കാം.

### മുതലാളിത്തത്തിനുള്ളിലെ പരിഷ്കരണനടപടികളൊന്നും ജനങ്ങൾക്ക് അനുകൂലമായിരിക്കില്ല

ജിഎസ്ടിയെ സംബന്ധിക്കുന്ന ചർച്ചകളിലേക്കു കടക്കുന്നതിനു മുമ്പേ ആവർത്തിക്കട്ടെ, ഭരിക്കുന്ന കുത്തകകളുടെ താൽപ്പര്യങ്ങൾ അനുസരിച്ചുള്ളതല്ലാതെ യാതൊരുവിധ പരിഷ്കാരമോ, നടപടിയോ, ചുവടുവെയ്പ്പോ ഒരു മുതലാളിത്തരാജ്യത്തിലെ ബൂർഷ്വാ സർക്കാർ ആലോചിക്കുകയോ കൈക്കൊള്ളുകയോ ഇല്ല. ഈ കാലഘട്ടത്തിലാകട്ടെ, അപരിഹാര്യമായി വളരുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ നിഷ്ഫലമെങ്കിലും, ആഗോളവൽക്കരണ-ഉദാരവൽക്കരണ കുറിപ്പടികളുമായി, വേവലാതിയോടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് മുഴുവൻ മുതലാളിത്ത-സാമ്രാജ്യത്വ ലോകവും. അതുകൊണ്ടുതന്നെ, മുതലാളിത്ത രാജ്യങ്ങളിലെ മുതലാളിത്ത ഭരണകൂടവും അവരുടെ രാഷ്ട്രീയ കാര്യകർത്താക്കളും സർക്കാരുകളും, സ്വദേശിയും വിദേശിയുമായ കുത്തകകളുടേയും കോർപ്പറേറ്റുകളുടേയും സ്ഥാപിതതാൽപ്പര്യങ്ങൾ സംരക്ഷിക്കുവാനുതകുന്ന നിയമങ്ങളും നിയന്ത്രണങ്ങളും ചട്ടങ്ങളും മാത്രമേ ആവിഷ്കരിക്കുകയുള്ളൂ. എന്നിട്ട്, ജനത്തെ തെറ്റിദ്ധരിപ്പിക്കാനായി, തങ്ങളുടെ വഞ്ചനയെ മറച്ചുവെക്കാനായി, കൈനിറയെ വാഗ്ദാനങ്ങളും ഉറപ്പുകളും നൽകും. അതുകൊണ്ടു തന്നെ, ഇത്തരം നടപടികളും നിയമങ്ങളും ചട്ടങ്ങളും പരിഷ്കാരങ്ങളും ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം കൊണ്ടുവരുമെന്ന് ആരെങ്കിലും പ്രതീക്ഷ വെച്ചു പുലർത്തിയാൽ, അതു സങ്കൽപ്പമോ ആത്മവഞ്ചനയോ മാത്രമാകും. അതേ സമയം, ഓരോ ദിവസവും കൂടുതൽ രൂക്ഷമായി കൊണ്ടിരിക്കുന്ന മുതലാളിത്ത പ്രതിസന്ധി മൂലം സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം തങ്ങളിലേക്ക് കൂടുതൽ ദൃഢീകരിച്ച് കേന്ദ്രീകരിക്കുന്നതിൽ നിർബന്ധബുദ്ധി കാണിക്കുകയാണ് കുത്തകമുതലാളിത്തം. അതിലൂടെ എതിർപ്പിന്റെ യഥാർത്ഥ സ്വരങ്ങളെ അട്ടിമറിക്കാനും, ഹീനമായ ലക്ഷ്യങ്ങളെ, മധുരം പുരട്ടിയ നിർദ്ദേശങ്ങളാൽ പൊതിഞ്ഞവതരിപ്പിച്ച് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും കുബുദ്ധിയോടെ ശ്രദ്ധ തിരിച്ചുവിടാനും അവർ ശ്രമിക്കുന്നു. ഇതു മനസ്സിലാക്കിക്കൊണ്ടു വേണം ജിഎസ്ടിയെ സംബന്ധിച്ച ചർച്ചകൾ നമ്മൾ നടത്താൻ. ഭാരതസർക്കാർ സ്വീകരിക്കുകയും നിരന്തരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന വിനാശകരമായ മുതലാളിത്ത-ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെയും നടപടികളുടെയും ഭാഗമായി തന്നെയാണ് ചരക്കു-സേവന നികുതി അവതരിപ്പിക്കുന്നതെന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അപ്പോൾ പ്രധാനചോദ്യം എന്നത്, ഈ നികുതിസംവിധാനം എത്രത്തോളം സുഗമവും ബുദ്ധിമുട്ടില്ലാത്തതുമായിരിക്കും എന്നതല്ല. മറിച്ച്, കേന്ദ്രീകരിച്ച്, ദൃഢീകരിക്കപ്പെട്ട ഈ ശക്തമായ ഏകീകൃത നികുതിസംവിധാനം ജനത്തിന്റെ ചോര എത്രത്തോളം ഊറ്റും എന്നതാണ് അറിയേണ്ടത്.

### ചരക്കു-സേവനനികുതി - കൂടുതൽ വിശദാംശങ്ങൾ

ചരക്കു-സേവന നികുതിയുടെ പ്രയോക്താക്കൾ വാദിക്കുന്നത്, വിവിധങ്ങളായ നികുതികളുള്ള സംവിധാനം നിലനിൽക്കുന്നതു മൂലം നികുതി വെട്ടിപ്പു മുതൽ തെറ്റായ നികുതി കണക്കുകൂട്ടലും തർക്കങ്ങളും വരെ, നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നാണ്. മാത്രവുമല്ല, നേരിട്ടുള്ള വിദേശനിക്ഷേപം, കൂട്ടുസംരംഭങ്ങൾ, തന്ത്രപരമായ സഖ്യങ്ങൾ എന്നീ വഴികളിലൂടെല്ലാം വിദേശനിക്ഷേപകർ കൂടുതലായി ഇന്ത്യൻ കമ്പോളത്തിലേക്ക് എത്തുന്ന സാഹചര്യത്തിൽ, നികുതിസംവിധാനത്തെ സുഗമമാക്കുകയെന്നത് അതീവപ്രാധാന്യമുള്ള ആവശ്യമാകുന്നു. കൂടാതെ, വിവിധങ്ങളായ നികുതി സംവിധാനങ്ങൾ നിലനിൽക്കുന്നത്, ഇരട്ടനികുതിയിലേക്കും നികുതിക്കുമേൽ നികുതിയിലേക്കും നയിക്കുന്നു. ജിഎസ്ടി ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കും. അന്തിമ ഉപഭോക്താവ്, വിതരണ ശൃംഖലയിലെ അവസാനവിൽപ്പനക്കാരൻ ചുമത്തുന്ന ജിഎസ്ടി മാത്രം ഒടുക്കിയാൽ മതിയാകും. (അതായത്, നേരത്തേ അടച്ച നികുതി വിതരണശൃംഖലയിലെ ശേഷമുള്ള ഘട്ടങ്ങളിൽ കുറവു ചെയ്യുന്നു)

യുക്തിരഹിതമായ എല്ലാത്തരം നികുതികളും നികുതിക്കുമേലുള്ള നികുതികളും ജിഎസ്ടി ഒഴിവാക്കും എന്നാണല്ലോ വക്താക്കൾ വാദിക്കുന്നത്. അത് എങ്ങിനെയാണ് നേടുന്നതെന്ന് അവർ വിശദീകരിക്കുന്നത് ഇപ്രകാരമാണ്. നിലവിൽ എല്ലാ നികുതികളും ഉൽപ്പാദനഘട്ടത്തിൽ ചുമത്തപ്പെടുമ്പോൾ ജിഎസ്ടിയാകട്ടെ ഉപഭോഗാധിഷ്ഠിത നികുതിയാണ്. നിലവിലുള്ള പ്രക്രിയ പ്രകാരം, ഉത്പാദനകേന്ദ്രത്തിൽ നിന്നും ഉൽപ്പന്നങ്ങൾ നീക്കുമ്പോൾ എക്സൈസ് ഡ്യൂട്ടിയും വിൽപ്പനവേളയിൽ വാറ്റും ചുമത്തപ്പെടുമ്പോൾ, അന്തിമ ഉപഭോഗം നടക്കുന്നിടത്തു മാത്രമേ ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ ചരക്കു സേവന നികുതി ചുമത്തപ്പെടുന്നുള്ളു. മറ്റു വാക്കുകളിൽ, വിതരണത്തിന്റെ അവസാനത്തിൽ മാത്രമേ ജിഎസ്ടി അടക്കേണ്ട ബാധ്യതയുണ്ടാകുന്നുള്ളു. വിതരണ ശൃംഖലയിലെ വിൽപ്പനയുടേയും വിതരണത്തിന്റെയും ഓരോ ഘട്ടത്തിലും മൂല്യവർദ്ധിത ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ നികുതി ശേഖരിക്കപ്പെടുന്നു. ചരക്കുകളുടേയും സേവനങ്ങളുടേയും സമ്പാദനവേളയിൽ ഈടാക്കപ്പെടുന്ന ജിഎസ്ടി, അന്തിമ ഉത്പ്പന്നത്തിനുമേൽ ഒടുക്കേണ്ട ജിഎസ്ടിയിൽ നിന്നും കുറവു ചെയ്യുന്നു. ഉത്പാദകനും, മൊത്തവിൽപ്പനക്കാരും, ചില്ലറവിൽപ്പനക്കാരുമെല്ലാം നിർണ്ണയിക്കപ്പെട്ട ജിഎസ്ടി നിരക്കുകൾ അടയ്ക്കുമെങ്കിലും നികുതി ക്രെഡിറ്റ് സംവിധാനത്തിലൂടെ അത് തിരികെ നേടുന്നു.

ഈ സംവിധാനം ലക്ഷ്യസ്ഥാനത്തിൽ അധിഷ്ഠിതമായതുകൊണ്ട് മൂന്നുതരം ജിഎസ്ടി ഉണ്ടാകും - സിജിഎസ്ടി അഥവാ കേന്ദ്ര ജിഎസ്ടി, എസ്ജിഎസ്ടി അഥവാ സംസ്ഥാന ജിഎസ്ടി, ഐജിഎസ്ടി അഥവാ അന്തർ സംസ്ഥാന ജിഎസ്ടി. ഒരു സംസ്ഥാനത്തിനകത്തു തന്നെ, ഉദാഹരണത്തിന്, കൊച്ചിയിൽ നിന്നും കൊല്ലത്തേക്ക് ചരക്കുകൾ നീങ്ങുകയാണെങ്കിൽ കേന്ദ്ര ജിഎസ്ടിയും സംസ്ഥാന ജിഎസ്ടിയും ഈടാക്കപ്പെടും. പിരിച്ചെടുക്കുന്ന നികുതിയുടെ ആനുപാതികവിഹിതം കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് ചെന്നുചേരും. ഇനി കൊല്ലത്തു നിന്നും തൃശൂരേക്ക് ചരക്ക് പുനർവിൽപ്പന നടത്തിയാലോ, അപ്പോഴും സംസ്ഥാനത്തിനകത്തു തന്നെ. കേന്ദ്ര ജിഎസ്ടിയും സംസ്ഥാന ജിഎസ്ടിയും ഈടാക്കപ്പെടും. വിൽപ്പനവില വർദ്ധിക്കുന്നു, അതുകൊണ്ടു തന്നെ നികുതി ബാധ്യതയും. ഇനി ചരക്കുകൾ കോയമ്പത്തൂരിലേക്ക് നീങ്ങുകയാണെങ്കിൽ, അത് സംസ്ഥാനത്തിനു പുറത്തേക്കാകുന്നു, അവിടെ അന്തർ സംസ്ഥാന ജിഎസ്ടി മാത്രം ബാധകമാകുന്നു. ഇത് പൂർണ്ണമായും കേന്ദ്രസർക്കാരിനുള്ളതാണ്.

ഇവിടെ വെളിവാകുന്നത്, അന്തിമവില അഥവാ ചില്ലറവിലയ്ക്കു മേൽ ചുമത്തപ്പെടുന്ന സംയോജിത ജിഎസ്ടിയിലൂടെയുള്ള മുഴുവൻ നികുതി തുകയും അന്തിമ ഉപഭോക്താവിൽ നിന്നാണ് ഈടാക്കുക. അന്തിമവില, ചരക്കുനീക്കത്തെയും വിതരണം നടക്കുന്ന സ്ഥലത്തെയും അടിസ്ഥാനമാക്കിയാകും. അതനുസരിച്ച് വില ഉയരുകയും ചെയ്യാം. ജിഎസ്ടിയുടെ പ്രയോക്താക്കൾ അവകാശപ്പെടുന്നത്, വിവിധ നികുതികളെ ജിഎസ്ടിയിലൂടെ ഏകീകരിക്കുമ്പോൾ, സംവിധാനത്തിലെ ഇരട്ട നികുതികൾ ഒഴിവായി, ഉപഭോക്താവിന് അവസാന വില കുറയുമെന്നാണ്. അവർ പറയുന്നത്, ഉപഭോക്തൃ ഉത്പന്നങ്ങൾക്ക് ഇപ്പോഴത്തെ നികുതി ഘടനയിൽ ഉത്പാദനച്ചെലവിന്റെ ഏകദേശം 25-26% വരെ നികുതി, എക്സൈസ് ഡ്യൂട്ടിയും വാറ്റും മൂലം ഉപഭോക്താവ് കൊടുക്കേണ്ടി വരുന്നുവെന്നാണ്. ജിഎസ്ടിയുടെ ആവിഷ്കർത്താക്കൾ പറയുന്നത് ജിഎസ്ടി നിരക്ക് 18-22 ശതമാനത്തിലാകുന്നതോടെ ചരക്കുകൾക്കും സേവനങ്ങൾക്കും നേരിയതോതിൽ വില കുറയുമെന്നാണ്. പക്ഷേ ജിഎസ്ടി നിയമത്തിൽ ഒരു അവിശ്വസനീയമായ വ്യവസ്ഥയുണ്ട്. നേരത്തേ ചൂണ്ടിക്കാട്ടിയതുപോലെ, നികുതിക്കുമേലുള്ള നികുതി ജിഎസ്ടി അവസാനിപ്പിക്കുമെന്നു പറയാനുള്ള കാരണം, ചരക്കുകളോ സേവനങ്ങളോ ഉത്പാദിപ്പിക്കുന്നതിനിടയിൽ വിൽക്കുന്നയാൾ ഒടുക്കേണ്ടി വന്നിട്ടുള്ളതായ നികുതിക്ക് പകരം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (Input Tax Credit) നേടുവാൻ വാങ്ങുന്നയാൾക്ക് അവകാശമുണ്ടാകുമെന്നതാണ്. എന്നാൽ നിയമത്തിൽ പറയുന്നതു പ്രകാരം, വിൽപ്പന നടത്തുന്നയാൾ ഇങ്ങനെ ജിഎസ്ടി അടച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം വാങ്ങുന്നയാൾക്കായിരിക്കും. ഈ ശ്രമകരമായ നിബന്ധനയുടെ നടപ്പിലാക്കലിന്റെ പ്രായോഗികത സംശയമുണർത്തുകയാണ്. സ്വാഭാവികമായും ഉയരുന്ന ചോദ്യം, അങ്ങനെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സാധ്യമല്ലെങ്കിൽ പിന്നെ നികുതിക്കുമേൽ നികുതി എന്നത് എങ്ങനെ ഒഴിവാക്കപ്പെടും എന്നതാണ്. മാത്രവുമല്ല, അങ്ങനെ നികുതിക്കുമേൽ നികുതി നിലനിൽക്കുകയാണെങ്കിൽ പിന്നെങ്ങനെയാണ് ഈ പരിഷ്കരിച്ച നികുതിസംവിധാനത്തിന് നിലവിലുള്ളതിനേക്കാൾ മേൽക്കോയ്മ അവകാശപ്പെടാനാകുക? ഈ പ്രധാന ചോദ്യങ്ങൾക്കെല്ലാം ഉത്തരം തേടുന്നതിന്, ചരക്ക്-സേവന നികുതിക്കുപിന്നിലെ തത്വത്തിന് എന്തെങ്കിലും പുതുമയുണ്ടോ എന്ന് അന്വേഷിക്കുന്നതും നന്നായിരിക്കും.

### ചരക്കു-സേവനനികുതിക്കു പിന്നിലെ ആശയത്തിന് എന്തെങ്കിലും പുതുമയുണ്ടോ?

നമുക്ക്, മൂല്യവർദ്ധിത നികുതി അഥവാ വാറ്റ് അവതരിപ്പിച്ച 2005 ഏപ്രിൽ 1 - ലേക്ക് ഒന്ന് തിരിച്ചു പോകാം. അതിനുമുമ്പ് നികുതിനയങ്ങളുടെ കർത്താക്കൾ വാദിച്ചത്, വരുമാന നികുതി, സ്വത്തു നികുതി, മുനിസിപ്പൽ നികുതികൾ തുടങ്ങിയ പ്രത്യക്ഷ നികുതികളിലൂടെ സമാഹരിക്കുന്ന വരുമാനം വികസനത്തിനാവശ്യമായ തുകയേക്കാൾ എത്രയോ കുറവാണെന്നാണ്. അപ്പോൾ, വരുമാനം കുറവായതുകൊണ്ട് പ്രത്യക്ഷ നികുതികൾ അടയ്ക്കാൻ കഴിവില്ലാതിരുന്ന പാവപ്പെട്ടവരെയുംകൂടി നികുതി അടയ്ക്കാൻ നിർബന്ധിതരാക്കി. അങ്ങനെ, ചരക്കുകളുടെയും സേവനങ്ങളുടെയും കമ്പോളവിലയുടെ ഭാഗമായി സാധാരണക്കാരും വഹിക്കേണ്ടി വരുന്ന പരോക്ഷനികുതിയുടെ സിദ്ധാന്തം ഉണ്ടായി. ബൂർഷ്വാ ഭരണകൂടം അന്ന് ഒളിപ്പിച്ചതും ഇപ്പോഴും ഒളിപ്പിച്ചുകൊണ്ടേയിരിക്കുന്നതുമായ വസ്തുതയെന്തെന്നാൽ, പൊതുജനാവിൽ പണമില്ലാതെയാകുന്നത് പ്രത്യക്ഷ നികുതിയിലൂടെയുള്ള ധനസമാഹരണത്തിലെ കുറവുകൊണ്ടല്ല. അതിന്റെ കാരണം, വമ്പൻ വ്യവസായികളും, കുത്തകകളും, അതിസമ്പന്നരുമൊക്കെ ശിക്ഷാഭീതി ലവലേശമില്ലാതെ നിയമം വളച്ചൊടിച്ച്, പൊതുഖജനാവിനെ വഞ്ചിച്ച്, വൻതോതിൽ നികുതിവെട്ടിപ്പും നികുതി ഒഴിവാക്കലും നടത്തുന്നതാണ്. ഇക്കൂട്ടർ, തങ്ങളുടെ യഥാർത്ഥ വരുമാനം ജാഗ്രതയോടെ ഒളിപ്പിക്കുകയും, സാമ്പത്തികവ്യവസ്ഥയെ ക്ഷീണിപ്പിക്കുന്ന തരത്തിൽ വൻതോതിൽ കള്ളപ്പണം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതിനൊക്കെ പുറമേ, വൻവ്യവസായികൾക്ക് അന്യായവും യുക്തിരഹിതവുമായ നികുതിയിളവുകൾ നൽകിയും, മനഃപൂർവം നികുതി വെട്ടിപ്പുനടത്തുന്ന വമ്പന്മാരോട് നീതീകരിക്കാനാകാത്ത ദാക്ഷിണ്യം കാണിച്ചും, സർക്കാർ തന്നെയാണ് വരുമാനത്തിൽ വൻതോതിൽ കുറവുവരുത്തുന്നത്. അപ്പോൾ, അടിക്കടി വർദ്ധിപ്പിക്കുന്ന പരോക്ഷനികുതികൾ അടിച്ചേൽപ്പിക്കാനുള്ള തീരുമാനം, നിർദ്ദയമായ മുതലാളിത്ത ചൂഷണത്താൽ പാപ്പരാക്കപ്പെട്ട ദശലക്ഷങ്ങളുടെ പോക്കറ്റുകൾ വീണ്ടും ചോർത്തുന്നു. ഇതിന് നിരത്തിയ കാരണങ്ങളാകട്ടെ, ദുർബലവും കുറ്റകരമായ വഞ്ചനയുമാണ്.

തുടർന്ന്, മുതലാളിത്ത-ആഗോളീകരണ-ഉദാരീകരണ നയങ്ങളുടെ ഭാഗമായി മൂല്യവർദ്ധിത നികുതി അഥവാ വാറ്റ് അവതരിപ്പിക്കപ്പെടുന്നു. അവിടെയും, വർദ്ധിച്ച പരോക്ഷനികുതികളുടെ ഭാരം സാധാരണക്കാരൻ ചുമലിലേറ്റാൻ നിർബന്ധിതമാകുന്ന നയമായിരുന്നു. കേന്ദ്രധനകാര്യമന്ത്രാലയം രൂപീകരിച്ച സംസ്ഥാന ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാരസമിതി, 2005 ജനുവരി 17നു പുറത്തിറക്കിയ ധവളപത്രത്തിന്റെ ആമുഖം നോക്കാം. അന്നത്തെ പശ്ചിമ ബംഗാൾ ധനകാര്യമന്ത്രിയായിരുന്ന സിപിഐ(എം)ലെ അസിം ദാസ്ഗുപ്ത അദ്ധ്യക്ഷനായിരുന്ന ഈ സമിതി അവകാശപ്പെട്ടത് ഇങ്ങനെയായിരുന്നു, 'വാറ്റ്...മറ്റനേകം നികുതികളുടെ - ടേൺ ഓവർ ടാക്സ്, സർചാർജുകൾ തുടങ്ങിയവ, ദുരിതം ഒഴിവാക്കും... വാറ്റ് നികുതി അടവ് മെച്ചപ്പെടുത്തും,റവന്യൂ വളർച്ച ത്വരിതപ്പെടുത്തും, അങ്ങനെ സാധാരണക്കാരെ, വ്യാപാരികളെ, വ്യവസായികളെ, സർക്കാരിനെ ഒക്കെ സഹായിക്കും. വാറ്റ് അവതരിപ്പിച്ചപ്പോഴും വാദിച്ചത്, അപ്പോൾ നിലനിന്നിരുന്ന ഇരട്ടനികുതികളും, നികുതിക്കുമേലുള്ള നികുതിയുമൊക്കെ വിതരണശൃംഖല

(ശേഷം 3-ാം പേജിൽ)




തൃപ്പൂണിത്തുറയിൽ നടന്ന പ്രതിഷേധ ദിനാചരണയോഗത്തിൽ എസ്‌യുസിഐ(സി) എറണാകുളം ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു

# GST : രാജ്യവ്യാപകമായ ജനകീയ പ്രതിരോധം വളർത്തിയെടുക്കണം

*(2-ാം പേജിൽ നിന്ന്)*

യുടെ ഓരോ ഘട്ടത്തിലും ഇൻപുട്ട് ടാക്സിനുമേൽ മാറ്റിവെക്കപ്പെട്ട ആനുകൂല്യങ്ങളാക്കി, വാറ്റ് സംവിധാനം ഇല്ലാതാക്കുമെന്നായിരുന്നു. യഥാർത്ഥത്തിൽ, 2004-ൽ അവതരിപ്പിക്കപ്പെട്ട സെൻവാറ്റ് (കേന്ദ്രവാറ്റ്) ക്രെഡിറ്റ് പദ്ധതിയിലും, ഉൽപാദനത്തിന്റെ ആദ്യഘട്ടങ്ങളിൽ അടച്ച എക്സൈസ് ഡ്യൂട്ടിയുടെ ക്രെഡിറ്റ്, ചരക്കുകളുടെ നീക്കത്തിനുള്ള എക്സൈസ് ഡ്യൂട്ടിയുടെ ബാധ്യതയിൽ നിന്നും കുറവുചെയ്തിരുന്നു. ജിഎസ്ടിയും ഇതേ വാഗ്ദാനങ്ങളോടെ, പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയതാണ്. നിരവധി നികുതികൾക്കുപകരം ഏകനികുതി എന്ന വ്യത്യാസം മാത്രം.




**ബാംഗ്ലൂരിൽ നടന്ന ജിഎസ്ടി വിരുദ്ധ പ്രതിഷേധറാലി**

### വാറ്റ് ജനത്തിനെന്തെങ്കിലും ആശ്വാസം നൽകിയോ അതോ അവരുടെ ജീവിതം ദുസ്സഹമാക്കിയോ?

പക്ഷേ എന്താണ് സാധാരണജനത്തിന്റെ അനുഭവം? ഏതെങ്കിലും ഉറപ്പുകളും വാഗ്ദാനങ്ങളും സത്യമായോ? മറിച്ച്, അങ്ങേയറ്റം അഴിമതിഗ്രസ്തമായ നികുതി നിർവ്വഹണത്തെ - മരണാസന്നമായ മുതലാളിത്തത്തിന്റെ അനിവാര്യതയാണിത്, മെച്ചപ്പെടുത്തുവാനുള്ള എന്തെങ്കിലും നടപടികൾ ഉണ്ടായോ? നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ വർദ്ധിച്ചത് കൂടുതൽ അന്യായങ്ങൾക്ക് വഴി തുറന്നു. നികുതിദായകർക്കുമേലുള്ള ഉപദ്രവം വർദ്ധിക്കുമ്പോൾ അതിനു പരിഹാരം കാണുന്നതിനായി, ഒന്നുകിൽ അഴിമതിക്കാരായ നികുതി ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുക്കാനോ, അല്ലെങ്കിൽ അഴിമതി നിറഞ്ഞ ഭരണത്തിന്റെ മൗനാനുവാദത്തോടെ നികുതി വെട്ടിക്കാനോ ശ്രമിക്കുന്നു. മറുവശത്ത്, ചരക്കുകളുടെയും സേവനങ്ങളുടെയും അടിസ്ഥാനവിലയിൽ വാറ്റ് നികുതി കൂട്ടിച്ചേർക്കുകയും, അന്തിമവിലയുടെകൂടെ ഉപഭോക്താവ് അതും അടയ്ക്കുകയും ചെയ്യുന്നു. ഇൻപുട്ട് ടാക്സ് ഉൾക്കൊള്ളിക്കുന്നത് സംബന്ധിയായ അവകാശവാദങ്ങൾ പൊള്ളയാണെന്നുതെളിഞ്ഞു. സാധാരണക്കാരെ ഞെക്കിപ്പിഴിഞ്ഞ് പരോക്ഷനികുതി വർദ്ധിപ്പിക്കാനുള്ള തന്ത്രപരമായ നീക്കം. ഇതു കാരണം, ജനങ്ങളുടെ ജീവിതം തകർത്തുകൊണ്ടിരിക്കുന്ന വിലക്കയറ്റത്തിന് യാതൊരു കുറവും ഉണ്ടാകുന്നില്ല. എന്തുകൊണ്ടാണ് വാറ്റ് നടപ്പിലാക്കാൻ കുത്തകകൾ വളരെ വ്യഗ്രത കാണിച്ചതെന്നും, അവരുടെ പിണിയാളുകളായ രാഷ്ട്രീയക്കാരും സാമ്പത്തികശാസ്ത്രജ്ഞരും അതിനെ വലിയ പുതുമയായി വിശേഷിപ്പിച്ചതെന്നും ഇപ്പോൾ വളരെ വ്യക്തമാണ്. വാറ്റിനെ സംബന്ധിച്ച ഞങ്ങളുടെ വിശകലനത്തിൽ (പ്രോലിറ്റേറിയൻ ഇറ - 2005 മാർച്ച് 1), എത്രത്തോളം കൊടിയ അപകടം നിറഞ്ഞതാണ് വാറ്റിന്റെ അവതരണമെന്ന് ഞങ്ങൾ വിശദമാക്കിയിരുന്നു. നടമാടുന്ന സാമ്പത്തിക ഭീകരതക്കുമേൽ സാധാരണജനങ്ങൾ എത്രത്തോളം അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും, വർദ്ധിച്ച ചെലവിന്റെ ഭാരം അന്തിമവിലയിൽ കയറ്റിവച്ചതിനാൽ സാധാരണ ഉപഭോക്താക്കളാകും ദുരിതം പേറേണ്ടിവരികയെന്നും ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. മാർക്സിസ്റ്റ് വിശകലനത്തിലും രീതിശാസ്ത്രത്തിലും അടിസ്ഥാനപ്പെടുത്തിയ ഞങ്ങളുടെ വിശദീകരണം എത്രത്തോളം ശരിയായിരുന്നു എന്ന്, ജനങ്ങൾ ഇപ്പോൾ അവരുടെ അനുഭവത്തിലൂടെ മനസ്സിലാക്കുന്നു.

### വാറ്റിന്റെ അനുഭവം ലോകമെമ്പാടും ഒരുപോലെ വിനാശകരമായിരുന്നു

വാറ്റ് അവതരിപ്പിക്കുന്ന സമയത്ത് അതിന്റെ പ്രായോജകർ പറഞ്ഞത്, വിവിധ രാജ്യങ്ങളിലെ അധ്വാനിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ അനുഭവം വളരെ പുരോഗമനകരം ആയിരുന്നു എന്നാണ്. അതിന് ഉദാഹരണമായി അവർ ചൂണ്ടിക്കാണിച്ച രാജ്യങ്ങളിലൊന്ന് ബ്രസീലായിരുന്നു. എന്നാൽ ഭീമമായ വിലവർദ്ധനവുമൂലം ഇപ്പോൾ ബ്രസീലിന്റെ സമ്പദ്ഘടന സമ്പൂർണ്ണ തകർച്ചയുടെ വക്കിലാണ്. ഇതിന്റെ പാഠം എന്തെന്നാൽ, ഏതെങ്കിലും സാമ്പത്തിക പുനഃസംഘടനയോ, സാമ്പത്തിക പരിഷ്കരണമോ, നികുതിഘടനയിലെ മാറ്റങ്ങളോ നമ്മൾ നോക്കിക്കാണുന്നത്, മുതലാളിത്തത്തിന്റെ അടിസ്ഥാനനിയമത്തിൽനിന്നും മാറിനിന്നുകൊണ്ടാണെങ്കിൽ, നികുതിപരിഷ്കരണംകൊണ്ട് ജനങ്ങൾക്ക് ലഭിച്ചേക്കാവുന്ന മെച്ചത്തെക്കുറിച്ചുള്ള തെറ്റായ ഊഹങ്ങളുണ്ടാക്കുന്ന തെറ്റിദ്ധാരണകളുടെ വലയത്തിൽ ഒരാൾ അകപ്പെടും എന്നത് തീർച്ചയാണ്.

രണ്ടാമതായി, വാറ്റിനെ സംബന്ധിച്ച ചോദ്യത്തിലും മുതലാളിത്ത ലോകത്തിലെ സാമ്പത്തികശാസ്ത്രജ്ഞർക്കും നയകർത്താക്കൾക്കുമിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. വാറ്റ് വിരുദ്ധ ലോബി വാദിക്കുന്നത്, വാറ്റ് നടപ്പിലാക്കിയ രാജ്യങ്ങളിലെ ജനങ്ങൾക്ക് മറ്റ് രാജ്യങ്ങളിലെ ജനങ്ങളേക്കാൾ കൂടുതൽ നികുതിഭാരം പേറേണ്ടിവരുന്നു എന്നതാണ്. വിരോധാഭാസമെന്നു പറയട്ടെ, ഇന്ത്യൻ ഭരണാധികാരികളേക്കാൾ ഒരു ദശകം മുമ്പേ തന്നെ സമാനമായ വാദഗതികളോടെ വാറ്റ് അവതരിപ്പിച്ചതിൽ മുൻപന്തിയിൽ നിന്നതാണ് യൂറോപ്യൻ യൂണിയനിലെ സാമ്രാജ്യത്വ ഭരണാധികാരികൾ. എന്നാലിന്ന്, കൊട്ടിഘോഷിക്കപ്പെട്ട യൂറോപ്യൻ യൂണിയൻ കടുത്ത സാമ്പത്തികപ്രയാസങ്ങൾക്കു നടുവിലാണെന്നു മാത്രമല്ല, അവരുടെ നിലനിൽപ്പു തന്നെ ഭീഷണിയിലായിരിക്കുന്നു. ഇത് വാറ്റ് കാരണമാണെന്നല്ല. എന്നാൽ ഒരു സമ്പദ്ഘടനയിൽ വാറ്റ് ഉണ്ടോ ഇല്ലയോ എന്നത് അതിന്റെ മൊത്തത്തിലുള്ള സാമ്പത്തിക നിർവഹണത്തിലോ, ജനങ്ങളുടെ സാമ്പത്തികസാഹചര്യം മെച്ചപ്പെടുത്തുന്നതിലോ വലിയ വ്യത്യാസങ്ങൾ ഉണ്ടാക്കുന്നില്ല എന്നതാണ് കാണിക്കുന്നത്.

### ജിഎസ്ടിയുടെ ഫലവും വ്യത്യസ്തമാകില്ല

ജിഎസ്ടിയുടെ പൊള്ളത്തരത്തെക്കുറിച്ചു മനസ്സിലാക്കുവാൻ വാറ്റിനെ സംബന്ധിച്ച ഈ ചെറുചർച്ച സഹായിക്കുമെന്ന് ഞങ്ങൾ കരുതുന്നു. ഇതിനകം 160-ഓളം രാജ്യങ്ങളിൽ ജിഎസ്ടിയോ വാറ്റോ നടപ്പാക്കിയിട്ടുണ്ട്. 1954-ൽ ജിഎസ്ടി അവതരിപ്പിച്ച ആദ്യരാജ്യം ഫ്രാൻസാണ്. അവിടത്തെ സാധാരണജനങ്ങൾക്ക് അത് ഏതു രീതിയിൽ ഗുണകരമായി? നികുതിഭാരം കുറഞ്ഞോ? വിലകൾ കുറഞ്ഞോ? വ്യക്തമായും ഉത്തരം ഇല്ല എന്നു തന്നെയാണ്. പകരം, ഈ ഏകീകൃത നികുതിഘടനയുടെ പിന്നിലെ തലച്ചോറുകൾ കണക്കുകൾ നിരത്തി എന്തൊക്കെ അവകാശപ്പെട്ടാലും, ജിഎസ്ടി കച്ചവടത്തിൽ ലാഭം പെരുപ്പിക്കാനാണ് സഹായിച്ചിട്ടുള്ളത്. ഒന്നാമതായി, ജിഎസ്ടി ലക്ഷ്യസ്ഥാനത്തിൽ അടിസ്ഥാനമാക്കിയ നികുതിയാണ്. ജിഎസ്ടിയുടെ വക്കീലന്മാരുടെ വാദമെന്തെന്നാൽ, ഉപഭോഗത്തിനുമേലുള്ള നികുതിയാണ് ഉത്പാദനത്തിനുമേൽ നികുതി ചുമത്തുന്നതിലും ബുദ്ധിപരം. കാരണം ഒരു വ്യക്തി സ്വയമേവയാണ് ഒരു ഉത്പ്പന്നമോ സേവനമോ വാങ്ങി ഉപയോഗിക്കുന്നത്. അതുകൊണ്ടു തന്നെ നികുതി അടക്കേണ്ടതുണ്ട്. അവർ അഭിപ്രായപ്പെടുന്നത്, വരുമാനനികുതിയിലോ പ്രത്യക്ഷനികുതികളിലോ, ഒരാൾ സമ്പാദിക്കുന്നോ ചെലവാക്കുന്നോ എന്നു നോക്കാതെ അയാളെ ശിക്ഷിക്കുകയാണ്. എന്നാൽ ഉപഭോഗത്തിൽ ഊന്നിയ ആശയത്തിൽ, ഒരാൾക്ക് അയാളുടെ താത്പര്യത്തിൽ ചെയ്യുന്ന ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി മാത്രമേ ഉണ്ടാകുന്നുള്ളു. ഇതാണ് ഈ നിർദ്ദേശത്തിന്റെ മർമ്മഭാഗം. പരമാവധി ലാഭം നേടാനായി, ചരക്കുകളോ സേവനങ്ങളോ ഉൽപാദിപ്പിക്കുന്ന ഒരു മുതലാളിത്ത ഉൽപാദകനെയോ നിക്ഷേപകനെയോ ശിക്ഷിക്കാൻ പാടില്ല. എന്നാൽ ജീവൻ നിലനിർത്തുന്നതിനായാൽ പോലും, ഉപഭോഗം നടത്തുന്ന സാധാരണക്കാരനെ ശിക്ഷിക്കാം. മരണാസന്നമായ ഇന്നത്തെ മുതലാളിത്തത്തിന്റെ ബൂർഷ്വാ സാമ്പത്തികശാസ്ത്ര നിഘണ്ടുവിൽ മാത്രം കാണാൻ കഴിയുന്ന, കപടമായ വാദഗതികളെ പിന്തുണക്കുവാനായി ഒരു ബ്ലോഗർ ഇന്റർനെറ്റിൽ നൽകിയ, സെൽഫോണുകളുടെ വിൽപ്പനയെ അടിസ്ഥാനമാക്കിയ രണ്ട് താരതമ്യ പട്ടികകൾ പരിശോധിച്ചപ്പോൾ, ജിഎസ്ടിക്കു കീഴിലാണ് വിതരണക്കാരൻ കൂടുതൽ ലാഭം ഉണ്ടാക്കുന്നതെന്ന് കാണാൻ കഴിഞ്ഞു. ജിഎസ്ടിയിൽ ബില്ലോടു കൂടിയ വിൽപ്പനവില 17400 രൂപയും ജിഎസ്ടിക്കു പുറത്ത് അത് 15600 രൂപയുമായിരുന്നു. ഇതുവഴി സാമാന്യബോധമുള്ള ഏതൊരാൾക്കും മനസ്സിലാകും കമ്പോളത്തിൽ നിന്നും വാങ്ങുന്ന ഒരു സാധാരണ ഉപഭോക്താവ് ഇവിടെ കൂടുതൽ വില നൽകേണ്ടി വരുമെന്ന്.

ഇന്ന് വാറ്റ് മൂലം എന്താണ് സംഭവിക്കുന്നത്? 15 ശതമാനവും മൊത്തം നികുതി ഘടകമായി അന്തിമവിലയിൽ ചേർക്കുകയാണ്. ഇവിടെ വാങ്ങുന്നയാളിനെ സംബന്ധിച്ചിടത്തോളം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉണ്ടോ, ഇരട്ട നികുതി ഒഴിവാക്കിയോ എന്നൊന്നും പരിശോധിക്കാൻ യാതൊരു മാർഗ്ഗവുമില്ല. ജിഎസ്ടിയിലും ഇതേ സംവിധാനം തന്നെ പ്രവർത്തിക്കും. വിതരണശൃംഖലയുടെ ഏതു ഘട്ടത്തിൽ, ആര് എത്ര നിരക്കിൽ നികുതി അടക്കുന്നു എന്നത് അവിടെ വിഷയമാകുന്നില്ല. ഒരു നിരീക്ഷകന്റെ അഭിപ്രായത്തിൽ, ഇന്ന് 15% നിരക്കിൽ നികുതി ഈടാക്കുന്ന സേവനങ്ങൾക്ക് ജിഎസ്ടി വരുമ്പോൾ 18-22 ശതമാനമോ അതിലും കൂടുതലോ ആയി നികുതി ഉയരുന്നതിനാൽ, വില കൂടുമെന്നു പ്രതീക്ഷിക്കുന്നു. മാത്രവുമല്ല, ഇപ്പോൾത്തന്നെ ഉയർന്ന നിരക്കുകളിലുള്ള പരോക്ഷനികുതിക്കുമേൽ വിവിധ പേരുകളിൽ സെസ്സുകൾ അടിച്ചേൽപ്പിക്കുന്ന പ്രവണത സർക്കാരുകൾക്കുണ്ട്. കഴിഞ്ഞ ബജറ്റുകളിൽ അടിച്ചേൽപ്പിക്കപ്പെട്ട സ്വച്ഛഭാരത് സെസ്സ്, കൃഷികല്ല്യാൺ സെസ്സ് എന്നിവ തന്നെ ഉദാഹരണം. ജിഎസ്ടിക്കു കീഴിലും സെസ്സുകൾ തുടരുമോ എന്നതിൽ വ്യക്തതയില്ല. അങ്ങനെ തുടർന്നാൽ അക്ഷരാർത്ഥത്തിൽ ജനം ചോരവാർന്നു വിളറി വെളുക്കും.

### ജിഎസ്ടിയിലൂടെ മോദി സർക്കാർ ലക്ഷ്യമിടുന്നതെന്ത്?

സ്വാഭാവികമായും ഇവിടെ ഒരാൾ ചോദിക്കുക, പിന്നെ എന്തുകൊണ്ട് ജിഎസ്ടി എന്നാണ്. ഉത്തരം എളുപ്പമാണ്. ഇന്ത്യൻ കുത്തകകളുടെ വർഗ്ഗപരമായ ആവശ്യമാണത്. നികുതി പിരിവിന്റെ അധികാരത്തെ കേന്ദ്രീകരിച്ച്, നികുതി കണക്കാക്കലുമായി ബന്ധപ്പെട്ട സങ്കീർണ്ണ പ്രക്രിയകളിൽ നിന്നും വ്യവസായലോകത്തിനും, കോർപ്പറേറ്റ് ഭീമന്മാർക്കും, വൻകിട കച്ചവടക്കാർക്കും ആശ്വാസം നൽകുകയെന്നതാണ് ഇതിന്റെ ഉദ്ദേശം എന്നു കാണാം. പകരം അവർ ജിഎസ്ടിയുടെ രൂപത്തിൽ ഏകീകരിച്ച നികുതി അടയ്ക്കുകയും, പിന്നീടത് ഉപഭോക്താവിന്റെ കീശയിൽ നിന്നും, ഇപ്പോഴുള്ള വാറ്റും സർവീസ് ടാക്സും പോലെ, എളുപ്പത്തിൽ തിരിച്ചുപിടിക്കുകയും ചെയ്യും. ഇത് നികുതി തർക്കങ്ങൾക്കു മേലുള്ള കോടതിവ്യവഹാരങ്ങൾ കുറയ്ക്കും. പ്രത്യേകിച്ചും നേരിട്ടുള്ള വിദേശ നിക്ഷേപം വഴിയും, കൂട്ടു സംരംഭങ്ങൾ വഴിയും ഇന്ത്യൻ വിപണിയിലേക്ക് വിദേശസ്ഥാപനങ്ങൾ കടന്നു വരുമ്പോൾ. വാസ്തവത്തിൽ, നികുതി നിയമങ്ങൾ ലഘൂകരിക്കാൻ വിദേശ കുത്തകകളും ആവശ്യപ്പെടുന്നു. കാരണം, ഇന്ത്യയിലെ വ്യാപാരത്തിൽ നിന്നുള്ള ലാഭം വർദ്ധിപ്പിക്കുന്നതിലും അത് കടത്തിക്കൊണ്ടുപോകുന്നതിലും യാതൊരു തടസ്സവും അവർ ആഗ്രഹിക്കുന്നില്ല. പ്രത്യേകിച്ചും, അടുത്തിടെ നേരിട്ടുള്ള വിദേശ നിക്ഷേപം ഉദാരമാക്കിയ പ്രതിരോധം, ചില്ലറ വിൽപ്പന, ഔഷധ മേഖല, വിദ്യാഭ്യാസം, സാമ്പത്തികമേഖല തുടങ്ങിയവയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർ, ജിഎസ്ടിക്കായി സമ്മർദ്ദം ചെലുത്തിയിരുന്നു. വിദേശ മൂലധനത്തിന് ഈ ആനുകൂല്യം നൽകാൻ ആഗ്രഹിക്കുന്ന, ഭരിക്കുന്ന ഇന്ത്യൻ കുത്തകകളും തത്തുല്യമായി ഇത് തന്നെ ആവശ്യപ്പെടുന്നു. കാരണം, അതിലൂടെ അവരുടെ അന്താരാഷ്ട്ര നിക്ഷേപങ്ങൾക്കും സമാനമായ ആനുകൂല്യങ്ങൾ വിലപേശി നേടിയെടുക്കാനാകും. ഒപ്പം, ആഭ്യന്തര വ്യാപാരത്തിൽ എല്ലാ നേട്ടങ്ങളും ആസ്വദിക്കാനുമാകും. അപ്പോൾ ഈ പദ്ധതി മുഴുവനായും ജനങ്ങളുടെ താത്പര്യത്തിനു വിരുദ്ധവും, അടിച്ചമർത്തി ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ വർഗ്ഗതാത്പര്യത്തിന് അനുഗുണമായി രൂപകൽപ്പന ചെയ്തതുമാണ്.

### ജിഎസ്ടിയുടെ ജനവിരുദ്ധസ്വഭാവം ഒരു വ്യവസ്ഥാപിത പ്രതിപക്ഷകക്ഷിയും ചൂണ്ടിക്കാട്ടിയില്ല

ഇവിടെ ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, ചരക്കു-സേവന നികുതിക്കെതിരെ നേരിയ എതിർപ്പുകൾ ഉയർത്തിയ കക്ഷികളിൽ ഒന്നുപോലും, ജനതാത്പര്യത്തിനു വിരുദ്ധമായ ജിഎസ്ടിക്കെതിരേ ഇത്തരം ചോദ്യങ്ങളൊന്നും ഉയർത്തിയില്ല. അവരുടെ എതിർപ്പുകളൊക്കെത്തന്നെയും, സംസ്ഥാനങ്ങൾക്കായി മാറ്റിവെക്കപ്പെടുന്ന ജിഎസ്ടി വരുമാനത്തിന്റെ ശതമാനത്തെ ചുറ്റിപ്പറ്റിയായിരുന്നു. കൂടാതെ, സംസ്ഥാനങ്ങൾക്ക് അവരുടേതായ നികുതികൾ ഏർപ്പെടുത്തി അധികവരുമാനം കണ്ടെത്താനാകുമോ, എന്നൊക്കെയുള്ള ചോദ്യങ്ങളാണ് ഉണ്ടായിരുന്നത്. സിപിഐ(എം)ന്റെ പോലും ആകെ എതിർപ്പ്, ജിഎസ്ടി നിലവിൽ വന്നു കഴിഞ്ഞാൽ, സംസ്ഥാന സർക്കാരുകൾക്ക് വിഭവസമാഹരണത്തിനായി അവശേഷിക്കുന്ന അധികാരങ്ങളും നഷ്ടപ്പെട്ടുപോകും എന്നതായിരുന്നു. ദേശീയദുരന്തങ്ങൾ ഉണ്ടാകുമ്പോഴും, ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള വികസന പദ്ധതികൾ നടപ്പാക്കാനും, ഫണ്ടിനായി സംസ്ഥാന സർക്കാരുകൾക്ക് ഇനി കേന്ദ്ര സർക്കാരിന്റെ ദയക്കായി കാത്തുനിൽക്കണം. അതുകൊണ്ടു തന്നെ, ജിഎസ്ടി നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാനനഷ്ടം പരിഹരിക്കുന്നതിനുള്ള സംവിധാനം കൃത്യമായി ഉണ്ടാകേണ്ടതുണ്ട്. എന്നാലിപ്പോൾ, തന്റെ സർക്കാരിന് ജിഎസ്ടി നിയമത്തോട് എതിർപ്പില്ലെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി, പിണറായി വിജയൻ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. അതായത്, സിപിഐ(എം) നേരത്തെ പൊതുജനത്തെ ബോധ്യപ്പെടുത്താനെന്നോണം പ്രകടിപ്പിച്ച ചെറിയ എതിർപ്പു പോലും ഇപ്പോൾ നിലനിൽക്കുന്നില്ലെന്നു കരുതണം. സഹിക്കാൻ വിധിക്കപ്പെട്ട ജനങ്ങളെ കൂടുതൽ ദുരിതത്തിലേക്കു തള്ളിവിടാനായി നടപ്പിലാക്കുന്ന ജിഎസ്ടിക്കു മേൽ ഉരുത്തിരിഞ്ഞ സമവായത്തിന്റെ ഭാഗമായി അവരും മാറിക്കഴിഞ്ഞിരിക്കുന്നു.

### ജനങ്ങൾ പ്രതിരോധിക്കണം

ഉലയുന്ന സാമ്പത്തിക അടിത്തറയെ തകർച്ചയിൽ നിന്നും രക്ഷിക്കാനായി, തങ്ങളുടെ സാമ്പത്തികശക്തിവർദ്ധിപ്പിക്കാനുള്ള അവസാനശ്രമത്തിനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന, ഇന്ത്യയിലെ ഭരണവർഗ്ഗമായ മുതലാളിവർഗ്ഗം, അതിനായി തുടങ്ങിവെച്ച വൻതോ

*(ശേഷം 5-ാം പേജിൽ)*



## മഹത്തായ നവംബർ വിപ്ലവം

# സോഷ്യലിസ്റ്റ് വിപ്ലവ വിജയത്തിന്റെ യുഗം വിളംബരം ചെയ്തു

**(മഹത്തായ നവംബർ വിപ്ലവ ശതാബ്ദിയോടനുബന്ധിച്ച് 2017 മാർച്ച് 15 ലക്കം മുതൽ 'പ്രോലിറ്റേറിയൻ ഇറ' പ്രസിദ്ധീകരിച്ചുവരുന്ന ലേഖന പരമ്പരയിലെ അവസാന ലേഖനങ്ങളുടെ പരിഭാഷയാണ് ചുവടെ ചേർക്കുന്നത്. ബോൾഷെവിക് പാർട്ടി രൂപംകൊണ്ടതെങ്ങനെയെന്നും മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ലെനിന്റെ നേതൃത്വത്തിൽ വിപ്ലവം വിജയം നേടിയതെങ്ങനെയെന്നുമാണ് ഈ ലേഖനങ്ങളിൽ ഹ്രസ്വമായി പ്രതിപാദിക്കുന്നത്.)**

### ലെനിന്റെ മടങ്ങിവരവും ഏപ്രിൽ തീസിസുകളും

ആ സന്ദർഭത്തിൽ ബോൾഷെവിക് പാർട്ടിയിൽ ഒരു അഭിപ്രായ വ്യത്യാസം ഉടലെടുത്തു. കാമനേവ്, റൈക്കോവ്, ബുബനേവ് തുടങ്ങിയവർ താത്കാലിക ഗവണ്മെന്റിന് സോപാധിക പിന്തുണ നൽകണമെന്ന അഭിപ്രായം ഉന്നയിച്ചു. എന്നാൽ, വിദേശത്തുനിന്ന് തിരിച്ചെത്തിയ സ്റ്റാലിനും മൊളോട്ടോവ് തുടങ്ങി ഭൂരിപക്ഷം ബോൾഷെവിക്കുകളും ആ നയത്തെ എതിർത്തു. അവർ സാമ്രാജ്യത്വ യുദ്ധത്തിനെതിരെ ശക്തമായ സമരമാരംഭിക്കാൻ ആഹ്വാനം ചെയ്തു. ലെനിനെപ്പോലൊരു നേതാവിന്റെ അസാന്നിദ്ധ്യം ആ സന്ദർഭത്തിൽ വളരെയേറെ അനുഭവപ്പെട്ടു.

ഒടുവിൽ, ദീർഘകാലത്തെ വിദേശവാസത്തിനുശേഷം ഏപ്രിൽ 3ന് (പുതിയ കലണ്ടറിൽ ഏപ്രിൽ 16) ലെനിൻ റഷ്യയിൽ തിരിച്ചെത്തി. പെട്രോഗ്രാഡിലെ ഫിൻലന്റ് റയിൽവേ സ്റ്റേഷൻ പരിസരത്ത് തടിച്ചുകൂടിയ ആയിരക്കണക്കിന് തൊഴിലാളികളെയും പട്ടാളക്കാരെയും, ഒരു സൈനിക വാഹനത്തിന് മുകളിൽ കയറിനിന്ന് സംബോധന ചെയ്തുകൊണ്ട്, സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തിനായി പൊരുതാൻ ലെനിൻ ആഹ്വാനം ചെയ്തു.

റഷ്യയിൽ തിരിച്ചെത്തിയതോടെ, വിപ്ലവ സംഘാടനത്തിൽ ലെനിൻ പൂർണ്ണമായും മുഴുകി. പിറ്റേന്നുതന്നെ യുദ്ധത്തെയും വിപ്ലവത്തെയും കുറിച്ചുള്ള ഒരു വിശകലനം ആദ്യം ബോൾഷെവിക്കുകളുടെ മീറ്റിംഗിലും പിന്നീട് ബോൾഷെവിക്കുകളുടെയും മെൻഷെവിക്കുകളുടെയും മീറ്റിംഗിലും അദ്ദേഹം അവതരിപ്പിച്ചു. ഈ വിശകലനമാണ് വിഖ്യാതമായ ഏപ്രിൽ തീസിസുകൾ എന്നറിയപ്പെട്ടത്. ബൂർഷ്വാ ജനാധിപത്യ വിപ്ലവമെന്ന ആദ്യ ഘട്ടത്തിൽനിന്ന് സോഷ്യലിസ്റ്റ് വിപ്ലവമെന്ന രണ്ടാം ഘട്ടത്തിലേയ്ക്ക് മുന്നേറാൻ ബോൾഷെവിക് പാർട്ടിക്കും തൊഴിലാളിവർഗ്ഗത്തിനും ശരിയായ വിപ്ലവലൈനും പ്രവർത്തന പദ്ധതിയും പ്രദാനം ചെയ്തത് ഈ തീസിസുകളാണ്. സോഷ്യലിസ്റ്റ് വിപ്ലവം സാക്ഷാത്കരിച്ചതിൽ ഇതിന് വമ്പിച്ച പ്രാധാന്യമാണുള്ളത്. സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്കുള്ള പരിവർത്തനത്തിൽ സൈദ്ധാന്തിക അടിത്തറയുള്ളതും മൂർത്തവുമായ വിപ്ലവ പദ്ധതിയാണ് ഇത് അനാവരണം ചെയ്തത്.

സാമ്പത്തിക രംഗത്ത് ഇപ്രകാരമായിരുന്നു ചുവടുവയ്പുകൾ; ആദ്യം തോട്ടങ്ങൾ അടക്കമുള്ള മുഴുവൻ ഭൂമിയും ദേശസാൽക്കരിക്കുക; തുടർന്ന്, തൊഴിലാളി പ്രതിനിധികളുടെ സോവിയറ്റിന്റെ നിയന്ത്രണത്തിൽ മുഴുവൻ ബാങ്കുകളെയും ലയിപ്പിച്ച് ഒറ്റ ദേശീയ ബാങ്ക് രൂപീകരിക്കുക; അതോടൊപ്പം ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും മേൽ നിയന്ത്രണം സ്ഥാപിച്ചെടുക്കുക.

രാഷ്ട്രീയരംഗത്ത്, പാർലമെന്ററി റിപ്പബ്ലിക്കിൽനിന്ന് സോവിയറ്റുകളുടെ റിപ്പബ്ലിക് എന്നതിലേയ്ക്ക് മുന്നേറുന്ന പദ്ധതിയാണ് ലെനിൻ അവതരിപ്പിച്ചത്. മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും മേഖലയിൽ ഇതൊരു സുപ്രധാന കാൽവയ്പായിരുന്നു. സോഷ്യലിസം സ്ഥാപിക്കാനുള്ള ഏറ്റവും അനുയോജ്യമായ രാഷ്ട്രീയ സംവിധാനം പാർലമെന്ററി റിപ്പബ്ലിക് ആണ് എന്നാണ് അന്നേവരെ മാർക്സിസ്റ്റ് സൈദ്ധാന്തികർ കരുതിയിരുന്നത്. തൊഴിലാളി പ്രതിനിധികളുടെ സോവിയറ്റുകൾ എന്ന സംവിധാനത്തിൽ നിന്നുള്ള തിരിച്ചുപോക്ക് ഒരു പിന്തിരിപ്പൻ നടപടിയായിരിക്കുമെന്ന് ഏപ്രിൽ തീസിസിൽ ലെനിൻ ചൂണ്ടിക്കാണിച്ചു. പാർലമെന്ററി റിപ്പബ്ലിക്കിനുപകരം, തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും കർഷകരുടെയും പ്രതിനിധികളടങ്ങുന്നതും രാജ്യത്താകെ പടർന്ന് പന്തലിച്ചിട്ടുള്ളതുമായ സോവിയറ്റുകളുടെ റിപ്പബ്ലിക് ആയിരിക്കും സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിന് ഏറ്റവും അനുയോജ്യമായ രാഷ്ട്രീയ സംവിധാനമെന്നും ലെനിൻ സമർത്ഥിച്ചു. അതിനാൽ, താത്കാലിക ഗവണ്മെന്റിന് ഇനിമേൽ ഒരു പിന്തുണയും നൽകേണ്ടതില്ല. സോവിയറ്റുകളിൽ ബോൾഷെവിക്കുകൾ ഇപ്പോഴും ന്യൂനപക്ഷമാണെന്നും തൊഴിലാളിവർഗ്ഗത്തെ ബൂർഷ്വാ സ്വാധീനവലയത്തിലാക്കാൻ ശ്രമിക്കുന്ന മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളുമാണ് അവിടെ മേധാവിത്വം ചെലുത്തുന്നതെന്നും ഏപ്രിൽ തീസിസിൽ ലെനിൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. സാഹചര്യം അങ്ങനെയായതുകൊണ്ടാണ് താത്കാലിക ഗവണ്മെന്റിനെതിരെ കലാപം നടത്താനും അതിനെ കടപുഴക്കാനും ഏപ്രിൽ തീസിസിൽ ലെനിൻ ആഹ്വാനം ചെയ്യാതിരുന്നത്. പകരം, ക്ഷമാപൂർവ്വവും നിരന്തരവുമായ വിശദീകരണങ്ങളിലൂടെ ജനങ്ങളെ സത്യം ബോദ്ധ്യപ്പെടുത്തിക്കൊണ്ട് സോവിയറ്റുകളിൽ ബോൾഷെവിക്കുകൾ ഭൂരിപക്ഷം നേടിയെടുക്കണം. തുടർന്ന് സോവിയറ്റുകളുടെ നയം മാറ്റിയെടുക്കുകയും അതുവഴി താത്കാലിക ഗവണ്മെന്റിന്റെ ഘടനയിലും നയത്തിലും മാറ്റം സാദ്ധ്യമാക്കിയെടുക്കുകയും വേണം. "മുഷിഞ്ഞ കുപ്പായം" നമുക്കിനി ഊരിക്കളയാം, സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി എന്ന പേര് നമുക്കിനി വേണ്ട എന്നും ലെനിൻ അഭിപ്രായപ്പെട്ടു. യഥാർത്ഥത്തിൽ, രണ്ടാം ഇന്റർ നാഷണലിൽ അംഗങ്ങളായിട്ടുള്ള പാർട്ടികളും മെൻഷെവിക്കുകളുമൊക്കെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികൾ എന്നാണ് സ്വയം വിശേഷിപ്പിച്ചിരുന്നത്. സോഷ്യലിസത്തെ വഞ്ചിച്ചതിലൂടെയും അവസരവാദത്തിലൂടെയും അവർ ആ പേരിന് കളങ്കം ചാർത്തി. ബോൾഷെവിക് പാർട്ടിക്ക് 'കമ്മ്യൂണിസ്റ്റ് പാർട്ടി' എന്ന പുതിയ പേര് ലെനിൻ നൽകി. മാർക്സും ഏംഗൽസും അവരുടെ പാർട്ടിക്ക് തെരഞ്ഞെടുത്ത പേര് ഇതായിരുന്നു. ശാസ്ത്രീയമായി ഈ പേരാണ് ശരിയെന്നും ലെനിൻ പറഞ്ഞു. "ഓരോരുത്തരും അവരുടെ കഴിവിനനുസരിച്ച്, ഓരോരുത്തർക്കും അവരുടെ ആവശ്യമനുസരിച്ച്" എന്ന മുദ്രാവാക്യവുമായി നിലകൊള്ളുന്ന കമ്മ്യൂണിസ്റ്റ് സമൂഹത്തിലേയ്ക്ക്, സോഷ്യലിസം എന്ന പരിവർത്തന ഘട്ടത്തിലൂടെ ചെന്നെത്തുക എന്ന ആത്യന്തിക ലക്ഷ്യമാണ് ബോൾഷെവിക് പാർട്ടിയുടേതെന്ന കാര്യവും ലെനിൻ ഓർമ്മിപ്പിച്ചു.

ലെനിൻ ഏപ്രിൽ തീസിസുകൾ അവതരിപ്പിച്ചതോടെ ബേജാറിലായ മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും വിപ്ലവം അപകടത്തിൽ എന്ന് മുറവിളികൂട്ടി. അധികാരം സോവിയറ്റുകൾക്ക് കൈമാറുക എന്ന ബോൾഷെവിക് മുദ്രാവാക്യം അപകടകരമാണ് എന്നവർ തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകി. യെദിൻസ്ത്വോ (ഐക്യം) എന്ന തന്റെ പത്രത്തിൽ, മെൻഷെവിക്കുകളെ ഉദ്ധരിച്ചുകൊണ്ട് പ്ലഖനോവ് ഏപ്രിൽ തീസിസുകളെ ഇപ്രകാരം വിലയിരുത്തി: "ലെനിൻ മാത്രം വിപ്ലവത്തിന് അന്യമായി നിൽക്കും, നമ്മൾ നമ്മുടെ വഴിയേ മുന്നോട്ടുപോകും." ബൂർഷ്വാ ജനാധിപത്യ വിപ്ലവം നടന്നെങ്കിലും അതിന്റെ പല കടമകളും പൂർത്തീകരിക്കേണ്ടതായുണ്ട്. സാമ്പത്തികവും സാമൂഹികവുമായ ആ കടമകൾ പൂർത്തീകരിക്കുന്നതിനുമുമ്പ് സോഷ്യലിസ്റ്റ് വിപ്ലവത്തിന് ആഹ്വാനം ചെയ്യുന്നത് വിഡ്ഢിത്തം നിറഞ്ഞ സാഹസമാണ് എന്നത്രെ മെൻഷെവിക്കുകളും സോഷ്യൽ ഡെമോക്രാറ്റുകളുമൊക്കെ കരുതിയത്. താത്കാലിക ഗവണ്മെന്റുമായി സഹകരിക്കുകയാണ് ഇടതുപക്ഷക്കാരുടെ കടമ എന്നാണവർ അഭിപ്രായപ്പെട്ടത്.

ഈ സാഹചര്യത്തിലാണ്, ഏപ്രിൽ 14ന് പെട്രോഗ്രാഡിൽ ചേർന്ന ബോൾഷെവിക് പാർട്ടിയുടെ സമ്മേളനം ഏപ്രിൽ തീസിസുകൾ അംഗീകരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ തീരുമാനിക്കുകയും ചെയ്തത്. പ്രാദേശിക കമ്മിറ്റികളും താമസിയാതെതന്നെ ഇത് അംഗീകരിച്ചു. അങ്ങനെ, കാമനേവും റൈക്കോവും പ്യാട്ടക്കോവും പോലെയുള്ള ചില വ്യക്തികൾ ഒഴികെ ബോൾഷെവിക് പാർട്ടി ഒന്നടങ്കം ലെനിന്റെ തീസിസുകൾ ഹൃദയപൂർവ്വം സ്വീകരിക്കുകയും അതിനനുസരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

### താത്കാലിക ഗവണ്മെന്റിന്റെ പ്രതിസന്ധി

വിപ്ലവ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ബോൾഷെവിക് പാർട്ടി തീരുമാനിച്ചതോടെ, താത്കാലിക ഗവണ്മെന്റ് ഒന്നൊന്നായി ജനവിരുദ്ധ നടപടികൾ സ്വീകരിക്കാൻ തുടങ്ങി. ഏപ്രിൽ 18ന് വിദേശകാര്യ മന്ത്രി ഒരു പ്രഖ്യാപനം നടത്തി. റഷ്യയുടെ സഖ്യരാജ്യങ്ങളുമായി സാറിസ്റ്റ് ഭരണം ഒപ്പിട്ട കരാറുകളെല്ലാം പാലിക്കുമെന്നും അന്തിമവിജയം നേടുംവരെ ലോകയുദ്ധം തുടരാൻ രാജ്യമൊന്നാകെ സജ്ജമാണെന്നുമായിരുന്നു ആ പ്രഖ്യാപനം. 19-ാം തീയതി ഈ വിവരം പുറത്തുവന്നപ്പോൾ ജനങ്ങൾ രോഷാകുലരായി. സാറിസ്റ്റ് ഗവണ്മെന്റിന്റെ കരാറുകൾ പാലിക്കാനായി, സാമ്രാജ്യത്വ ശക്തികൾക്കുവേണ്ടി സാധാരണ ജനങ്ങളുടെ ചോരയൊഴുക്കാൻ താത്കാലിക ഗവണ്മെന്റിന് യാതൊരവകാശവുമില്ലെന്ന് അവർ അഭിപ്രായപ്പെട്ടു. താത്കാലിക ഗവണ്മെന്റിന്റെ സാമ്രാജ്യത്വ നയങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ ബോൾഷെവിക് പാർട്ടിയുടെ കേന്ദ്രകമ്മിറ്റി ഏപ്രിൽ 20ന് ആഹ്വാനം ചെയ്തു. ഇതേത്തുടർന്ന് ഏപ്രിൽ 20,21 തീയതികളിലായി ഒരു ലക്ഷത്തിലേറെ തൊഴിലാളികളും പട്ടാളക്കാരും പ്രകടനങ്ങളിൽ പങ്കെടുത്തു. "രഹസ്യ കരാറുകൾ പരസ്യപ്പെടുത്തുക," "യുദ്ധം തുലയട്ടെ," "എല്ലാ അധികാരങ്ങളും സോവിയറ്റുകൾക്ക്" എന്നീ മുദ്രാവാക്യങ്ങളാണ് അവരുയർത്തിയത്. താത്കാലിക ഗവണ്മെന്റിന്റെ ആസ്ഥാനമായ നഗര കേന്ദ്രത്തിലേയ്ക്ക് അവർ മാർച്ചുചെയ്തു. ബൂർഷ്വാ ഗ്രൂപ്പുകളുമായി അവർ നെവ്സ്കി പ്രോസ്പെക്ട് തുടങ്ങി പല സ്ഥലങ്ങളിലും ഏറ്റുമുട്ടി. പ്രകടനക്കാരെ വെടിവയ്ക്കാൻ പ്രതിവിപ്ലവ സേനയുടെ ജനറലായ കോർണിലോവ് ഉത്തരവിട്ടെങ്കിലും അത് അനുസരിക്കാൻ പട്ടാളം തയ്യാറായില്ല.

ഇതിനിടയിൽ, താത്കാലിക ഗവണ്മെന്റിനെ ഉടൻ തൂത്തെറിയുക എന്ന മുദ്രാവാക്യം പെട്രോഗ്രാഡ് പാർട്ടി കമ്മിറ്റിയിലെ ചിലർ മുന്നോട്ടുവച്ചു. എന്നാൽ ഇത് ഇടതുപക്ഷ സാഹസികതയാണെന്നും ഇത്തരമൊരു മുദ്രാവാക്യമുയർത്താനുള്ള സമയമായിട്ടില്ലെന്നും, ബോൾഷെവിക് പാർട്ടി കേന്ദ്ര കമ്മിറ്റി ഈ നടപടിയെ രൂക്ഷമായി വിമർശിച്ചുകൊണ്ട് അഭിപ്രായപ്പെട്ടു. സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ മുന്നേറി സോവിയറ്റുകളിൽ ഭൂരിപക്ഷമുറപ്പാക്കുക എന്ന പാർട്ടി പദ്ധതിക്ക് എതിരായിരുന്നു ഈ നടപടി.

എന്നാൽ ഈ സമരം താത്കാലിക ഗവണ്മെന്റിനെ പ്രതിസന്ധിയിലാക്കി. സമരത്തിന്റെ സമ്മർദ്ദത്താൽ രണ്ട് മന്ത്രിമാർക്ക് രാജിവയ്ക്കേണ്ടിവന്നു. തുടർന്ന് ഐക്യമുന്നണിയായുള്ള താത്കാലിക ഗവണ്മെന്റ് നിലവിൽ വന്നു. ബൂർഷ്വാ വർഗ്ഗത്തിന്റെ പ്രതിനിധികളെ കൂടാതെ മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും താത്കാലിക ഗവണ്മെന്റിൽ ചേർന്നു. അങ്ങനെ അവർ ജനങ്ങളെ കയ്യൊഴിഞ്ഞ് പ്രതിവിപ്ലവ ശക്തികളുടെ പക്ഷത്ത് ചേർന്നു.

### ബോൾഷെവിക് പാർട്ടിയുടെ ഏപ്രിൽ സമ്മേളനം

ഏപ്രിൽ 24ന് ചേർന്ന ബോൾഷെവിക് പാർട്ടിയുടെ 7-ാം കോൺഗ്രസ്സിൽ, മെൻഷെവിക്കുകളുടെയും സോഷ്യലിസ്റ്റ് റവലൂഷണറികളുടെയും നിലപാടുകൾക്ക് വിരുദ്ധമായി യുദ്ധം, താത്കാലിക ഗവണ്മെന്റ്, സോവിയറ്റുകൾ, കാർഷിക പ്രശ്നം, ദേശീയ പ്രശ്നം തുടങ്ങിയ വിഷയങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അനുപൂരകമായ നയങ്ങൾക്ക് രൂപം നൽകി. പരസ്യമായി ബോൾഷെവിക് പാർട്ടികോൺഗ്രസ്സ് ചേരുന്നത് അന്നാദ്യമായിരുന്നു. ഈ സമ്മേളനത്തിലെ ചർച്ചകൾക്കിടയിൽ കാമനേവ്, സിനവീവ്, പ്യാട്ടക്കോവ്, ബുക്കാറിൻ, റൈക്കോവ് തുടങ്ങിയവരുടെ അവസരവാദ ചിന്തകൾ മറനീക്കി പുറത്തുവന്നു. അവർ ലെനിന്റെ ലൈനിനെ എതിർത്തു. റഷ്യ ഒരു സോഷ്യലിസ്റ്റ് വിപ്ലവത്തിന് പാകമായിട്ടില്ലെന്നും ബൂർഷ്വാ റിപ്പബ്ലിക്കേ സാദ്ധ്യമാവൂ എന്നും മെൻഷെവിക് ലൈൻ പിന്തുടർന്ന് അവർ പ്രഖ്യാപിച്ചു. ഈ സാഹചര്യത്തിൽ താത്കാലിക ഗവണ്മെന്റിനെ 'നിയന്ത്രിക്കാൻ' വേണ്ടിയാണ് പാർട്ടിയും തൊഴിലാളിവർഗവും നിലകൊള്ളേണ്ടതെന്ന് അവർ പറഞ്ഞു. യഥാർത്ഥത്തിൽ, അവർ മെൻഷെവിക്കുകളെപ്പോലെതന്നെ, മുതലാളിത്തത്തെയും അതിന്റെ ഭരണകൂടാധികാരത്തെയും നിലനിർത്താൻ വേണ്ടിയാണ് യത്നിച്ചത്.

### ജനങ്ങളെ സംഘടിപ്പിക്കുന്നതിൽ ബോൾഷെവിക് പാർട്ടി നേടിയ വിജയം

ഏപ്രിൽ സമ്മേളനത്തിന്റെ തീരുമാനപ്രകാരം ജനങ്ങളെ തങ്ങളുടെ പക്ഷത്തേയ്ക്ക് കൊണ്ടുവരാനും അവരെ വിപ്ലവത്തിന് തയ്യാറെടുപ്പിക്കാനും ബോൾഷെവിക് പാർട്ടി കൊണ്ടുപിടിച്ച് ശ്രമം തുടങ്ങി. വിപ്ലവ പദ്ധതി ജനങ്ങൾക്ക് വിശദമാക്കിക്കൊടുക്കാനും മെൻഷെവിക്കുകളുടെയും സോഷ്യലിസ്റ്റ് റവലൂഷണറികളുടെയും അനുരഞ്ജന സ്വഭാവം തുറന്നുകാട്ടി അവരുടെ സ്വാധീനത്തിൽനിന്ന് ജനങ്ങളെ മുക്തമാക്കാനും അങ്ങനെ സോവിയറ്റുകളിൽ ഭൂരിപക്ഷം നേടാനും ബോൾഷെവിക് പാർട്ടി പ്രവർത്തകർ നിരന്തരവും ക്ഷമാപൂർവ്വവുമായ പരിശ്രമം നടത്തി.

### ബോൾഷെവിക് പാർട്ടി അന്തിമ സമരത്തിന് തയ്യാറെടുക്കുന്നു

സോവിയറ്റുകളിൽ നടത്തുന്ന പ്രവർത്തനത്തോടൊപ്പം ട്രേഡ് യൂണിയനുകളിലും ഫാക്ടറി കമ്മിറ്റികളിലും ബോൾഷെവിക്കു

(ശേഷം 5-ാം പേജിൽ)

# ഏപ്രിൽ തീസിസ് സോഷ്യലിസ്റ്റ് വിപ്ലവലൈൻ അവതരിപ്പിച്ചു

(4-ാം പേജിൽനിന്ന്)

കൾ വ്യാപകമായ പ്രവർത്തനം നടത്തി. സൈന്യത്തിനിടയിലും അവരുടെ പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നു. സൈനികരുടെ സായുധ സംഘടനകൾ പലയിടത്തായി ഉയർന്നുവന്നു. ഈ സൈനികരെ സജീവ വിപ്ലവകാരികളാക്കുന്നതിൽ ബോൾഷെവിക് മുഖപത്രമായ പ്രവ്ദ (സത്യം) വലിയ പങ്കുവഹിച്ചു. ബോൾഷെവിക്കുകളുടെ അക്ഷീണമായ പ്രചാരണവും പ്രവർത്തനവും മൂലം സോവിയറ്റുകളിൽ പുതിയ തെരഞ്ഞെടുപ്പുകൾ നടക്കുകയും നിരവധിയിടങ്ങളിൽ പ്രത്യേകിച്ച് ജില്ലകളിൽ, മെൻഷെവിക്കുകളെയും സോഷ്യലിസ്റ്റ് റവലൂഷണറികളെയും പിന്തള്ളി ബോൾഷെവിക്കുകളെ ജനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ, റഷ്യയെ മൊത്തത്തിലെടുക്കുമ്പോൾ ഇപ്പോഴും മെൻഷെവിക്കുകൾക്കും മറ്റുമായിരുന്നു ഭൂരിപക്ഷം.

1917 ജൂലൈ 3ന് പെട്രോഗ്രാഡിലെ വൈബോർഗിൽ ജനങ്ങൾ പൊടുന്നനെ ശക്തമായ പ്രക്ഷോഭം തുടങ്ങി. ഈ സായുധ കലാപം ഒരു ദിവസം മുഴുവൻ നീണ്ടുനിന്നു. പല ജാഥകൾ ഒന്നുചേർന്ന് ഒരു വമ്പൻ പ്രകടനം രൂപപ്പെട്ടു. എല്ലാ അധികാരങ്ങളും സോവിയറ്റുകൾക്ക് എന്നവർ ആക്രോശിച്ചു. എന്നാൽ ഇപ്രകാരം പൊടുന്നനെയുണ്ടാകുന്ന പൊട്ടിത്തെറിയുടെ ദൗർബല്യം ബോൾഷെവിക് പാർട്ടി നന്നായി മനസ്സിലാക്കിയിരുന്നു. ജനങ്ങൾ പ്രത്യയശാസ്ത്രപരമായും സംഘടനാപരമായും സജ്ജരല്ലെങ്കിൽ, ഇത്തരം പൊട്ടിത്തെറികളൊക്കെ പ്രതിവിപ്ലവശക്തികൾക്ക് എളുപ്പത്തിൽ അടിച്ചമർത്താനാകും. എന്നാൽ ജനങ്ങളുടെ കലാപം ഒരു തരത്തിലും നിയന്ത്രിക്കാനാകാതെ വന്നപ്പോൾ അതിൽ പങ്കെടുത്തുകൊണ്ട് അതിനെ സമാധാനപരമായും സുസംഘടിതമായും നയിക്കാൻ ബോൾഷെവിക് പാർട്ടി തീരുമാനിച്ചു. അങ്ങനെ ഒരു ലക്ഷത്തിലേറെ ആളുകൾ പങ്കെടുത്ത സമാധാനപരമായ പ്രകടനം പെട്രോഗ്രാഡിൽ നടന്നു. എല്ലാ അധികാരങ്ങളും സോവിയറ്റുകൾക്ക്, സാമ്രാജ്യത്വ ശക്തികളുമായും മുതലാളിത്തവുമായും ഒരു സൗഹാർദ്ദവുമില്ല, സമാധാനനയം ശക്തമായി പിന്തുടരുക തുടങ്ങിയവയായിരുന്നു അവരുടെ മുദ്രാവാക്യങ്ങൾ. പ്രകടനം സമാധാനപരമായിരുന്നുവെങ്കിലും താത്കാലിക ഗവണ്മെന്റ് അണിനിരത്തിയ പ്രതിവിപ്ലവ സേന ജനങ്ങൾക്കുമേൽ ബുള്ളറ്റുകൾ വർഷിച്ചു. പെട്രോഗ്രാഡിലെ തെരുവുകൾ അവരുടെ ചോരയിൽ കുതിർന്നു.

ജൂലൈ 3 കലാപത്തോടെ, മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും മുതലാളിവർഗ്ഗത്തിന്റെയും പട്ടാള മേധാവികളുടെയും സഹായത്തോടെ ബോൾഷെവിക്കുകൾക്കുനേരെ തിരിഞ്ഞു. പ്രവ്ദയടക്കമുള്ള ബോൾഷെവിക് പ്രസിദ്ധീകരണങ്ങൾക്കുമേൽ അവർ നിരോധനമേർപ്പെടുത്തി. തെരുവിൽ പ്രവ്ദ വിറ്റതിന് വോയ്നോവ് എന്ന തൊഴിലാളിയെ വെടിവച്ചുകൊന്നു. വ്യാപകമായ അറസ്റ്റുകളും നടന്നു. ജൂലൈ 7ന് ലെനിനെ അറസ്റ്റുചെയ്യാൻ വാറണ്ട് പുറപ്പെടുവിച്ചു. ബോൾഷെവിക് പാർട്ടിയുടെ പല മുൻനിര നേതാക്കളും തടങ്കലിലായി. പാർട്ടി പത്രങ്ങൾ പ്രിന്റുചെയ്തിരുന്ന പ്രസ്സുകൾ നശിപ്പിച്ചു. പ്രഭുക്കളും മുതലാളിമാരുമായി സഖ്യമുണ്ടാക്കി താത്കാലിക ഗവണ്മെന്റ് രൂപീകരിച്ച കെരൻസ്കി, സ്കൊബലേവ്, ചെർണോവ് തുടങ്ങിയ മെൻഷെവിക്-സോഷ്യലിസ്റ്റ് റവലൂഷണറി നേതാക്കൾ പ്രതിവിപ്ലവത്തിന്റെ സൂത്രധാരൻമാരായി മാറി. സമാധാനത്തിനു പകരം യുദ്ധം തുടരാനാണ് അവർ തീരുമാനിച്ചത്. തൊഴിലാളികളുടെയും പട്ടാളക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനു പകരം അവ ആയുധത്തിന്റെ ബലത്തിൽ അവർ പിടിച്ചെടുത്തു. മുതലാളിവർഗ്ഗം ചെയ്യാൻ ധൈര്യപ്പെടാത്ത കാര്യങ്ങൾകൂടി ഇവർ ചെയ്തുകൂട്ടി.

ഇരട്ട അധികാരത്തിന്റെ നാളുകൾ കഴിഞ്ഞു. താത്കാലിക ഗവണ്മെന്റ് എല്ലാ അധികാരങ്ങളും പിടിച്ചെടുത്തു. സോവിയറ്റുകളെ അവർ സർക്കാരിന്റെ അനുബന്ധമാക്കി. അതോടൊപ്പം സമാധാനപരമായ വിപ്ലവത്തിന്റെ കാലവും കഴിഞ്ഞു. മാറിയ സാഹചര്യത്തിൽ അടവുമാറ്റാൻ ബോൾഷെവിക് പാർട്ടി തീരുമാനിച്ചു. പാർട്ടി ഒന്നടങ്കം ഒളിവിൽ പോയി. ലെനിനും മറ്റുനേതാക്കൾക്കും രഹസ്യതാവളങ്ങൾ ഏർപ്പാടുചെയ്തു. രാജ്ലീവ് സ്റ്റേഷനുസമീപത്തെ ഒരു ചേരിയിൽ ലെനിൻ അഭയം തേടി. ഗവണ്മെന്റ് ബോൾഷെവിക്കുകളെ വേട്ടയാടിക്കൊണ്ടിരുന്നെങ്കിലും അത് അവഗണിച്ചുകൊണ്ട് അവർ വിപ്ലവ പ്രവർത്തനം തുടർന്നു. മുതലാളിവർഗ്ഗത്തെ സായുധ വിപ്ലവത്തിലൂടെ സ്ഥാനഭ്രഷ്ടമാക്കി സോവിയറ്റുകളുടെ അധികാരം സ്ഥാപിക്കുക എന്നതായിരുന്നു ബോൾഷെവിക്കുകൾ ലക്ഷ്യം വച്ചത്.

### ബോൾഷെവിക് പാർട്ടിയുടെ 6-ാം കോൺഗ്രസ്സ്

ഇത്രയും ഗുരുതരമായ സാഹചര്യം നിലനിൽക്കുമ്പോഴാണ് ജൂലൈ 26 മുതൽ ആഗസ്റ്റ് 5 വരെ അതീവരഹസ്യമായി 6-ാം പാർട്ടി കോൺഗ്രസ്സ് ചേരുന്നത്. ഈ സമയത്തെല്ലാം താത്കാലിക ഗവണ്മെന്റിന്റെ വേട്ടപ്പട്ടികൾ ലെനിനെ അന്വേഷിച്ച് പരക്കം പായുകയായിരുന്നു. അതുകൊണ്ട് ലെനിന് കോൺഗ്രസ്സിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ രഹസ്യതാവളത്തിൽനിന്ന് സ്റ്റാലിൻ, മൊളോട്ടോവ്, ഒർദ്സോനിക്കിഡ്ജെ തുടങ്ങിയ ഉറ്റ സഖാക്കളിലൂടെ അദ്ദേഹം കോൺഗ്രസ്സിലേയ്ക്ക് നിർദ്ദേശങ്ങൾ എത്തിച്ചുകൊണ്ടിരുന്നു.

157 ഡെലിഗേറ്റുകളാണ് ഈ കോൺഗ്രസ്സിൽ പങ്കെടുത്തത്. അന്ന് പാർട്ടി അംഗങ്ങളുടെ എണ്ണം 2,40,000 ആയിരുന്നു. ഒളിവിൽ പോകുന്നതിനുമുമ്പ് റഷ്യനിലും മറ്റ് ഭാഷകളിലുമായി ബോൾഷെവിക് പാർട്ടി 41 മുഖപത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും നടത്തിയിരുന്നു.

ഈ 6-ാം കോൺഗ്രസ്സ് റഷ്യൻ വിപ്ലവത്തിൽ നിർണായക പങ്കാണ് വഹിച്ചിട്ടുള്ളത്. നിരവധി ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം ലെനിന്റെ ചരിത്രപ്രധാനമായ ഏപ്രിൽ തീസിസ് അന്തിമമായി അംഗീകരിക്കുന്നത് ഈ കോൺഗ്രസ്സിൽ വച്ചാണ്. ട്രോട്സ്കിയും അദ്ദേഹത്തിന്റെ അനുചരനായ പ്രൊബ്രാജെസ്കിയും ബുക്കാറിനും മറ്റും സോഷ്യലിസ്റ്റ് വിപ്ലവ പദ്ധതിയെ എതിർത്തു. പടിഞ്ഞാറൻ നാടുകളിൽ വിപ്ലവം നടക്കാതെ റഷ്യൻ തൊഴിലാളിവർഗ്ഗത്തിന് സോഷ്യലിസ്റ്റ് വിപ്ലവം നടത്താനോ നടത്തിയാൽത്തന്നെ അത് നിലനിർത്താനോ കഴിയില്ലെന്ന് അവർ വാദിച്ചു. നിരന്തര വിപ്ലവം എന്ന സിദ്ധാന്തമാണ് അവർ അവതരിപ്പിച്ചത്. കർഷകർ തൊഴിലാളികളോടൊപ്പം ചേരില്ലെന്നും അവർ വിപ്ലവത്തെ എതിർക്കുകയേ ഉള്ളുവെന്നും അവർ അഭിപ്രായപ്പെട്ടു.

ലെനിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ ഈ തെറ്റായതും അവസരവാദപരമായതുമായ ആശയങ്ങളെ സ്റ്റാലിൻ എതിർത്ത് പരാജയപ്പെടുത്തി. മുതലാളിവർഗ്ഗത്തിന്റെ അടിച്ചമർത്തലിനിടയിലും വിപ്ലവം എങ്ങനെ മുന്നേറുന്നുവെന്ന് സ്റ്റാലിൻ സുവ്യക്തമായി കാണിച്ചുകൊടുത്തു. റഷ്യൻ വിപ്ലവം സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ രൂപമെടുക്കുന്നുവെന്ന് സ്റ്റാലിൻ വ്യക്തമാക്കി. ഈ സന്ദർഭത്തിൽ വിപ്ലവത്തിന്റെ കടമകൾ ഇവയാണ്: ഉൽപ്പാദനത്തിലും വിതരണത്തിലും തൊഴിലാളിവർഗ്ഗത്തിന്റെ നിയന്ത്രണം സ്ഥാപിച്ചെടുക്കുക, കർഷകർക്ക് ഭൂമി നൽകുക, മുതലാളിവർഗ്ഗത്തിന്റെ കൈകളിൽനിന്നധികാരം തൊഴിലാളിവർഗ്ഗവും ദരിദ്ര കർഷകരും കരസ്ഥമാക്കുക.

സായുധ വിപ്ലവത്തിന്റെ പാതയിലൂടെ മുന്നേറാൻ ബോൾഷെവിക് പാർട്ടി തീരുമാനിച്ചു. ഇതിനായി തൊഴിലാളിവർഗ്ഗത്തെയും ഏറ്റവും ദരിദ്രരായ കർഷകരെയും സജ്ജമാക്കണം. മുതലാളിവർഗ്ഗത്തിനെതിരായ അന്തിമ യുദ്ധത്തിന് തയ്യാറാകാൻ കോൺഗ്രസ്സ് പുറത്തിറക്കിയ മാനിഫെസ്റ്റോ തൊഴിലാളികളെയും സൈനികരെയും കർഷകരെയും ആഹ്വാനം ചെയ്തു.

### ജനറൽ കോർണിലോവിന്റെ ഗൂഢപദ്ധതി

ദുർബലമായ സോവിറ്റുകളെ തകർക്കാനും തുറന്ന പ്രതിവിപ്ലവ നടപടികൾ സ്വീകരിക്കാനുമുള്ള ഒരുക്കത്തിലായിരുന്നു ഈ സമയം റഷ്യയിലെ മുതലാളിവർഗ്ഗം. കൃഷിഭൂമി നിയമവിരുദ്ധമായി പിടിച്ചെടുക്കാനുള്ള കർഷകരുടെ നീക്കമടക്കം എല്ലാ വിപ്ലവ പ്രവർത്തനങ്ങളെയും ശക്തമായി കൈകാര്യം ചെയ്യുമെന്ന് സോഷ്യലിസ്റ്റ് റവലൂഷണറി പാർട്ടിക്കാരനായ കെരൻസ്കി ഭീഷണിപ്പെടുത്തി. സോവിയറ്റുകളും ജനകീയ കമ്മിറ്റികളുമൊക്കെ തുടച്ചുനീക്കി സൈനിക സ്വേച്ഛാധിപത്യം സ്ഥാപിക്കണമെന്നായിരുന്നു ജനറൽ കോർണിലോവിന്റെ അഭിപ്രായം. ബാങ്കുടമകളും കച്ചവടക്കാരും ഫാക്ടറി ഉടമകളുമൊക്കെ അയാളെ പിന്തുണയ്ക്കുകയും വൻതോതിലുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്തു. റഷ്യയുടെ സഖ്യശക്തികളായ ബ്രിട്ടനും ഫ്രാൻസും, എത്രയും വേഗം വിപ്ലവ ശ്രമങ്ങൾ അടിച്ചമർത്താൻ കോർണിലോവിനെ പ്രോത്സാഹിപ്പിച്ചു.

ആഗസ്റ്റ് 25ന് പെട്രോഗ്രാഡിലേയ്ക്ക് ജനറൽ ട്രിമോവിന്റെ നേതൃത്വത്തിൽ സൈനിക നീക്കം നടത്താൻ കോർണിലോവ് ഏർപ്പാട് ചെയ്തു. അതോടെ സായുധമായി സജ്ജമാകാൻ ബോൾഷെവിക് പാർട്ടി തൊഴിലാളികളെയും സൈനികരെയും ആഹ്വാനം ചെയ്തു. ഇതിനായി ഊർജ്ജിതമായ തയ്യാറെടുപ്പുകൾ നടന്നു. ചുവപ്പുസേനയുടെ കോട്ടകൾ ഉയർന്നു. ട്രേഡ് യൂണിയനുകൾ അംഗങ്ങളോട് ചെറുത്തുനിൽപിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്തു. പെട്രോഗ്രാഡിലെ വിപ്ലവസൈന്യം യുദ്ധത്തിന് സജ്ജമായിക്കഴിഞ്ഞു. വിപ്ലവകാരികൾ പെട്രോഗ്രാഡ് നഗരത്തിനുചുറ്റും കിടങ്ങുകൾ കുഴിച്ചു, മുള്ളുകമ്പികൾ കൊണ്ടുള്ള മതിലുകൾ ഉയർന്നു, നഗരത്തിലേയ്ക്കുള്ള റെയിൽവേ ട്രാക്കുകൾ വെട്ടിമുറിച്ചു. കോർണിലോവ് സേനയുടെ ആക്രമണം പ്രതീക്ഷിച്ചിടത്തൊക്കെ വിപ്ലവകമ്മിറ്റികളും ആസ്ഥാനങ്ങളും സ്ഥാപിക്കപ്പെട്ടു.

ഈ സമയത്താണ്, വിരണ്ടുപോയ കെരൻസ്കിയടക്കമുള്ള സോഷ്യലിസ്റ്റ് റവലൂഷണറികളും മെൻഷെവിക്കുകളും ബോൾഷെവിക്കുകളോട് അഭയത്തിനായി അപേക്ഷിച്ചത്. പെട്രോഗ്രാഡിൽ കോർണിലോവിനെ പരാജയപ്പെടുത്താൻ ബോൾഷെവിക്കുകൾക്കേ കഴിയൂ എന്നവർക്കറിയാമായിരുന്നു. കോർണിലോവിന്റെ ആക്രമണങ്ങളെ ചെറുക്കാൻ തയ്യാറെടുക്കുന്നതോടൊപ്പം കെരൻസ്കി ഗവണ്മെന്റിനെയും മെൻഷെവിക്കുകളെയും സോഷ്യലിസ്റ്റ് റവലൂഷണറികളെയും തുറന്നുകാട്ടാനും ബോൾഷെവിക്കുകൾ ഉപേക്ഷ കാണിച്ചില്ല. സർക്കാരിന്റെ മുഴുവൻ നയങ്ങളും പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ കോർണിലോവിന്റെ പ്രതിവിപ്ലവ ഗൂഢാലോചനകളെ സഹായിക്കുന്നതാണെന്ന് ബോൾഷെവിക്കുകൾ വ്യക്തമാക്കി.

ഈ ഘടകങ്ങളെല്ലാം ചേർന്നപ്പോൾ കോർണിലോവിന്റെ സൈന്യത്തിൽനിന്നുള്ള

(ശേഷം 6-ാം പേജിൽ)

# ചരക്ക്-സേവന നികുതി (GST)

(3-ാം പേജിൽ നിന്ന്)

തിലുള്ള സാമ്പത്തിക പരിഷ്കരണ പ്രക്രിയയുടെ അവിഭാജ്യഘടകമാണ് ഏകീകൃത നികുതി സംവിധാനമായ ജിഎസ്ടി എന്നത് വ്യക്തമാകുകയാണ്. പട്ടിണിയും ദുരിതവുമനുഭവിക്കുന്ന അധ്വാനിക്കുന്ന ജനങ്ങൾക്കുമേലുള്ള ഒരു തുറന്ന യുദ്ധം, അല്ലെങ്കിൽ ഒരു കടുത്ത ആക്രമണം തന്നെയായി മാറുകയാണിത്. ഇപ്പോൾ മുതലാളിത്തത്തിന്റെ ഏറ്റവും വിശ്വസ്തനായ രാഷ്ട്രീയ കാര്യദർശി എന്ന നിലയിൽ, ഈ പദ്ധതി നടപ്പിലാക്കിയെടുക്കാനുള്ള ഉത്തരവാദിത്തം ബിജെപിക്കാണ്. തങ്ങളുടെ മുൻഗാമിയായ കോൺഗ്രസിന്റെ അനുഭവത്തിൽ നിന്നും പാഠം പഠിച്ച്, മിക്കവാറും എല്ലാ വോട്ട് അധിഷ്ഠിത-അധികാര രാഷ്ട്രീയ-പാർലമെന്ററി കക്ഷികളുടെയും പിന്തുണ ഇതിനായി അവർ നേടിയെടുത്തു. ഈ സാഹചര്യത്തിൽ, ഇത്തരം രാക്ഷസസമാനമായ സാമ്പത്തികപരിഷ്കരണങ്ങൾക്കെതിരെ, ബോധപൂർവം പ്രതിഷേധമുയർത്തി, ശരിയായ നേതൃത്വത്തിനു കീഴിൽ സുശക്തവും സുസംഘടിതവുമായി നീണ്ടുനിൽക്കുന്ന പ്രക്ഷോഭം അഴിച്ചുവിടുക എന്നതല്ലാതെ ജനങ്ങൾക്ക് മറ്റൊരു വഴിയില്ല.

ജിഎസ്ടി നിലവിൽ വന്നതിനുശേഷമുള്ള സാഹചര്യം മുകളിൽ സൂചിപ്പിച്ച വിലയിരുത്തലുകളെ മുഴുവൻ ശരിവയ്ക്കുന്നതാണ്. നികുതി കുറയുന്നതിലൂടെ വില കുറയുമെന്ന് പ്രചരിപ്പിക്കപ്പെട്ട ഒരു ഉൽപ്പന്നത്തിന്റെയും വില കുറഞ്ഞില്ല. എന്നാൽ 28 ശതമാനം വരെയുള്ള ജിഎസ്ടി വഴി നിരവധി ഉൽപ്പന്നങ്ങളുടെയും വില അതിഭീമായി ഉയരുകയും ചെയ്തു. അങ്ങിനെ ജിഎസ്ടി ഒരു തുറന്ന കൊള്ളയായി മാറിയിരിക്കുന്നു. സാധാരണ ഹോട്ടലുകളിൽ വരെ 12 ശതമാനമുള്ള ജിഎസ്ടി ഈടാക്കുന്നതിലൂടെ ഭക്ഷണത്തിന്റെ വില വൻതോതിൽ ഉയർന്നു. നിലവിൽ അതിഭീമമായി നികുതി ഈടാക്കിക്കൊണ്ടിരുന്ന പെട്രോൾ ഉൾപ്പടെയുള്ള ഇന്ധനങ്ങളെ ജിഎസ്ടിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. അതീവ മഹത്തരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന നികുതി പരിഷ്കാരത്തിന്റെ യഥാർത്ഥമുഖം ഇതാണ്. തുറന്ന കൊള്ളയടിയായി നിലനിൽക്കുന്ന നികുതികളിലൂടെയുള്ള വരുമാനം നഷ്ടപ്പെടുത്താതെ യാണ് ജനങ്ങൾക്ക് വാരിക്കോരി നൽകിയിരിക്കുന്നു എന്ന പ്രചാരണം നടത്തുന്നത്. ഈ ചതിയാണ് പാർലമെന്റിന്റെ വിശേഷാൽ സമ്മേളനം വിളിച്ചുചേർത്ത് ജനങ്ങളുടെ ശിരസ്സിൽ അടിച്ചേൽപ്പിത്.

സിപിഐ(എം) ഉൾപ്പടെ ഇടതു ലേബലണിഞ്ഞവർ നടത്തുന്ന വഞ്ചനയാണ് ജിഎസ്ടിക്കെതിരെ ശക്തമായ ജനകീയ പ്രക്ഷോഭം ഉയർന്നുവരുന്നതിന് തടസ്സം നിൽക്കുന്നത്. ആഗോളവൽക്കരണത്തിന്റെ ഈ നികുതി ഘടനയുടെ യഥാർത്ഥ വർഗ്ഗതാൽപ്പര്യം തുറന്നുകാട്ടി, വിലക്കയറ്റം ഉൾപ്പടെ ജിഎസ്ടി സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ ആധാരമാക്കി കരുത്തുള്ള ജനകീയ മുന്നേറ്റത്തിന് മുൻകൈയെടുക്കേണ്ടതിനു പകരം ജിഎസ്ടിയെ മഹത്തരമെന്ന് വിശേഷിപ്പിച്ച് മുതലാളിത്ത പാദസേവ നടത്തുകയാണ് ഇക്കൂട്ടർ. ജിഎസ്ടിയുടെ പേരിൽ രാഷ്ട്രീയനേട്ടമുണ്ടാക്കാനായി പച്ചനുണകൾ പ്രചരിപ്പിക്കുന്ന ബിജെപിയുടെ ഹീനപദ്ധതിയെ തുറന്നു കാട്ടേണ്ടിതിനു പകരം അതിന് ശക്തി പകരുന്ന നിലപാടാണ് സിപിഐ(എം)നയിക്കുന്നമുന്നണി കൈക്കൊള്ളുന്നത്. പെട്രോളിയം നികുതിയിലൂടെയുള്ള കുത്തിക്കവർച്ച തുടരാൻ അനുവദിച്ചതും സംസ്ഥാന ലോട്ടറിയുടെ നികുതി കുറച്ചതും വലിയ നേട്ടമായി അവതരിപ്പിച്ച് ജിഎസ്ടിക്കുവേണ്ടി വക്കാലത്തുമായി നടന്ന സംസ്ഥാന ധനമന്ത്രി ഇപ്പോൾ കടകൾ റെയ്ഡ് ചെയ്യാൻ ഇറങ്ങിയിരിക്കുകയാണ്. ജിഎസ്ടിയുടെ കുഴപ്പമല്ല, വ്യാപാരികളുടെ നിലപാടാണ് വിലക്കയറ്റം സൃഷ്ടിക്കുന്നതെന്ന് സ്ഥാപിക്കാനാണ് കടകളിൽ റെയ്ഡ് നടത്തുന്നത്. ജിഎസ്ടിക്കെതിരെ ഉയർന്നപൊന്തുന്ന ജനവികാരത്തെ വഴിതെറ്റിക്കാനാണ് ഈ ശ്രമങ്ങൾ.

ജിഎസ്ടിയെ സംബന്ധിച്ച് എസ്‌യുസിഐ (കമ്യൂണിസ്റ്റ്) സ്വീകരിച്ചിട്ടുള്ള നിലപാട് വ്യതിരിക്തവും തികച്ചും ജനപക്ഷത്തു നിൽക്കുന്നതുമാണ്. ജിഎസ്ടിയും മറ്റ് പരിഷ്കരണ അജണ്ടകളും നടപ്പാക്കുന്നതിലെ ഹീനമായ ലക്ഷ്യങ്ങൾ തുറന്നുകാട്ടുവാനായി യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു വരാൻ എല്ലാ ജനങ്ങളോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

# സോവിയറ്റുകൾ വിപ്ലവവിജയത്തിൽ നിർണ്ണായക ഘടകമായി

(5-ാം പേജിൽ നിന്ന്)

ആക്രമണത്തെ ചെറുക്കാനായി. കോർണിലോവിന്റെ പരാജയം ജനങ്ങൾക്ക് ചില സുപ്രധാന കാര്യങ്ങൾ വെളിവാക്കിക്കൊടുത്തു. വിപ്ലവകാരികൾ പ്രതിവിപ്ലവകാരികളേക്കാൾ ശക്തരാണ് എന്നതാണ് ഒന്നാമത്തെ കാര്യം. ഭാവി നിർണ്ണയിക്കുന്നതിൽ ബോൾഷെവിക് പാർട്ടിയുടെ ഉദയം നിർണ്ണായകമാണ് എന്നതാണ് രണ്ടാമത് വ്യക്തമായ വസ്തുത. മൂന്നാമത്തെകാര്യം, ദുർബലമായി എന്ന് കരുതിയ സോവിയറ്റുകൾക്ക് ചെറുത്തുനില്പിനുള്ള വിപ്ലവകരമായ കരുത്തുണ്ട് എന്നതാണ്. കോർണിലോവിന്റെ സൈന്യത്തെ ചെറുത്ത് പരാജയപ്പെടുത്തിയത് ജനങ്ങളുടെ വിപ്ലവ സമിതികളായ സോവിയറ്റുകളായിരുന്നു എന്നത് സംശയാതീതമായി തെളിയിക്കപ്പെടുകയും ചെയ്തു.

കോർണിലോവുമായുള്ള ഏറ്റുമുട്ടൽ തളർന്നിരുന്ന സോവിയറ്റുകൾക്ക് പുതുജീവൻ നൽകി. ഈ യുദ്ധം അവയെ വിപ്ലവ പോരാട്ടങ്ങളുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു. നിശ്ചയദാർഢ്യത്തിന്റെ അഭാവം വെടിഞ്ഞ് അവ ബോൾഷെവിക്കുകളോട് കൂടുതൽ ആഭിമുഖ്യം പ്രകടിപ്പിക്കാൻ തുടങ്ങി. സോവിയറ്റുകൾക്കുമേലുള്ള ബോൾഷെവിക്കുകളുടെ സ്വാധീനം വർദ്ധിച്ചു. നഗരങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലും അവർ ഗണ്യമായ സ്വാധീനം നേടി. ദരിദ്ര, ഇടത്തരം കർഷകരും ബോൾഷെവിക് പാർട്ടിയിലേയ്ക്ക് ആകൃഷ്ടരായി. 1917 സെപ്തംബർ-ഒക്ടോബർ മാസമായപ്പോഴേയ്ക്കും കർഷകർ ഭൂവുടമകളിൽനിന്ന് വൻതോതിൽ ഭൂമി പിടിച്ചെടുത്തു കഴിഞ്ഞിരുന്നു. വിപ്ലവ സ്വപ്നങ്ങൾ മനസ്സിൽ താലോലിച്ചിരുന്ന അവരെ ഒരു തരത്തിലും അമർച്ച ചെയ്യാൻ കഴിയില്ല എന്ന സ്ഥിതിയായി. വിപ്ലവത്തിന്റെ തിരകൾ ആഞ്ഞടിക്കാൻ തുടങ്ങിക്കഴിഞ്ഞു.

ആ സമയത്തുതന്നെ മറ്റൊരു വഴിത്തിരിവുമുണ്ടായി. സോവിയറ്റുകളിൽ ബോൾഷെവിക്കുകൾ ഭൂരിപക്ഷം നേടാൻ തുടങ്ങി. അതോടെ, എല്ലാ അധികാരങ്ങളും സോവിയറ്റുകൾക്ക് എന്ന മുദ്രാവാക്യം വീണ്ടും മുഴങ്ങാൻ തുടങ്ങി. താത്കാലിക ഗവൺമെന്റിനെ പുറത്താക്കി അധികാരമെല്ലാം ബോൾഷെവിക്കുകൾക്ക് ഭൂരിപക്ഷമുള്ള സോവിയറ്റുകൾക്ക് കൈമാറുക എന്നതായിരുന്നു ആ മുദ്രാവാക്യത്തിന്റെ ഉന്നം.

അനുരഞ്ജന നിലപാടെടുത്ത പാർട്ടികൾ പിളർപ്പിനെ അഭിമുഖീകരിക്കുന്ന സ്ഥിതിയും സംജാതമായി. നല്ലൊരു പങ്ക് മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷണറികളും ബോൾഷെവിക് പാർട്ടിയിൽ ചേർന്നു.

കോർണിലോവിന്റെ പരാജയത്തിനുശേഷം ഈ പാർട്ടികൾ വിപ്ലവമുന്നേറ്റം തടയാൻ മറ്റൊരു ശ്രമംകൂടി നടത്തി. ചാഞ്ചാടി നിൽക്കുന്ന സോവിയറ്റുകളെയും സന്ധിമനോഭാവം പുലർത്തിയ ട്രേഡ്‌യൂണിയനുകളെയുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് 1917 സെപ്തംബർ 12ന് അവർ ഒരു ആൾ റഷ്യൻ ഡെമോക്രാറ്റിക് കോൺഫറൻസ് നടത്തി. പാർലമെന്ററി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു കമ്മിറ്റിക്ക് ഈ കോൺഫറൻസ് രൂപം നൽകി. ഈ കമ്മിറ്റി ബഹിഷ്കരിക്കാൻ ബോൾഷെവിക് പാർട്ടി കേന്ദ്രകമ്മിറ്റി തീരുമാനിച്ചു. എന്നാൽ കാമനേവ്, സിനവീവ് തുടങ്ങിയവർ അതിൽ പങ്കെടുക്കണമെന്ന് അഭിപ്രായപ്പെട്ടു. മെൻഷെവിക്കുകളുടെ അഭിലാഷമാണ് അവർ പേറിയത്. എന്നാൽ ഇത് ബൂർഷ്വാ പാർലമെന്റിൽ ജനങ്ങൾക്ക് വ്യാമോഹമുണ്ടാക്കുവാനും വിപ്ലവതാല്പര്യങ്ങൾ ബലികഴിക്കാനുമേ ഉപകരിക്കൂവെന്ന് ലെനിൻ വാദിച്ചു.

ബോൾഷെവിക്കുകൾ സായുധ കലാപത്തിനുള്ള തയ്യാറെടുപ്പുകൾ തുടർന്നു. വിപ്ലവസമയത്ത് സൈനിക യൂണിറ്റുകൾ, റെഡ് ഗാർഡ് സംഘങ്ങൾ, നേവിയിലെ വിപ്ലവവിഭാഗം എന്നിവയൊക്കെ എവിടെ, എങ്ങനെ നിലയുറപ്പിക്കണമെന്ന് വ്യക്തമാക്കുന്ന വിശദവും സമഗ്രവുമായ ഒരു പദ്ധതി ലെനിൻ തയ്യാറാക്കി.

ഒക്ടോബർ 7ന് അതീവ രഹസ്യമായി ലെനിൻ പെട്രോഗ്രാഡിലെത്തി. ഒക്ടോബർ പത്തിന് ബോൾഷെവിക് പാർട്ടിയുടെ ചരിത്രപ്രധാനമായ ഒരു കേന്ദ്രകമ്മിറ്റി യോഗം നടന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ സായുധ വിപ്ലവം ആരംഭിക്കാനുള്ള പദ്ധതി ഈ യോഗം അംഗീകരിച്ചു. ഐതിഹാസികമായ ഈ തീരുമാനത്തെ രണ്ടുപേർ, കാമനേവും സിനവീവും എതിർത്തു. മെൻഷെവിക്കുകളെപ്പോലെ അവരും പാർലമെന്ററി റിപ്പബ്ലിക് ആണ് സ്വപ്നം കണ്ടത്. സോഷ്യലിസ്റ്റ് വിപ്ലവം നടത്താനുള്ള ശേഷി തൊഴിലാളിവർഗ്ഗത്തിനുണ്ടെന്ന് അവർ വിശ്വസിച്ചില്ല. ട്രോട്സ്കിയാകട്ടെ, വിപ്ലവം ആരംഭിക്കാനുള്ള തീയതി കുറച്ചുകൂടി നീട്ടിവച്ച്, രണ്ടാം കോൺഗ്രസ്സിനുശേഷമാക്കണമെന്ന് ആവശ്യപ്പെട്ടു.

ബോൾഷെവിക് പാർട്ടി കേന്ദ്രകമ്മിറ്റി വൊറോഷിലോവ്, മൊളോട്ടോവ്, ദെർഷിൻസ്കി, ഒർജോണിക്സെ, കീറോവ്, കഗനോവിച്ച് തുടങ്ങിയവരെ വിപ്ലവത്തിന് നേതൃത്വം നൽകാനായി തെക്കുപടിഞ്ഞാറൻ മേഖലയടക്കം രാജ്യത്തിന്റെ വിവിധ പ്രോവിൻസുകളിലേയ്ക്ക് അയച്ചു. പെട്രോഗ്രാഡിൽ വിപ്ലവം തുടങ്ങുന്നതോടൊപ്പംതന്നെ രാജ്യത്തിന്റെ വിവിധ മേഖലകളിൽ വിപ്ലവം ആരംഭിക്കണം എന്നതായിരുന്നു കാഴ്ചപ്പാട്. കേന്ദ്രകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പെട്രോഗ്രാഡ് സോവിയറ്റിന്റെ ഒരു വിപ്ലവസൈനിക കമ്മിറ്റി രൂപീകരിക്കപ്പെട്ടു. രാജ്യത്താകെ നടക്കുന്ന വിപ്ലവപ്രവർത്തനങ്ങളുടെ ആസ്ഥാനമായി അത് പ്രവർത്തിച്ചു.

ഒക്ടോബർ 16ന് കേന്ദ്രകമ്മിറ്റിയുടെ വിപുലീകൃത യോഗം ചേർന്നു. സ്റ്റാലിന്റെ നേതൃത്വത്തിൽ വിപ്ലവത്തിന് നേതൃത്വം നൽകാൻ ഒരു കോർ കമ്മിറ്റിക്ക് ഈ യോഗം രൂപം നൽകി. പെട്രോഗ്രാഡ് സോവിയറ്റിന്റെ വിപ്ലവസൈനിക കമ്മിറ്റിയുടെ പ്രവർത്തനമടക്കം മുഴുവൻ വിപ്ലവപ്രവർത്തനങ്ങളുടെയും നേതൃത്വം ഈ കോർ കമ്മിറ്റിയായിരുന്നു. ഒക്ടോബർ 16 ന്റെ മീറ്റിംഗിലും കാമനേവും സിനവീവും വിപ്ലവം തുടങ്ങുന്നതിനെ എതിർക്കുകയും കമ്മിറ്റി തീരുമാനം പത്രങ്ങൾക്ക് ചോർത്തിക്കൊടുക്കുകയും ചെയ്തു.

ഈ വഞ്ചകരുടെ നടപടിയുടെ ഫലമായി പ്രതിവിപ്ലവശക്തികൾ ആക്രമണത്തിന് പദ്ധതി തയ്യാറാക്കി. ഒക്ടോബർ 19ന് താത്കാലിക ഗവൺമെന്റ് യുദ്ധമുന്നണിയിൽനിന്ന് സൈന്യത്തെ പിൻവലിച്ച് പെട്രോഗ്രാഡിൽ വിന്യസിച്ചു. നിരത്തുകളിൽ സൈനിക നിരീക്ഷണം ശക്തമാക്കി. സ്മോൾനിയിലെ ബോൾഷെവിക് പാർട്ടി ആസ്ഥാനം ആക്രമിച്ച് പിടിച്ചെടുക്കുകയായിരുന്നു സൈന്യത്തിന്റെ പദ്ധതി.

പെട്രോഗ്രാഡ് സോവിയറ്റിന്റെ ഒരു മീറ്റിംഗിൽ വിപ്ലവം ആരംഭിക്കുന്ന തീയതി ട്രോട്സ്കി പരസ്യപ്പെടുത്തി. അതിനാൽ വിപ്ലവം നിശ്ചയിച്ചതിനേക്കാൾ നേരത്തെ തുടങ്ങാൻ കേന്ദ്രകമ്മിറ്റി തീരുമാനിച്ചു. രണ്ടാം പാർട്ടികോൺഗ്രസ്സിന് തലേന്ന് സായുധ വിപ്ലവം ആരംഭിക്കാൻ തീരുമാനിച്ചു.

**ലോകത്തെ പിടിച്ചുകുലുക്കിയ ദിനങ്ങൾ**

ഒക്ടോബർ 24 (നവംബർ 6) ന്, പാർട്ടിയുടെ കേന്ദ്ര മുഖപത്രമായ റബോച്ചി പുത് (തൊഴിലാളി പാത) ന്റെ പ്രസിദ്ധീകരണം തടയുന്നതിനും പ്രസ്സ് അടച്ചുപൂട്ടുന്നതിനുമായി കെരൻസ്കി ഗവൺമെന്റ് വെളുപ്പാൻകാലത്ത് എഡിറ്റോറിയൽ ഓഫീസിനും പ്രസിനും ചുറ്റും സൈന്യത്തെ വിന്യസിച്ചു. എന്നാൽ, മഹാനായ സ്റ്റാലിന്റെ നിർദ്ദേശപ്രകാരം റെഡ്ഗാർഡുകളും ചുവപ്പുസേനയും ആ ശ്രമം പരാജയപ്പെടുത്തി. അന്ന് രാവിലെ 11 മണിക്ക് മുഖപത്രം ഇറങ്ങിയത് താത്കാലിക ഗവൺമെന്റിനെ തൂത്തെറിയുക എന്ന ആഹ്വാനവുമായാണ്. അതോടൊപ്പംതന്നെ, പാർട്ടി കോർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം വിപ്ലവസേനയും റെഡ്ഗാർഡുകളും സ്മോൾനിയിലേയ്ക്ക് നീങ്ങി. വിപ്ലവം ആരംഭിച്ചു. അന്ന് രാത്രി മഹാനായ ലെനിൻ സ്മോൾനിയിലെത്തുകയും വിപ്ലവത്തിന് നേതൃത്വം നൽകുകയും ചെയ്തു. രാത്രി മുഴുവൻ വിപ്ലവസേന സ്മോൾനിയിൽ തമ്പടിച്ചു. വിന്റർ പാലസ് വളയാനായി അവർ നിയോഗിക്കപ്പെട്ടു. താത്കാലിക ഗവൺമെന്റിന്റെ തലവന്മാർ അവിടെ അഭയം തേടിയിരിക്കുകയായിരുന്നു.

ഒക്ടോബർ 25ന് (നവംബർ 7) റെയിൽവേ സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, ടെലഗ്രാഫ് ഓഫീസ്, മന്ത്രിമന്ദിരങ്ങൾ, സ്റ്റേറ്റ് ബാങ്ക് എന്നിവയൊക്കെ വിപ്ലവസേന പിടിച്ചെടുത്തു. പാർലമെന്റ് പിരിച്ചുവിട്ടു. സ്മോൾനി വിപ്ലവത്തിന്റെ തലസ്ഥാനമായി. വിപ്ലവസേനയോടൊപ്പം പെട്രോഗ്രാഡിലെ തൊഴിലാളികളും സൈന്യത്തിലെ വിപ്ലവയൂണിറ്റുകളും ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ വീരോചിതമായ പോരാട്ടം നടത്തി. നേവിയും പിന്നിലായിരുന്നില്ല. അറോറ എന്ന യുദ്ധക്കപ്പൽ വിന്റർ പാലസിന് നേർക്ക് വെടിയുതിർത്തു. താത്കാലിക ബൂർഷ്വാ ഗവൺമെന്റിനെ സ്ഥാനഭ്രഷ്ടമാക്കി സോവിയറ്റുകൾ ഭരണകൂടാധികാരം പിടിച്ചെടുത്തതായി ഒക്ടോബർ 25നുതന്നെ ബോൾഷെവിക്കുകൾ നോട്ടീസടിച്ച് പ്രചരണം നടത്തി. അന്നുരാത്രി വിപ്ലവകാരികളും വിപ്ലവസേനയും നാവികരും എല്ലാം ചേർന്ന് വിന്റർ പാലസ് ആക്രമിച്ച് താത്കാലിക ഗവൺമെന്റിലെ അംഗങ്ങളെ അറസ്റ്റുചെയ്തു. അങ്ങനെ പെട്രോഗ്രാഡിലെ സായുധ വിപ്ലവത്തിൽ ബോൾഷെവിക്കുകൾ വിജയിച്ചു. തലസ്ഥാന നഗരിയുടെ നിയന്ത്രണം പെട്രോഗ്രാഡ് സോവിയറ്റിന്റെ കൈകളിലായി.

ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളികൾ, പട്ടാളക്കാരുടെയും നാവികരുടെയും സഹായത്തോടെ ദരിദ്ര കർഷകരുമായി സഖ്യമുണ്ടാക്കിക്കൊണ്ട് മുതലാളിവർഗ്ഗത്തിന്റെ ഭരണം അവസാനിപ്പിച്ച് സോവിയറ്റുകളുടെ അധികാരം സ്ഥാപിച്ചു. പുതിയ സ്വഭാവത്തിലുള്ള പുതിയൊരു ഭരണകൂടം- സോഷ്യലിസ്റ്റ് സോവിയറ്റ് ഭരണകൂടം സ്ഥാപിക്കപ്പെട്ടു. ഭൂപ്രഭുക്കളുടെ ഉടമസ്ഥാവകാശം എടുത്തുകളഞ്ഞ് ഭൂമി ദരിദ്ര കർഷകർക്ക് വിതരണം ചെയ്തു. മുഴുവൻ ഭൂമിയും ദേശസാൽക്കരിക്കപ്പെട്ടു. എല്ലാം പിടിച്ചടക്കിയിരുന്ന ഉടമസ്ഥന്മാരിൽനിന്ന്-മുതലാളിമാരിൽനിന്ന്, എല്ലാം പിടിച്ചെടുത്ത് പൊതുസ്വത്താക്കി. വൻകിട വ്യവസായശാലകൾ, ബാങ്കുകൾ, റെയിൽവേ, വിദേശവ്യാപാരം, വാണിജ്യം തുടങ്ങിയവയൊക്കെ ദേശസാൽക്കരിച്ച് ജനങ്ങളുടെ ഉടമസ്ഥതയിലാക്കി. യുദ്ധത്തിൽനിന്ന് പിൻവാങ്ങിയതോടെ ഒടുവിൽ സമാധാനവും കൈവന്നു. സോവിയറ്റ് യൂണിയൻ അതിന്റെ മുഴുവൻ ശേഷിയും സോഷ്യലിസ്റ്റ് വികസനത്തിനായി വിനിയോഗിക്കാൻ തുടങ്ങി.

നവംബർ വിപ്ലവം മുതലാളിത്ത വ്യവസ്ഥയെ തകർത്തു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം സ്ഥാപിച്ചു. റഷ്യയെന്ന വിശാലമായ രാജ്യത്തിന്റെ അധികാരം തൊഴിലാളിവർഗ്ഗത്തിന് കൈമാറിക്കൊണ്ട് തൊഴിലാളിവർഗ്ഗത്തെ ഭരണവർഗമാക്കിത്തീർത്തു.

മഹത്തായ നവംബർ വിപ്ലവം അങ്ങനെ നൂതനമായൊരു യുഗത്തിലേയ്ക്ക് പ്രവേശിച്ചു - സോഷ്യലിസ്റ്റ് വിപ്ലവ വിജയത്തിന്റെ യുഗം.

## കൊല്ലം ആഫ്റ്റർ കെയർ ഹോമിലെ കുട്ടികളുടെ ദുരൂഹമരണത്തിന് ഉത്തരവാദികളായവർക്ക് കർശന ശിക്ഷ ഉറപ്പാക്കുക

കേരള സർക്കാർ സ്ഥാപനമായ കൊല്ലം അഞ്ചാലുംമൂട് ആഫ്റ്റർ കെയർ ജൂവനൈൽഹോമിൽ രണ്ട് പെൺകുട്ടികൾ ദുരൂഹസാഹചര്യത്തിൽ മരിക്കാൻ ഇടയായതിനെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ കർശന ശിക്ഷാ നടപടി കൈക്കൊള്ളണമെന്ന് എസ്‌യുസിഐ(സി) കൊല്ലം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. ദലിത്‌വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ ഈ സ്ഥാപനത്തിൽ കടുത്ത മാനസികപീഡനം അനുഭവിച്ചിരുന്നതായി വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. പ്രസീദ എന്ന കുട്ടിയെ ഈ കേന്ദ്രത്തിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ സംശയാസ്പദമാണ്. കുട്ടികൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം (പോക്സോ) ഒട്ടും അവധാനതയോ ഉത്തരവാദിത്ത ബോധമോ ഇല്ലാതെ കൈകാര്യം ചെയ്യപ്പെട്ടതുവഴി കുട്ടികളുടെ സുരക്ഷയ്ക്കായുള്ള ഈ നിയമം അവരുടെ ജീവനെടുക്കാൻ ഇടയാക്കുകയാണുണ്ടായത്. ഇത് അങ്ങേയറ്റം കുറ്റകരമാണ്. സമൂഹത്തിൽ ഏറ്റവും ദുർബലരായ ജനവിഭാഗങ്ങളോട് ഭരണാധികാരികളും ഉദ്യോഗസ്ഥ-പോലീസ് വിഭാഗവും കാണിക്കുന്ന വിവേചനവും കുറ്റകരമായ അധികാര ദുർവിനിയോഗവുമാണ് ഇത്തരമൊരു ദുരന്തത്തിന് വഴിയൊരുക്കിയത്. സർക്കാർ സംരക്ഷണ കേന്ദ്രങ്ങൾ എത്രമേൽ നിരുത്തരവാദപരമായാണ് കൈകാര്യം ചെയ്യപ്പെടുന്നതെന്നുകൂടി വെളിവാക്കുന്നതാണ് ഈ സംഭവം. ഇത്തരം സ്ഥാപനങ്ങളിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് മാനസിക പിന്തുണയും ആരോഗ്യകരമായ പുനരധിവാസവും ഉറപ്പാക്കാൻ കഴിയുന്നില്ലെന്നുമാത്രമല്ല, ഇരകളെ ശിക്ഷിക്കുന്ന കേന്ദ്രങ്ങളായി അവ മാറുകയാണ്. സർക്കാർ അടിയന്തരമായി ഇടപെട്ട് ഈ കേന്ദ്രങ്ങളിൽ കുട്ടികളുടെ സുരക്ഷയും ആരോഗ്യകരമായ അന്തരീക്ഷവും ഉറപ്പാക്കണം. മരിച്ച കുട്ടികളുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകുകയും ഉത്തരവാദികളായവർക്ക് കർശനശിക്ഷ ഉറപ്പാക്കുകയും വേണം.

## കർഷക പ്രതിരോധ സമിതി പഞ്ചായത്ത് ഓഫീസ് ധർണ

വന്യമൃഗസങ്കേതത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ജനവാസമേഖലയിലെ ഏക ഗതാഗതമാർഗ്ഗമായ പണയമ്പം-മണലാടി റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കർഷക പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ നൂൽപ്പുഴ പഞ്ചായത്ത് ഓഫീസ്സിനു മുമ്പിൽ ജനകീയ ധർണ്ണയും പ്രകടനവും നടന്നു. കർഷകരും ആദിവാസികളും അധിവസിക്കുന്ന വടക്കനാട് പ്രദേശത്തെ സുൽത്താൻ ബത്തേരിയുമായി ബന്ധപ്പെടുത്തുന്ന ഈ റോഡ് തകർന്നിട്ട് നാളുകളേറെയായി. ബസ്സ് സർവ്വീസ് നിർത്തിവെച്ചിരിക്കയാണ്. അതുകാരണം വിദ്യാർത്ഥികളും രോഗികളും യാത്രചെയ്യാൻ കഷ്ടപ്പെടുകയാണ്.

കർഷക പ്രതിരോധ സമിതി ജില്ലാസെക്രട്ടറി വി.കെ.സദാനന്ദൻ ധർണ ഉദ്ഘാടനം ചെയ്തു. പൂതിയോടി നാരായണൻ ചെട്ടി അദ്ധ്യക്ഷത വഹിച്ചു. ദേവസ്യ പുറ്റനാൽ, പി.കെ. ഭഗത്, സി.എൻ.മുകുന്ദൻ എന്നിവർ പ്രസംഗിച്ചു. പ്രദേശത്തെ ജനങ്ങൾ ഒപ്പിട്ട നിവേദനം പഞ്ചായത്ത് വൈസ് പ്രസിഡണ്ടിന് സമർപ്പിച്ചു. പ്രകടനത്തിനും ധർണയ്ക്കും ചന്ദ്രൻ പുത്തൻപുരയ്ക്കൽ, ജോണി പുറ്റനാൽ, പി.പി.ഗോപാലകൃഷ്ണൻ, ശ്രീധരൻ പുളിയാടി, വാസു മംഗലത്ത്, ജോസ് പുറ്റനാൽ തുടങ്ങിയവർ നേതൃത്വം നൽകി.



വി.കെ.സദാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

# മദ്ധ്യപ്രദേശിൽ കർഷകരെ വെടിവച്ചുകൊന്ന പൈശാചിക നടപടിക്കെതിരെ ശക്തമായ പ്രക്ഷോഭം വളർത്തിയെടുക്കുക

എസ്‌യുസിഐ(സി) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് ജൂൺ 8 ന് പുറപ്പെടുവിച്ച പ്രസ്താവന

മദ്ധ്യപ്രദേശിലെ ബിജെപി ഗവൺമെന്റ്, ജൂൺ 5ന് മദ്സോർ ജില്ലയിൽ സമരം ചെയ്ത കർഷകർക്കുമേൽ വെടിവയ്പ് നടത്തി 5 പേരെ കൊലപ്പെടുത്തുകയും നിരവധി പേരെ പരുക്കേൽപ്പിക്കുകയും ചെയ്ത നടപടിയെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു. കാർഷിക പുരോഗതിയുടെ പേരിൽ ബിജെപി നേതാക്കൾ ഉയർത്തിക്കാണിക്കുന്ന സംസ്ഥാനമാണ് മദ്ധ്യപ്രദേശ്. കടങ്ങൾ റദ്ദാക്കണമെന്നും കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നൽകണമെന്നുമുള്ള ന്യായമായ ആവശ്യങ്ങളാണ് കർഷകർ ഉന്നയിച്ചത്. ഇതേ ആവശ്യമുന്നയിച്ച് മഹാരാഷ്ട്ര, തമിഴ്നാട്, ഉത്തർപ്രദേശ്, ഗുജറാത്ത്, ഹരിയാന, രാജസ്ഥാൻ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലൊക്കെ ദുരിതമനുഭവിക്കുന്ന കർഷകർ പല രൂപത്തിലുള്ള പ്രതിഷേധങ്ങൾ നടത്തുകയും അസംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. മഹാരാഷ്ട്രയിൽ കർഷകർ ദ്വിദിന ബന്ദ് നടത്തി. വരൾച്ച ബാധിച്ച തമിഴ്നാട്ടിലെ കർഷകർ ഡൽഹിയിൽ 40 ദിവസം പ്രതിഷേധ ധർണ്ണ നടത്തി. കർഷകരുടെ കണ്ണിൽ പൊടിയിടുംവിധം ചില പ്രത്യേക ഉൽപ്പന്നങ്ങൾക്ക് പല സംസ്ഥാന സർക്കാരുകളും താങ്ങുവില പ്രഖ്യാപിച്ചെങ്കിലും അതിന്റെയൊന്നും ഗുണം കർഷകർക്ക് ലഭിക്കാത്തവിധം കടുത്ത ഉപാധികളും കൂടി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അടുത്തിടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതായി യുപിഗവൺമെന്റ് നടത്തിയ പ്രഖ്യാപനവും വഞ്ചനാപരമാണ്. കടുത്ത ഉപാധികൾ മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല. അസതൃപ്തരായ കർഷകർ സമരപാത സ്വീകരിക്കുമ്പോൾ വെടിയുണ്ടകൾ കൊണ്ടാണ് സർക്കാർ അവരെ നേരിടുന്നത്. “പടരുന്ന അസ്വസ്ഥത” അടിച്ചമർത്താനാണ് മദ്ധ്യപ്രദേശ് സർക്കാരിനോട് കേന്ദ്ര ആഭ്യന്തരമന്ത്രി ഒരു ഏകാധിപതിയെപ്പോലെ ആക്രോശിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം 9ലക്ഷം കോടിരൂപയുടെ ഇളവുകൾ കുത്തക വ്യവസായികൾക്കും പണച്ചാക്കുകൾക്കും ഉദാരമായി നൽകിയിട്ടാണ് കാർഷിക വായ്പകൾ എഴുതിത്തള്ളുന്നത് സമ്പദ്ഘടനയ്ക്ക് ഹാനികരമാണെന്ന് സർക്കാരിന്റെ വക്താക്കൾ ഇപ്പോൾ നിർലജ്ജം വാദിക്കുന്നത്. ബിജെപി രാജ്യത്തെ ജനങ്ങൾക്ക് നൽകിയ “നല്ലനാളെകളു”ടെ വാഗ്ദാനത്തിന്റെ സത്യസ്ഥിതിയിതാണ്. ⬢

# അഖിലേന്ത്യാ പ്രതിഷേധദിനം ആചരിച്ചു



എസ്‌യുസിഐ(സി) തിരുവനന്തപുരം ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ ആദരാഞ്ജലിയർപ്പിച്ച് പ്രസംഗിക്കുന്നു

മദ്ധ്യപ്രദേശിൽ വെടിവയ്പിൽ കൊല്ലപ്പെട്ട കർഷകരുടെ ആശ്രിതർക്കും പരുക്കേറ്റവർക്കും മതിയായ നഷ്ടപരിഹാരം നൽകുക, ഈ പാതകത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കും കർശനശിക്ഷ ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ജൂൺ 14 ന് രാജ്യവ്യാപകമായി പ്രതിഷേധ ദിനം ആചരിക്കാൻ എസ്‌യുസിഐ(സി) ആഹ്വാനം ചെയ്തിരുന്നു. പിന്തിരപ്പൻമാരുടെയും അനുരഞ്ജകശക്തികളുടെയും മധുരവചനങ്ങളിലും പ്രതിഷേധ നാട്യങ്ങളിലും വശംവദരായിപ്പോകരുതെന്നും ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ, ന്യായമായ ഡിമാന്റുകൾ നേടിയെടുക്കുന്നതിനായി സംഘടിതവും ശക്തവും നീണ്ടുനിൽക്കുന്നതും സുചിന്തിതവുമായ പ്രക്ഷോഭം വളർത്തിയെടുക്കണമെന്നും പൊരുതുന്ന കർഷകരോട് പാർട്ടി ആഹ്വാനം ചെയ്യുകയുമുണ്ടായി.



അഖിലേന്ത്യാ അവകാശദിനാചരണത്തിന്റെ ഭാഗമായി ആലുവയിൽ നടന്ന യോഗം

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ നടന്ന പ്രതിഷേധപരിപാടി എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു.

**എറണാകുളം**

എറണാകുളം ജില്ലയിൽ ആലുവയിലും തിരുവാങ്കുളത്തും പ്രതിഷേധയോഗങ്ങൾ ചേർന്നു. ആലുവയിൽ പാർട്ടി ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു. കെ.പി.സാൽവിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എംസിപിഐ (യു) നേതാവ് എം.പി.ജോർജ്ജ് പ്രസംഗിച്ചു.

തിരുവാങ്കുളത്ത് പാർട്ടി ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് പി.എം.ദിനേശൻ പ്രതിഷേധം ഉദ്ഘാടനം ചെയ്തു. സഖാവ് സി.ബി.അശോകൻ അദ്ധ്യക്ഷത വഹിച്ചു.

**കണ്ണൂർ**

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കണ്ണൂർ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധ യോഗം നടന്നു. ജൂൺ 16 ന് കണ്ണൂർ മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ വെച്ച് നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാ കമ്മിറ്റി അംഗം ഡോ.ഡി.സുരേന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ കമ്മിറ്റിയംഗം സഖാവ് എം.കെ.ജയരാജൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാവ് പോൾ ടി.സാമുവൽ, അനൂപ്ജോൺ രിമറ്റം എന്നിവർ പ്രസംഗിച്ചു. ⬢

# വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി ആദരാഞ്ജലി അർപ്പിച്ചു



സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ പുഷ്പാർച്ചന ചടങ്ങ് ഡോ.വി.സത്യാനന്ദൻ നായർ ഉദ്ഘാടനം ചെയ്യുന്നു

രക്തസാക്ഷികളായ കർഷകർക്ക് വയനാട് ജില്ല കർഷക പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ജൂൺ 16 ന് സുൽത്താൻ ബത്തേരി സ്വതന്ത്രമൈതാനത്തിന് സമീപം ഒരുക്കിയ രക്തസാക്ഷിമണ്ഡപത്തിൽ നടന്ന പുഷ്പാർച്ചനാചടങ്ങ് കർഷക പ്രതിരോധ സമിതി വൈസ്പ്രസിഡണ്ട് ഡോ.വി.സത്യാനന്ദൻ നായർ ഉദ്ഘാടനം ചെയ്തു. ബിജെപി ഭരണത്തിനു കീഴിൽ കർഷക ആത്മഹത്യ മാത്രമല്ല, ജീവിക്കാൻവേണ്ടി പൊരുതുന്ന കർഷകർ ഭരണകൂടത്തിന്റെ വെടിയുണ്ടകൾക്കിരയാകുകയുമാണെന്ന് അദ്ദേഹം പറഞ്ഞു.

സെക്രട്ടറി വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. ദേവസ്യ പുറ്റനാൽ, സി.എൻ.മുകുന്ദൻ, പി.കെ.ഭഗത്, ബി. ഇമാമുദ്ദീൻ എന്നിവർ പ്രസംഗിച്ചു. ⬢

# ഐഎൻപിഎ ആലപ്പുഴ ജില്ലാ കൺവൻഷൻ

സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കുക, സ്ഥിരം തൊഴിലും വരുമാനവുമില്ലാത്തവരുടെ മുഴുവൻ ബാധ്യതയും സർക്കാർ ഏറ്റെടുത്ത് കടക്കെണിയിൽനിന്നും ആത്മഹത്യയിൽനിന്നും രക്ഷിക്കുക, ജപ്തി -നിയമ നടപടികൾ അവസാനിപ്പിക്കുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ട് ഐഎൻപിഎ ആലപ്പുഴ ജില്ലാകമ്മിറ്റി, ജൂലൈ 1 ന് നരസിംഹപുരം ആഡിറ്റോറിയത്തിൽ ജില്ലാകൺവൻഷൻ സംഘടിപ്പിച്ചു. സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന 900 കോടിയുടെ പദ്ധതിയിൽ പാവപ്പെട്ടവരെ ഉൾപ്പെടുത്താത്തതും മാനേജ്മെന്റ് ക്വാട്ടയിൽ പഠിച്ച നഴ്സുമാരൊഴികെയുള്ളവരെ പരിഗണിക്കാത്തതും പ്രതിഷേധാർഹമാണെന്ന് കൺവൻഷൻ വിലയിരുത്തി. ഐഎൻപിഎ സംസ്ഥാനപ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ വായ്പയുടെ ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുക്കും വരെ പ്രക്ഷോഭരംഗത്ത് അടിയുറച്ചുനിൽക്കാൻ അദ്ദേഹം വായ്പയെടുത്തവരോടഭ്യർത്ഥിച്ചു. പൊതുഖജനാവിൽനിന്നും പണം ചിലവഴിക്കുമ്പോൾ സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ടവർക്ക് അതിന്റെ നേട്ടം എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കാൻ ജനാധിപത്യ ഗവൺമെന്റുകൾ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ പുതിയ പദ്ധതിയിലെ അപാകതകളെ തുറന്നുകാട്ടിക്കൊണ്ട് സംസ്ഥാന സെക്രട്ടറി എസ്.മിനി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ.കെ.ഹരിപ്രസാദ്, കെ.ശിവൻകുട്ടി, സി.വി.പീതാംബരൻ, മാവേലിക്കര പുഷ്പരാജ്, ജയമ്മ, എം.എ.ബിന്ദു, ടി.മുരളി എന്നിവർ സംസാരിച്ചു. ഐഎൻപിഎ ആലപ്പുഴ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ അദ്ധ്യക്ഷത വഹിച്ച കൺവൻഷനിൽ ജില്ലാ സെക്രട്ടറി കെ.ജെ.ഷീല സ്വാഗതവും ടി.ആർ.രാജിമോൾ നന്ദിയും പറഞ്ഞു.



കുട്ടനാട് നടന്ന രക്ഷിതാക്കളുടെ കൂട്ടായ്മ ഐഎൻപിഎ ആലപ്പുഴ ജില്ലാപ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

**കുട്ടനാട്**

വിദ്യാഭ്യാസ വായ്പയ്ക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 60 ശതമാനം തിരിച്ചടവ് ഇളവിനോടൊപ്പം 40 ശതമാനം കേന്ദ്ര സർക്കാർ അനുവദിച്ച് വിദ്യാഭ്യാസ വായ്പാക്കെണിയിൽപ്പെട്ടിരിക്കുന്നവരെ ആത്മഹത്യയിൽനിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് വ്യക്തിഗത നിവേദനം രജിസ്റ്റർ ചെയ്ത് അയയ്ക്കുന്നതിന്റെ ഭാഗമായി ഐഎൻപിഎ കുട്ടനാട് താലൂക്ക് കമ്മിറ്റി സംഘടിപ്പിച്ച രക്ഷിതാക്കളുടെ കൂട്ടായ്മ ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്തു. താലൂക്ക് സെക്രട്ടറി ബിജു സേവ്യർ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ലോക്കൽ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ ഐഎൻപിഎ താലൂക്ക് വർക്കിംഗ് പ്രസിഡന്റ് തിലകമ്മ, ഗണേഷ് ബാബു എന്നിവർ പ്രസംഗിച്ചു. ബാബു ദേവസ്യ, കെ.എം.മാത്യു, യോഹന്നാൻ ചാക്കോ, പ്രസന്ന, തങ്കമ്മ ഗോപിനാഥ് എന്നിവർ നേതൃത്വം നൽകി. ⬢





ഡോ.ഡി.സുരേന്ദ്രനാഥ് കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.



ജില്ലാ കൺവൻഷൻ സദസ്സിന്റെ ദൃശ്യം

# എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ മദ്യനയത്തിനെതിരെ സെക്രട്ടേറിയറ്റ് മാർച്ച്



എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു.


മാർച്ചിനോടനുബന്ധിച്ച് നടന്ന തെരുവുനാടകം

**വി**നാശകരമായ മദ്യനയത്തിനെതിരെ ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ) കേരള സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 19 ന് സെക്രട്ടേറിയറ്റ് മാർച്ച് നടന്നു. മാർച്ചിനോടനുബന്ധിച്ച് സെക്രട്ടേറിയറ്റിനുമുന്നിൽ ചേർന്ന യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ്, വൈസ് പ്രസിഡന്റ് സഖാവ് പി.പി.പ്രശാന്ത്കുമാർ, ജോ. സെക്രട്ടറി സഖാവ് ടി.ആർ.രാജിമോൾ, സഖാവ് എസ്.ശ്രീകുമാർ, എഐഡിഎസ്ഒ സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് എ.ഷൈജു തുടങ്ങിയവർ പ്രസംഗിച്ചു. പാളയം രക്തസാക്ഷി മണ്ഡപത്തിന് സമീപത്ത് നിന്ന് ആരംഭിച്ച പ്രകടനത്തിന് സഖാക്കൾ എൻ.ആർ.അജയകുമാർ, എം.പ്രദീപൻ, ഏ.വി.ബെന്നി, കെ.ബിമൽജി, എ.എം.സുരേഷ്, അനിലാ ബോസ് തുടങ്ങിയവർ നേതൃത്വം നൽകി. എം.പ്രദീപന്റെ നേതൃത്വത്തിൽ സി. ഹണി, അനീഷ് തകഴി തുടങ്ങിയവർ സെക്രട്ടേറിയറ്റിനുമുന്നിൽ ലഹരിവിരുദ്ധ നാടകം അവതരിപ്പിച്ചു. ●

# സാമൂഹ്യവിരുദ്ധ മദ്യനയം

(1-ാം പേജിൽ നിന്ന്)

പയോഗപ്പെടുത്തിയാണ് ലഹരിമരുന്ന് മാഫിയ സമൂഹത്തിൽ ചുവടുറപ്പിച്ചിരിക്കുന്നത്. ബാറുകൾ അടച്ചുപൂട്ടിയതിനാലാണ് ലഹരിമരുന്ന് ഉപഭോഗം വർദ്ധിച്ചത് എന്ന സർക്കാർ ഭാഷ്യം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ച് മാത്രമുള്ളതാണ്. മദ്യലഹരി ഒരുവനെ അനായാസം മയക്കുമരുന്നുകളുടെ മരണപ്പിടിയിലേക്ക് തള്ളിവിടുന്നു എന്നതാണ് യാഥാർത്ഥ്യം. മദ്യത്തിന്റെ കാര്യത്തിൽ വർജ്ജനവും മയക്കുമരുന്നിന്റെ കാര്യത്തിൽ നിരോധനവുമാണ് സർക്കാരിന്റെ നയം എന്ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ മുഖ്യമന്ത്രി പ്രസ്താവിച്ചതിന്റെ യുക്തി എന്താണ്

ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകും. സ്റ്റാർ പദവിയുള്ള ഹോട്ടലുകളിൽ കള്ള് വിതരണം ചെയ്യാം. ഔട്‌ലെറ്റുകളുടെ എണ്ണം കുറയ്ക്കില്ല. വിരുന്നു സൽക്കാരങ്ങളിൽ മദ്യം വിളമ്പാം. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകളിലും ആഭ്യന്തര ലോഞ്ചുകളിലും മദ്യം ലഭ്യമാക്കും. ഇങ്ങനെ പോകുന്നു മദ്യനയം. പുതിയ മദ്യനയം നടപ്പാക്കുന്നതോടെ ത്രീ-ഫോർ സ്റ്റാർ പദവിയുള്ള 150 ബാറുകളും 585 ബിയർ വൈൻ പാർലറുകളുമാണ് പ്രാഥമിക ഘട്ടത്തിൽ തുറക്കാൻ പോകുന്നത്. ഫലത്തിൽ കേരളത്തിൽ മദ്യം കുത്തിയൊഴുകും.

### മദ്യനയം ജനങ്ങളോടുള്ള വെല്ലുവിളി

ജനങ്ങളുടെ അതിശക്തമായ സമ്മർദ്ദത്തെത്തുടർന്നാണ് മുൻ യുഡിഎഫ് സർക്കാർ ഘട്ടം ഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാൻ നിർബന്ധിതമായതും ചില നടപടികൾ സ്വീകരിച്ചതും. സുപ്രീംകോടതിയുടെ ഇടപെടൽ മൂലം എഴുനൂറിലേറെ ബാറുകൾ അടച്ചുപൂട്ടിയതും ബിവറേജസ് ഔട്‌ലെറ്റുകളുടെ എണ്ണം പത്തുശതമാനം പ്രതിവർഷം കുറച്ചുകൊണ്ടുവന്നതുമൊക്കെ ചെറുതല്ലാത്ത ആശ്വാസമാണ് കേരളത്തിലെ സാമൂഹ്യ അന്തരീക്ഷത്തിൽ സൃഷ്ടിച്ചത്. മുൻ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിയമസഭയിൽ വച്ച റിപ്പോർട്ടും പോലീസ് ഇന്റലിജൻസ് റിപ്പോർട്ടുകളും അടിപിടി, അക്രമം, വാഹനാപകടങ്ങൾ, ഗാർഹികപീഡനം തുടങ്ങിയ പ്രശ്നങ്ങളിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു എന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ അന്നുമുതൽ അതിനെതിരായ പ്രചാരണത്തിലാണ് ഇടതുമുന്നണി, വിശേഷിച്ചും സിപിഐ(എം). മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് വേണ്ടത് എന്ന വിചിത്രമായ വാദഗതി ഉയർത്തുകയാണ് സിപിഐ(എം).

മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ലഭ്യത സുഗമമാക്കുകയും ചെയ്തിട്ട് വർജ്ജനത്തെക്കുറിച്ച് പറയുന്നതിൽ എന്ത് അർത്ഥമാണ് ഉള്ളത്? തന്നെയുമല്ല വർജ്ജനം എങ്ങനെയാണ് ഒരു സർക്കാരിന് സ്വന്തം നയമായി പ്രഖ്യാപിക്കാനാകുക. വർജ്ജനം ഓരോ വ്യക്തിയും സ്വീകരിക്കേണ്ട നിലപാടാണ്. ഡീ അഡിക്ഷൻ സെന്ററുകൾ സമാന്തരമായി തുടങ്ങുന്നു എന്നതാണ് മറ്റൊരു പ്രഖ്യാപനം. ഡീ അഡിക്ഷൻ സെന്ററുകളിൽ മദ്യം നിർബന്ധപൂർവ്വം നിരോധിച്ചാണ് ചികിത്സ, അല്ലാതെ മദ്യം ലഭ്യമാക്കിക്കൊണ്ടല്ല.

ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ അടച്ചുപൂട്ടുവാൻ സുപ്രീംകോടതി ഉത്തരവിട്ടതോടെ കേരളം ആശ്വാസം കൊണ്ടു. 179 ബിവറേജസ് ഔട്ട്‌ലെറ്റുകളും ഈ ഉത്തരവിനെത്തുർന്ന് പൂട്ടപ്പെട്ടു. ഒപ്പം 1092 കള്ളുഷാപ്പുകളും 532 ബിയർ വൈൻ പാർലറുകളും 137 വിൽപ്പന കേന്ദ്രങ്ങളും 18 ക്ലബ്ബുകളും 9 മിലിട്ടറി കാന്റീനുകളും 8 ബാർ ഹോട്ടലുകളും ഒരു ബിയർ വൈൻ ഔട്ട്‌ലെറ്റുമാണ് സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം പൂട്ടിയത്.

ഹൈവേകളുടെ ഓരത്ത് അടച്ചുപൂട്ടേണ്ടി വന്ന ബിവറേജസ് ഔട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കാൻ നടന്ന നീക്കങ്ങൾ ജനങ്ങളുടെ ശക്തമായ പ്രതിരോധത്തെത്തുടർന്ന് പരാജയപ്പെട്ടതും ബിവറേജസ് കോർപ്പറേഷൻ പോലീസ് സഹായം ആവശ്യപ്പെട്ടതുമെല്ലാം ജനങ്ങൾക്ക് മദ്യശാലകൾവേണ്ട എന്നതിന്റെ തെളിവാണ്. പൂട്ടപ്പെട്ട 179 ഔട്ട്‌ലെറ്റുകളിൽ 50-ൽ താഴെ മാത്രമേ പുനഃസ്ഥാപിക്കാൻ കോർപ്പറേഷന് സാധിച്ചുള്ളൂ. ബാക്കിയെല്ലാം ശക്തമായ ജനകീയ സമരത്തെത്തുർന്ന് പരാജയപ്പെടുകയാണ് ഉണ്ടായത്.

ജനങ്ങൾക്കുവേണ്ടാത്ത മദ്യശാലകൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത് ആർക്കുവേണ്ടിയാണ്? തിരുവനന്തപുരം മുതൽ ചേർത്തലവരെ നീണ്ടുകിടക്കുന്നത് ദേശീയ പാതതന്നെയല്ലേ എന്ന കോടതിയുടെ ചോദ്യത്തിന് സർക്കാർവക്കീൽ ബോധപൂർവ്വം മൗനം പാലിച്ചു. അതിന്റെ പേരിൽ കോടതി സർക്കാരിനെ ശാസിക്കുംവരെ എത്തി കാര്യങ്ങൾ. അടച്ചുപൂട്ടപ്പെട്ട ഔട്ട്‌ലെറ്റുകൾ അതേ താലൂക്കിൽ തന്നെ തുറന്നു പ്രവർത്തിക്കാനും മദ്യനയം ശുപാർശ ചെയ്യുന്നുണ്ട്.

മദ്യശാലകൾ സ്ഥാപിക്കാൻ തദ്ദേശ സ്ഥാപനങ്ങളുടെ എതിർപ്പില്ലാ രേഖ(എൻഒസി) വേണം എന്ന വ്യവസ്ഥയും റദ്ദാക്കി. നഗരപാലികാ ആക്ടിലെ 447-ാം വകുപ്പും പഞ്ചായത്തീരാജ് ആക്ടിലെ 232-ാം വകുപ്പുമാണ് ഭേദഗതി ചെയ്യപ്പെടുക. ഇതിനായി പഞ്ചായത്തീ രാജ് നഗരപാലികാ ആക്ട് ഭേദഗതി ചെയ്യാനും ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവർണ്ണറോട് ശുപാർശ ചെയ്യാനുമാണ് തീരുമാനം. മദ്യശാലകൾക്ക് ഇനിമേൽ എക്സൈസ് വകുപ്പിന്റെയും കെട്ടിട ഉടമയുടെയും അനുമതി മതിയാകും. പഞ്ചായത്തിന്റെ അനുമതി പ്രസക്തമല്ലാതാകും. ജനകീയ പ്രതിഷേധങ്ങളുടെ മുന്നിൽ വഴങ്ങേണ്ടിവരുന്ന പഞ്ചായത്ത് അധികാരികളെ രക്ഷിക്കുകയെന്ന ഉദ്ദേശ്യവും ഇതിനുപിന്നിലുണ്ട്. ജനങ്ങളുടെ സമ്മർദ്ദത്തെത്തുടർന്ന് പഞ്ചായത്തുകൾക്ക് പലപ്പോഴും അനുമതി നിഷേധിക്കേണ്ടിവരാറുണ്ട്. ജനങ്ങൾക്ക് അധികാരം എന്നതായിരുന്നു പഞ്ചായത്തീരാജ് കൊണ്ടുവന്നുകൊണ്ട് ഇടതുമുന്നണി അവകാശപ്പെട്ടത്. എന്നാൽ ബാർമുതലാളിമാർക്കുമുന്നിൽ പറഞ്ഞതെല്ലാം വിഴുങ്ങുകയും ജനങ്ങളുടെ അവകാശം മാത്രമല്ല, പഞ്ചായത്തുകളുടെ നാമമാത്രമായ അധികാരം പോലും കവർന്നെടുക്കുകയും ചെയ്തിരിക്കുന്നു.

ജനങ്ങൾ കുടിനിർത്തി ബാറുകളും ഷാപ്പുകളും അടച്ചുപൂട്ടട്ടെ എന്ന മന്ത്രി ടി.പി.രാമകൃഷ്ണന്റെ പ്രസ്താവന ജനങ്ങളോടുള്ള വെല്ലുവിളിയാണ്. സ്വന്തം പാർട്ടിക്കാരിലുള്ള വിശ്വാസംകൊണ്ടുകൂടിയാകാം അദ്ദേഹം അങ്ങനെ പറഞ്ഞത് എന്നു കരുതാനേ തരമുള്ളൂ. മദ്യവിരുദ്ധ സമരങ്ങളിൽ പാർട്ടിപ്രവർത്തകർ പങ്കെടുക്കുന്നതിനെ പാർട്ടി പരസ്യമായി വിലക്കിയിട്ടുമുണ്ട്.

സ്ത്രീകളുടെ സ്വൈര്യജീവിതത്തിനും സുരക്ഷിതത്വത്തിനും സർക്കാർ തെല്ലും വില കൽപ്പിക്കുന്നില്ല എന്നാണ് മദ്യനയം വ്യക്തമാക്കുന്നത്. കേരളത്തിൽ സ്ത്രീകൾക്കും പിഞ്ചുപെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ഭയാനകമാം വിധം വർദ്ധിക്കുന്നു എന്നതും മദ്യവും തജ്ജന്യമായ മനോവൈകല്യങ്ങളും അതിന് കാരണമാകുന്നു എന്നതും ഇടതുമുന്നണിയെയും പിണറായി സർക്കാരിനെയും തെല്ലും അലോസരപ്പെടുത്തുന്നില്ല. മദ്യത്തിന്റെ ലഭ്യത മദ്യപാനശീലം വളർത്തുന്നതിൽ നിർണ്ണായകമായ ഘടകമാണ്. കുട്ടികളിൽ വളർന്നുവരുന്ന മദ്യപാനശീലം പരിശോധിച്ചാൽ, ലഭ്യതയും, മദ്യത്തിനനുകൂലമായ പ്രചാരണവുമാണ് അവരെ ഈ ശീലത്തിലേയക്ക് നയിക്കുന്നത് എന്ന് കാണാനാകും.

ബാറുകൾ പൂട്ടിയതുകൊണ്ട് ടൂറിസംമേഖല തകർന്നുവെന്ന് സർക്കാർ വാദിക്കുന്നു. കേരളത്തിൽ ടൂറിസ്റ്റുകൾ വരുന്നത് കേരളത്തിന്റെ സുന്ദരമായ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനും സാംസ്കാരിക വിനിമയം ലക്ഷ്യം വച്ചുമാകണം. അതിനുപകരം മദ്യവും മദിരാക്ഷിയുമാണ് ദൈവത്തിന്റെ സ്വന്തം നാട്ടിലെ ടൂറിസത്തിന്റെ ആകർഷണമെങ്കിൽ ആ ടൂറിസവും അതിലൂടെയുള്ള വരുമാനവും കേരളത്തിനുവേണ്ട എന്നു പറയാനുള്ള സാംസ്കാരിക നിലവാരവും ഇച്ഛാശക്തിയുമാണ് ഒരു സർക്കാർ കാണിക്കേണ്ടത്. കുടിച്ച് പൂസാകാനുള്ള സാഹചര്യമല്ല സർക്കാർ ഒരുക്കേണ്ടത്. വനിതാസഞ്ചാരികൾക്കുനേരെ കേരളത്തിൽ നടക്കുന്ന ആക്രമണങ്ങളും നോട്ടു നിരോധനവും സഞ്ചാരികളുടെ എണ്ണം ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ടെന്ന് പറയപ്പെടുന്നു. എന്നാൽ അതെല്ലാം മദ്യത്തിന്റെ പട്ടികയിൽ പെടുത്താനുള്ള നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ബാറുകൾ പൂട്ടിയ കാലയളവിൽ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചുവെന്ന് മറ്റൊരു റിപ്പോർട്ടുമുണ്ട്. മദ്യമുതലാളിമാരോടുള്ള ഭക്തിയും കൂറുംമൂലം മൂലം പച്ചയായ യാഥാർത്ഥ്യങ്ങൾ കാണാനുള്ള വെളിവുപോലും ഭരണക്കാർക്ക് നഷ്ടമാവുകയാണ്.

ബാറുകളടച്ചാൽ സർക്കാരിന് വരുമാന നഷ്ടമുണ്ടാകുമെന്നാണ് ഒരു പ്രധാന വാദം. വരുമാനനഷ്ടത്തെക്കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ, കേരളീയരുടെ ആകമാന വരുമാനത്തിൽ മദ്യത്തിന്റെ സ്വാധീനമെന്താണെന്ന് ഗവണ്മെന്റ് മിണ്ടുന്നില്ല. കുടുംബ അന്തരീക്ഷത്തിൽ, ആരോഗ്യത്തിൽ, ഉല്പാദനക്ഷമതയിൽ മദ്യം സൃഷ്ടിക്കുന്ന കൊടുംവിപത്ത് കാണുന്നില്ല. അസാന്മാർഗ്ഗികമായി സർക്കാരിന് ലഭിക്കുന്ന നാലായിരം കോടിയുടെ കണക്ക് പറയുന്നവർ, ഒരു വശത്ത് മദ്യത്തിന് വേണ്ടി തുലയ്ക്കുന്ന തുകയും മറുവശത്ത് അത് പ്രത്യുല്പാദനപരമായി വിനിയോഗിച്ചാലുണ്ടാവുന്ന സാമ്പത്തിക വളർച്ചയും സാമൂഹികാരോഗ്യവും കുടുംബങ്ങളുടെ മനസ്സമാധാനവുമെല്ലാം രൂപാക്കണക്കിൽ കൂട്ടുമ്പോൾക്കിട്ടുന്ന തുകയും തമ്മിൽ താരതമ്യം ചെയ്യട്ടെ. എന്നിട്ടുമതി ലാഭനഷ്ടക്കണക്കിന്റെ പരിശോധന. ചുരുക്കത്തിൽ, ഏതാനും ചില മദ്യമുതലാളിമാരുടെ താൽപ്പര്യംമാത്രമേ സർക്കാർ പരിഗണിക്കുന്നുള്ളൂ, മദ്യലഹരിക്കടിപ്പെട്ട ഭർത്താവിനെ, പിതാവിനെ, മക്കളെ ഓർത്ത് കേരളം കണ്ണീർവാർക്കുന്നത് കാണുന്നതേയില്ല.

അടുത്തകാലത്ത് മദ്യനിരോധനം നടപ്പിലാക്കിയ സംസ്ഥാനമാണ് ബീഹാർ. ഏതാനും നാളുകൾക്കുമുമ്പ് കേരളം സന്ദർശിച്ച ബീഹാർ മുഖ്യമന്ത്രി മദ്യനിരോധനം സർക്കാരിന്റെ വരുമാനത്തിൽ നഷ്ടമല്ല ഉണ്ടാക്കിയിട്ടുള്ളത് എന്ന് കണക്കുകൾ നിരത്തി ഉദ്ധരിക്കുകയുണ്ടായി. അദ്ദേഹം എടുത്തു പറഞ്ഞത് മദ്യത്തിനുവേണ്ടി ജനങ്ങൾ ചെലവഴിച്ചിരുന്ന പണം പ്രത്യുൽപ്പാദനപരമായി വിനിയോഗിക്കുന്നതിന്റെ സാദ്ധ്യതകളാണ്.

കുടിവെള്ളവും റേഷനുമില്ലാത്ത മാസങ്ങളാണ് ജനങ്ങളെ സംബന്ധിച്ചിടത്തോളം കടന്നുപോയത്. ബാറുകൾ തുറക്കാൻ കാണിക്കുന്ന അത്യുൽസാഹത്തിന്റെ നേരിയൊരംശംപോലും ഈ വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല.

മദ്യം കുത്തിയൊഴുക്കാൻ തീരുമാനിച്ചതിനു പിന്നിൽ സർക്കാർ ഉയർത്തുന്ന വാദഗതികൾ ദുർബ്ബലങ്ങളാണെന്നു മാത്രമല്ല, ജനവിരുദ്ധവും സാമൂഹ്യവിരുദ്ധവുമാണ്. എന്നിട്ടും നിർബന്ധബുദ്ധിയോടെ എന്തിന് നീങ്ങുന്നു എന്നതിന് മദ്യലോബിയോടുള്ള ഭക്തിയും അവർ നൽകിയ കിഴിയോടുള്ള കൂറും മാത്രമാണ് കാരണം എന്ന് പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും അതിനും അപ്പുറത്തുള്ള രാഷ്ട്രീയ താൽപര്യങ്ങൾ അതിനുപിന്നിലുണ്ട്. ജനജീവിതത്തിനുമേൽ മുതലാളിത്തം നടത്തുന്ന കടന്നാക്രമണങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ഇതിനെതിരെ ഉയർന്നുവരുന്ന ചെറുത്തുനിൽപ്പ് സാദ്ധ്യത മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം മരണഭീതിയുണർത്തുന്നതാണ്. പട്ടിണികിടക്കുന്ന ഒരു ജനതയ്ക്കുപോലും സാംസ്കാരികവും ധാർമ്മികവുമായ നട്ടെല്ലുണ്ടെങ്കിൽ ഉണർന്നുപൊരുതാനാകും. അത് മുൻകൂട്ടി തടയുക എന്ന ലക്ഷ്യത്തോടെയാണ് ഭരണാധികാരികൾ, ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ മദ്യത്തിലും മയക്കുമരുന്നിലും തളച്ചിടാൻ ശ്രമിക്കുന്നത്. ഇടതുപക്ഷമെന്നവ

(ശേഷം 9-ാം പേജിൽ)

# അന്താരാഷ്ട്ര ലഹരി വിരുദ്ധ മാസാചരണം

**കേരളത്തെ മദ്യത്തിൽമുക്കിക്കൊല്ലുന്ന സർക്കാരിന്റെ മദ്യനയം പിൻവലിക്കുക, മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെയും മറ്റ് സാമൂഹ്യസംഘടനകളുടെയും ആഭിമുഖ്യത്തിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ജൂൺ 26 മുതൽ ജൂലൈ 26 വരെ സംസ്ഥാനത്തെമ്പാടും നടക്കുകയാണ്.**



സെക്രട്ടേറിയറ്റിനുമുന്നിലെ പ്രതിഷേധ ധർണ്ണ സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്യുന്നു

### സെക്രട്ടേറിയറ്റ് ധർണ്ണ

കേരള സംസ്ഥാന മദ്യവിരുദ്ധ ജനകീയ സമരസമിതിയും എഐഎംഎസ്എസും സംയുക്തമായി നടത്തിയ സെക്രട്ടേറിയറ്റ് ധർണ്ണ ഡോ.വിൻസന്റ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത മുഴുവൻ ആൾക്കാരും ലഹരിവിരുദ്ധ പ്രതിജ്ഞ ചെയ്തു.

മദ്യവിരുദ്ധ ജനകീയ സമരസമിതി സംസ്ഥാനപ്രസിഡന്റ് പ്രൊഫ. സൂസൻ ജോൺ, കൺവീനർ എൻ.ആർ.മോഹൻകുമാർ, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ, എഐഡിവൈഒ സംസ്ഥാന സെക്രട്ടറി ഇ.വി. പ്രകാശ്, മദ്യവിരുദ്ധജനകീയ സമരസമിതി ആലപ്പുഴ ജില്ലാ സെക്രട്ടറി സി.വി പീതാംബരൻ, തഴുത്തല ദാസ്, എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ്, ആർ.ബിജു, എൽ.ഹരിറാം, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി എ.ഷൈജു, കെ.കെ ശോഭ, എ.സബൂറ തുടങ്ങിയവർ പ്രസംഗിച്ചു.

### എറണാകുളം

എറണാകുളം ജില്ലാതല ഉദ്ഘാടനം വെട്ടിക്കൽ ബസേലിയോസ് വിദ്യാനികേതൻ എസ്എസ്എസ് അങ്കണത്തിൽ മൂവാറ്റുപുഴ ഡിവൈഎസ്പി കെ.ബിജുമോൻ നിർവ്വഹിച്ചു. മദ്യവിരുദ്ധ ജനകീയ സമരസമിതി ജനറൽ കൺവീനർ എൻ. ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.സൂസൻ ജോൺ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ ചാപ്റ്റർ അംഗം കെ.എസ്.ഹരികുമാർ മുഖ്യപ്രഭാഷണം നടത്തി. കവി സത്കലാ വിജയൻ ലഹരിവിരുദ്ധഗാനം ആലപിച്ചു. വിവിധ സ്കൂളുകളിൽ നിന്ന് ലഹരിവിരുദ്ധ ചിത്രരചനാ മത്സരത്തിൽ പങ്കെടുത്ത് വിജയിച്ച വിദ്യാർത്ഥികൾക്ക് കെ.കെ.ഗോപിനായർ, എൻ.ആർ.സെനിത്കുമാർ, ബിനുരാജ് കലാപീഠം, കെ.കെ.സുകുമാരൻ എന്നിവർ പുരസ്ക്കാരങ്ങൾ നൽകി. സമിതി മേഖലാ സെക്രട്ടറി റെജിഐപ്പ് സ്വാഗതവും പ്രിൻസിപ്പാൾ സൂസി ചെറിയാൻ നന്ദിയും പറഞ്ഞു.

സ്കൂൾമാനേജർ റവ.ഫാ. വിനോദ് ജോർജ്ജ്, ഫാ.എബ്രഹാം ജേക്കബ്, ഫാ. ജോസ് വെട്ടിക്കുഴി, പെരുമ്പിള്ളി വായനശാലാ പ്രസിഡന്റ് റീജ സതീഷ്, എം.കെ.ഉഷ, എൻ.എം.ബാബു, പിറ്റിഎ കമ്മിറ്റി ഭാരവാഹികൾ, അദ്ധ്യാപകർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. രാവിലെ വെട്ടിക്കൽ ജംഗ്ഷനിൽനിന്നാരംഭിച്ച മദ്യവിരുദ്ധ റാലിയിൽ വിവിധ സ്കൂളുകളിൽനിന്ന് വിദ്യാർത്ഥികൾ അണിനിരന്നു. തുടർന്ന്, സ്കൂൾ അങ്കണത്തിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സും, സ്കൗട്സ് ആന്റ് ഗൈഡ്സും നൽകിയ ഗാർഡ് ഓഫ് ഓണർ മുഖ്യാതിഥി ഡിവൈഎസ്പി കെ.ബിജുമോൻ സ്വീകരിച്ചു.



മുളന്തുരുത്തിയിൽ വെട്ടിക്കൽ സ്കൂളിൽ നടന്ന ലഹരിവിരുദ്ധ മാസാചരണ സമ്മേളനത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കുന്നു

### കൊല്ലത്ത് കളക്ട്രേറ്റ് മാർച്ച്

മദ്യവിരുദ്ധ ജനകീയ സമരസമിതി ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലത്ത് കളക്ട്രേറ്റ് മാർച്ച് നടന്നു. സമിതി ജില്ലാപ്രസിഡന്റ് പി.ബി.രാജൻപിള്ള മാർച്ച് ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ്പ്രസിഡന്റ് എ.ജയിംസ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കെ.ഒ.മാത്യു പണിക്കർ, ജി.ധ്രുവകുമാർ, ഷറഫ് കുണ്ടറ, പി.പി.പ്രശാന്ത്കുമാർ, ഡോ.കുഞ്ഞണ്ടിച്ചൻ എന്നിവർ പ്രസംഗിച്ചു. ടിങ്കിൾപ്രഭാകരൻ സ്വാഗതവും യേശുദാസൻ നന്ദിയും രേഖപ്പെടുത്തി.



കൊല്ലം കളക്ട്രേറ്റ് മാർച്ച് മദ്യവിരുദ്ധ ജനകീയസമരസമിതി ജില്ലാ പ്രസിഡന്റ് പി.ബി.രാജൻപിള്ള ഉദ്ഘാടനം ചെയ്യുന്നു

### ചെങ്ങന്നൂരിൽ പ്രതിഷേധ റാലിയും പൊതുസമ്മേളനവും

ജനകീയ സമരത്തിലൂടെ അടച്ചുപൂട്ടിയ ചെങ്ങന്നൂർ തോട്ടിയാട്ടെ മദ്യശാല വീണ്ടും തുറക്കാനുള്ള നീക്കത്തിനെതിരെ മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ ടൗണിൽ വൻ പ്രതിഷേധറാലിയും പൊതുസമ്മേളനവും നടന്നു. ഫാ.തോമസ് കൊക്കാപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം അഭിവന്ദ്യ തോമസ് മാർ അത്തനാത്തിയോസ് മെത്രാപ്പൊലിത്ത ഉദ്ഘാടനം ചെയ്തു. ഡോ.ജോഷാ മാർ ഇഗ്നാസിയോസ് മെത്രാപ്പൊലിത്ത മുഖ്യ പ്രസംഗം നടത്തി. ആർ.പാർത്ഥസാരഥി വർമ്മ, ആലാ വാസുദേവൻപിള്ള, കെ.പി.സുബൈദ, ശശി പന്തളം, ഫിലിപ്പ് ജോൺ, ജി.മുരളീധരൻ നായർ, ടി.കെ.ശിവദാസ്, റവ. തോമസ് ജോർജ്ജ്, റവ. ഡാനിയേൽ എം.ജേക്കബ്, ഫാ. ജോൺ ചാക്കോ, ഫാ. ജോൺ സി.പുത്തൻവീട്, ഫാ. രാജൻ വർഗ്ഗീസ്, രാജമ്മ അപ്പുക്കുട്ടൻ എന്നിവർ പ്രസംഗിച്ചു. കെ.ആർ.പ്രഭാകരൻ നായർ സ്വാഗതവും മധു ചെങ്ങന്നൂർ നന്ദിയും പറഞ്ഞു.

### പോലീസ് നടപടിയിൽ പ്രതിഷേധിച്ചു

ജനകീയ സമരത്തെത്തുടർന്ന് അടച്ചുപൂട്ടിയ തോട്ടിയാട്ടെ മദ്യവില്പനശാല തുറക്കുന്നതിനുവേണ്ടി ജൂലൈ 5 ന്, വൻ സന്നാഹവുമായി എത്തിയ പോലീസ് സമരപ്പന്തലിലേയ്ക്ക് അതിക്രമിച്ചു കയറുകയും സ്ത്രീകളും കുട്ടികളുമടങ്ങുന്ന ജനങ്ങളെ തടഞ്ഞുവയ്ക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച എസ്‌യുസിഐ(സി) ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ മധു ചെങ്ങന്നൂർ, റോയി മാത്യു എന്നിവരെ സമരപന്തലിൽ നിന്ന് അറസ്റ്റു ചെയ്തു. ഗതാഗതംപോലും സ്തംഭിപ്പിച്ച് എവ്വിധവും മദ്യശാല തുറക്കാനുള്ള പോലീസിന്റെ നടപടിയിൽ അങ്ങേയറ്റം ജനാധിപത്യവിരുദ്ധവും പ്രതിഷേധാർഹവുമാണെന്ന് പാർട്ടി ചെങ്ങന്നൂർ ലോക്കൽ കമ്മിറ്റി കുറ്റപ്പെടുത്തി. ജനകീയ സമരം ശക്തമാക്കാൻ പാർട്ടി ആഹ്വാനം ചെയ്തു. യോഗത്തിൽ പാർട്ടി ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് ആർ.പാർത്ഥസാരഥിവർമ്മ, ലോക്കൽ സെക്രട്ടറി സഖാവ് ടി.കോശി, കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ബിമൽജി, വി.വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.

### സുൽത്താൻ ബത്തേരിയിൽ ലഹരിവിരുദ്ധ ജനകീയസംഗമം

ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ജനകീയസംഗമം നടത്തി. സ്വതന്ത്ര മൈതാനിയിൽ നടന്ന സംഗമം ജനകീയ പ്രതിരോധ സമിതി ജില്ലാപ്രസിഡണ്ട് അഡ്വ.കെ.അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു.

ജില്ലയിൽ നടന്നുവരുന്ന എല്ലാ മദ്യഷാപ്പ് വിരുദ്ധ സമരങ്ങൾക്കും സംഗമം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എം.എ.പുഷ്പ അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ല കർഷക പ്രതിരോധ സമിതി സെക്രട്ടറി വി.കെ.സദാനന്ദൻ, ഐഎൻപിഎ ജില്ലാ സെക്രട്ടറി പി.കെ. ഭഗത്, ദേവസ്യ പുറ്റനാൽ, ബി.ഇമാമുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

### മദ്യവിരുദ്ധ സമരത്തിന് വൻവിജയം

കോഴിക്കോട് ഊളേരിയിൽ പുതുതായി ആരംഭിച്ച ബീവറേജസ് ഔട്ട്ലെറ്റിനെതിരെ എസ്‌യുസിഐ (സി) ഉൾപ്പെടെ നിരവധി പ്രസ്ഥാനങ്ങളുടെ പങ്കാളിത്തമുള്ള ജനകീയ സമരസമിതി നടത്തിവന്ന സമരം 36-ാം ദിവസം വിജയംവരിച്ചു. സമരത്തെത്തുടർന്ന് ഔട്ട്ലെറ്റ് അടച്ചുപൂട്ടി. 36 ദിവസവും നൂറുകണക്കിന് സ്ത്രീകളും വിദ്യാർത്ഥികളും അടക്കം ഉപരോധംതീർത്താണ് സമരം ചെയ്തത്. തുടക്കംമുതൽ സിപിഐ(എം)ന്റെ നേതൃത്വത്തിൽ നടത്തിയ എല്ലാ കുതന്ത്രങ്ങളെയും കൈയ്യേറ്റങ്ങളെയും അതിജീവിച്ചുകൊണ്ടാണ് സമരം വിജയത്തിലെത്തിച്ചത്. വിജയം ആഘോഷിച്ചുകൊണ്ട് നടത്തിയ പൊതുയോഗത്തിൽ സമരസമിതി പ്രസിഡന്റ് ദേവസ്യമാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. സുനീഷ്, പ്രകാശൻ, കുര്യൻ ചെമ്പനായിൽ, ധന്യ, പി.കെ.മധു എന്നിവർ പ്രസംഗിച്ചു. ⬣



ചെങ്ങന്നൂർ തൊട്ടിയാട് ലഹരിവിരുദ്ധ സമ്മേളനം



ഇടുക്കി ചെറുതോണിയിൽ ലഹരിവിരുദ്ധദിനാചരണം



സുൽത്താൻബത്തേരിയിൽ ലഹരിവിരുദ്ധ സംഗമം

# സാമൂഹ്യവിരുദ്ധ മദ്യനയം

*(8-ാം പേജിൽ നിന്ന്)*

കാശപ്പെടുന്ന സിപിഐ(എം) സർക്കാരിന്റെ മദ്യനയം ഈ മുതലാളിവർഗ്ഗ താൽപര്യത്തെ പ്രതിഫലിപ്പിക്കുന്നുവെന്നതാണ് ഖേദകരം. മദ്യരാജാക്കന്മാരും അവരുടെ പിണിയാളുകളായ രാഷ്ട്രീയക്കാരും അവർ നയിക്കുന്ന സർക്കാരും ചേർന്ന് കേരളത്തെ മദ്യത്തിൽ മുക്കികൊല്ലാൻ ശ്രമിക്കുമ്പോൾ സാമൂഹ്യനന്മയും സമാധാനവും സുരക്ഷയും കാംക്ഷിക്കുന്ന ജനങ്ങൾ ഒന്നാകെ വീറുറ്റ സമരപാതയിൽ അണിനിരണം. മദ്യവിരുദ്ധ ജനകീയ സമരസമിതികൾക്ക് രൂപംകൊടുത്തുകൊണ്ട് കൂടുതലുയർന്ന തലത്തിലേക്ക് പ്രക്ഷോഭം വളർത്തിയെടുക്കേണ്ടതുണ്ട്.

### മദ്യനയത്തിനെതിരെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സെക്രട്ടേറിയറ്റ് മാർച്ച്

എൽഡിഎഫ് സർക്കാരിന്റെ സാമൂഹ്യവിരുദ്ധ മദ്യനയത്തിനെതിരെ ജൂൺ 30 ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. സാമൂഹ്യനന്മയെയും ജനാഭിലാഷത്തെയും വെല്ലുവിളിച്ചുകൊണ്ടാണ് മദ്യരാജാക്കന്മാർക്ക് വേണ്ടി സർക്കാർ കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്നതെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയേറ്റംഗം ഡോ.വി വേണുഗോപാൽ പറഞ്ഞു. മദ്യത്തിന്റെ ലഭ്യത ക്രമേണ കുറയ്ക്കണമെന്ന് യുഡിഎഫ് സർക്കാർ തീരുമാനിച്ചത് ശക്തമായ ജനകീയ സമ്മർദ്ദത്തിന്റെ ഫലമായിരുന്നു. എൽഡിഎഫ് ഗവൺമെന്റും ആ നയം തുടരണമെന്നായിരുന്നു ജനാഭിലാഷം. എന്നാൽ, അവരുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിലുടനീളം മദ്യത്തിന്റെ മണമുണ്ടായിരുന്നു. അധികാരത്തിലേറിയ നാൾ മുതൽ തന്നെ മദ്യാലയങ്ങൾ വ്യാപിക്കാനുള്ള കരുനീക്കങ്ങളാണ് എൽഡിഎഫ് സർക്കാർ നടത്തിക്കൊണ്ടിരുന്നത്. വളരെ വിചിത്രമായ വാദഗതികളാണ് മദ്യനയം നടപ്പാക്കാൻ സർക്കാർ ഉന്നയിക്കുന്നത്. മദ്യനയം തിരുത്തിക്കുറിക്കുന്നതിനായി അതിശക്തമായ ജനകീയ പ്രക്ഷോഭം വളർത്തിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാവിലെ 10.30 ന് പാളയം ഫൈൻ ആർട്സ് കോളേജിനു മുന്നിൽ നിന്നും മാർച്ച് ആരംഭിച്ചു. ജി.എസ്. പത്മകുമാർ, ജെയ്സൺ ജോസഫ്, ഷൈല കെ.ജോൺ, ആർ.കുമാർ, ഇ.വി.പ്രകാശ്,ആർ.അപർണ്ണ എന്നിവർ പ്രസംഗിച്ചു. ⬣

## കേരളം പകർച്ചപ്പനിയുടെ പിടിയിൽ

# സ്വകാര്യ ആരോഗ്യവ്യവസായത്തെ പുഷ്ടിപ്പെടുത്തുന്ന നയത്തിന്റെ ഫലം

**കേരളമിന്ന് പകർച്ചപ്പനിയുടെ പിടിയിലാണ്. ദിവസേന പതിനായിരക്കണക്കിനാളുകൾ പുതുതായി ചികിത്സ തേടിയെത്തുന്നു. ആശുപത്രികൾ നിറഞ്ഞുകവിയുകയാണ്. ഐസിയുവിൽ അഡ്മിറ്റ് ചെയ്യേണ്ട രോഗികളെപ്പോലും അഡ്മിറ്റ് ചെയ്യാനാവാത്ത അവസ്ഥ. സർക്കാരാശുപത്രികളിലെ ഡോക്ടർമാരും ജീവനക്കാരും സ്വന്തം ആരോഗ്യം പരിഗണിക്കാതെ പണിയെടുക്കുന്നു. സ്വകാര്യ ആശുപത്രികൾക്ക് ചാകരയടിഞ്ഞതുപോലെ വരുമാനം.**

സർക്കാർ കണക്കനുസരിച്ച് ഇതിനോടകം (ജൂൺ 1 വരെ) 20 ലക്ഷത്തോളം പേർ ചികിത്സ തേടിയെത്തിരിയിരിക്കുന്നു.ദിവസേന 28000 പേർ പുതുതായി ചികിത്സ തേടുന്നു. മുന്നൂറോളം പേർ ഇതിനോടകം മരണമടഞ്ഞു. ദിവസേന പത്തോളം പേർ മരിച്ചുകൊണ്ടുമിരിക്കുന്നു. ആരോഗ്യസേവനരംഗത്തെ70 ശതമാനവും സ്വകാര്യമേഖലയിലാണെന്നതും അവർ കൃത്യമായ കണക്ക് സർക്കാരിന് നൽകുന്നില്ലെന്നതും കാരണം മേൽപ്പറഞ്ഞ സർക്കാർ കണക്കിനേക്കാൾ എത്രയോ അധികമാവും യഥാർത്ഥ അവസ്ഥ. ഉറ്റവരായ രോഗികളെ ശുശ്രൂഷിക്കുന്ന കുടുംബാംഗങ്ങളുടെ എണ്ണവും കൂടെ ചേരുമ്പോൾ കേരളത്തിന്റെ ഇന്നത്തെ അവസ്ഥയോർത്ത് വല്ലാതെ ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

അല്ലാതെതന്നെ നിരവധി ദുരിതങ്ങളാൽ വലയുന്ന പാവങ്ങൾക്ക് താങ്ങാനാവാത്ത ചികിത്സാചെലവാണ് നേരിടേണ്ടിവരുന്നത്. രോഗം വന്ന് പണിചെയ്യാനാവാതെ വരുമാനം നിലച്ച സാധാരണക്കാരന്റെ നിസ്സഹായാവസ്ഥ വല്ലാത്തൊരു ദുരന്തചിത്രമാണ് കാട്ടുന്നത്. പ്രപഞ്ചത്തിലെ ഏറ്റവും വിശിഷ്ടവസ്തുവായ തലച്ചോർ പേറുന്ന മനുഷ്യനെ വെറും നിസ്സാരമായ കൊതുക് പരത്തുന്ന രോഗാണുക്കളാൽ മരണപ്പെടേണ്ട അവസ്ഥ എത്ര ഭീകരമാണ്. ഈ അവസ്ഥയുണ്ടായതിന്റെ കാരണമെന്താണ്? അത് കണ്ടെത്താതെയും യഥാർത്ഥ പരിഹാരനടപടികൾ സ്വീകരിക്കാതെയുമിരുന്നാൽ കേരളത്തിൽ യുദ്ധസമാനം മനുഷ്യജീവനുകൾ പൊലിഞ്ഞുവീഴുന്നത് തുടരും.

സുനാമിയെന്ന പോലെ പൊട്ടിപ്പുറപ്പെട്ടു വരുന്നതല്ല പകർച്ചവ്യാധികൾ. പ്രത്യേകിച്ച് കൊതുകുജന്യരോഗങ്ങൾ, കൃത്യമായ കൊതുക് നിവാരണനടപടികളിലൂടെ പാടെ നിർമ്മാർജ്ജനം ചെയ്യാനോ അപകടരഹിതമായ അളവിലേക്ക് സാന്ദ്രത കുറക്കാനോ ഈ ആധുനിക കാലത്ത് കഴിയാത്തതല്ല. ഈ കേരളത്തിൽ അത്തരത്തിൽ രോഗപ്രതിരോധപ്രവർത്തനങ്ങൾ വ്യാപകമായി നടന്നുവന്നിരുന്നതുമാണ്. നമ്മുടെ ആരോഗ്യമാനേജ്മെന്റിന്റെ പ്രധാന ഊന്നൽ രോഗപ്രതിരോധത്തിനായിരുന്നുതാനും. പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തുന്നവരെ നിരീക്ഷിക്കാൻ പോലും സംവിധാനമുണ്ടായിരുന്ന നാടാണിത്. എവിടെ, എന്നുമുതലാണ് അത്തരം പ്രവർത്തനങ്ങൾ റിവേഴ്സ് ഗിയറിലായതും രോഗം പിടിപെടുന്നവരുടെ എണ്ണം കുതിച്ചുകയറിയതും?. കുറഞ്ഞ പ്രതിശീർഷവരുമാനം യൂറോപ്യൻ നിലവാരത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, ജീവിത സൂചികകൾ ഇതായിരുന്നല്ലോ പാടി പുകഴ്ത്തപ്പെട്ട കേരളാമോഡൽ വികസനം. ഏറെക്കുറെ സൗജന്യമായ പൊതുവിദ്യാഭ്യാസവും രോഗപ്രതിരോധപ്രവർത്തനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള ശക്തമായ പൊതുജനാരോഗ്യസംവിധാനവുമായിരുന്നു അടിത്തറ. അതായിരുന്നു കേരളത്തിന്റെ ഭാവിയിലേക്കുള്ള നിക്ഷേപവും. അതിലൂടെ വാർത്തെടുക്കപ്പെട്ട കേരളീയർ ലോകമെങ്ങും സ്വീകാര്യരായി. അവരുടെ വരുമാനം കേരളത്തിലേക്കൊഴുകി.

മുതലാളിത്തത്തിന്റെ അനിവാര്യനിയമപ്രകാരം സംഭവിച്ച മൂലധനകേന്ദ്രീകരണം മൂലം ആരോഗ്യ രംഗം സ്വകാര്യനിക്ഷേപത്തിന്റെ കളമായി മാറി. കുടുംബത്തിന്റെ ആരോഗ്യം കാക്കുന്നതിനും അടുത്ത തലമുറക്ക് മുന്തിയ വിദ്യാഭ്യാസം നൽകുന്നതിനും മലയാളി നൽകുന്ന പ്രഥമ പരിഗണനയായിരുന്നു ആകർഷണഘടകം.

സ്വകാര്യനിക്ഷേപത്തിന്റെ അവശ്യഘടകമാണ് അതിനനുസൃതമായ മാനസിക ഭൗതിക ഘടകങ്ങളൊരുക്കുകയെന്നത്. തൊണ്ണൂറുകളുടെ പകുതിയോടെ കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങിയ ആഗോളവൽക്കരണനയങ്ങളുടെ പ്രധാന ഊന്നൽ ആരോഗ്യവിദ്യാഭ്യാസ മേഖലകളായിരുന്നു. സർക്കാർ ക്രമേണ പിൻവാങ്ങിക്കൊണ്ട് ഡി.പി.ഇ.പിയിലൂടെ പൊതുവിദ്യാഭ്യാസവും എൻ.ആർ.എച്ച്. എം പദ്ധതിയിലൂടെ പൊതുജനാരോഗ്യവും സ്വകാര്യനിക്ഷേപത്തിന്റെ ശക്തമായ കളരികളാക്കി മാറ്റുകയായിരുന്നു ലക്ഷ്യം. കഴിഞ്ഞ കാൽനൂറ്റാണ്ട് കൊണ്ട് ഉദ്ദിഷ്ടഫലം നേടിയിരിക്കുന്നു.

പൊതുജനാരോഗ്യസംവിധാനങ്ങളെ ആസൂത്രിതമായി നിഷ്ക്രിയവും അനാകർഷവുമാക്കുകയായിരുന്നു ആദ്യപടി. സർക്കാരാശുപത്രികളിൽ രോഗികളുടെ വർദ്ധനവിന് ആനുപാതികമായി ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചില്ലെന്ന് മാത്രമല്ല,നിലവിലുള്ള തസ്തികകൾ വൻതോതിൽ ഒഴിച്ചിടുകയും ചെയ്തു.

1960 ലെ രോഗികളുടെ എണ്ണമനുസരിച്ചുള്ള സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും തുടരുന്നതെന്ന് ഓർക്കണം. അമിതമായ ജോലിഭാരവും മതിയായ അനുബന്ധസംവിധാനങ്ങളൊരുക്കാത്തതും അതുവഴി രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കാരണം പൊതുജനങ്ങളിൽ നിന്നുള്ള ആക്രമണങ്ങൾ വരെ നേരിടേണ്ടി വരുന്നതും കാലാകാലങ്ങളിൽ അർഹമായ സേവനവേതന ആനുകൂല്യങ്ങൾ അനുവദിക്കാത്തതും കാരണം ഡോക്ടർമാർ സർക്കാർ സേവനം ഉപേക്ഷിച്ച് സ്വകാര്യ സ്ഥാപനങ്ങളിലേക്ക് കുടിയേറി. പുഷ്ടിപ്പെട്ട് വരുന്ന സ്വകാര്യ ആശുപത്രികളിലേക്ക് വിദഗ്ദ്ധ ഡോക്ടർമാരെ ആട്ടിയോടിക്കുന്നതിന് വേണ്ടിയായിരുന്നുവോ സർക്കാരിന്റെ ഈ സമീപനമെന്ന് സംശയിച്ചാൽ കുറ്റം പറയാനാകുമോ!

വ്യവസ്ഥാപിതവും വിഖ്യാതവുമായ നമ്മുടെ പൊതുജനാരോഗ്യമേഖലയെ അടിമുടി പൊളിച്ചടുക്കി പകരം രോഗങ്ങളെവെച്ച് വാണിഭം നടത്തുന്ന വിപുലമായ ആരോഗ്യ കമ്പോളമാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ അവതരിച്ച എൻആർഎച്ച്എം എന്ന ലോക ബാങ്ക് പദ്ധതി 2005 ൽ നടപ്പിലാക്കിത്തുടങ്ങിയതോടെ തകർച്ചയുടെ ആക്കം കൂടി. ആരോഗ്യഭരണസംവിധാനമാകെ ആ പദ്ധതി ലക്ഷ്യം വെച്ച വിധത്തിൽ പരിവർത്തനപ്പെട്ടു. ശുചിത്വം, മാലിന്യനിർമ്മാർജ്ജനം, രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ പഞ്ചായത്തുകളുടെ ചുമതലയിലായി. പദ്ധതി വിഹിതത്തിന്റെ നാലിലൊന്നുപോലും ഇപ്പോൾ പഞ്ചായത്തിൽ ചെലവാക്കുന്നില്ല. പഞ്ചായത്തുകളുടെ സ്വതസിദ്ധമായ കെടുകാര്യസ്ഥത കൂടെയാവുമ്പോൾ, സുഘടിതമായ ആസൂത്രണത്തോടെ സുസജ്ജമായ ഒരു സംവിധാനം പ്രവർത്തിക്കേണ്ട ഈ രംഗം താറുമാറാവുമെന്നത് ഉറപ്പാണ്. അതാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നതും.

മുൻപ് സൂചിപ്പിച്ചതുപോലെ മഴക്കാലത്തോടൊപ്പം വന്നെത്തുന്ന പകർച്ചവ്യാധികളെപ്പറ്റി സർക്കാരിന് നല്ലമുന്നറിവ് ഉള്ളതാണ്. മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടത്തേണ്ട ഒന്നായതിനാൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ മേൽനോട്ടം ആവശ്യമായിരുന്നു. പക്ഷെ ഇക്കാര്യത്തിൽ കുറ്റകരമായ വീഴ്ചയാണുണ്ടായത്. ഇത്തവണ സാമാന്യം കടുത്തതും നീണ്ടതുമായ വരൾച്ചാകാലമായതിനാൽ ഫലപ്രദമായ ആസൂത്രണത്തോടെ കൊതുകുനശീകരണപ്രവർത്തനം ആവശ്യമെങ്കിൽ ജനപങ്കാളിത്തത്തോടെ നല്ലരീതിയിൽ നടത്താമായിരുന്നു. വിദ്യാലയങ്ങളുടെ അവധിക്കാലമായതിനാൽ കുട്ടികളെയും രംഗത്തിറക്കാമായിരുന്നു. മുൻകാല അനുഭവങ്ങളിൽ നിന്നും പാഠം പഠിക്കുന്ന സർക്കാരുകൾ അത്തരത്തിലാണ് പ്രവർത്തിക്കുക.

പക്ഷെ നിർണ്ണായകമായ ഈ കാലയളവിൽ ഭരണസംവിധാനമാകെ കുറ്റകരമായ നിഷ്ക്രിയത്വം കാട്ടിയിട്ട് കേരളമാകെ പനിച്ച് വിറക്കുകയും വിലപ്പെട്ട മനുഷ്യജീവനുകൾ ഈയാം പാറ്റകളെപ്പോലെ ചത്തൊടുങ്ങുകയും ചെയ്യുമ്പോൾ പൊതുസമൂഹത്തിന്റെ ശാപം ഏറ്റുവാങ്ങുകയും ചെയ്തപ്പോൾ മന്ത്രിപ്പടയും നേതാക്കന്മാരും ടിവി ക്യാമറകളുടെ മുമ്പിൽ പകൽവെളിച്ചത്തിൽ തവള പിടിത്തക്കാരെ പോലെ പരിസരശുചീകരണത്തിനായി നീങ്ങുന്ന അശ്ലീലാത്മകമായ കാഴ്ചയും നാം കാണുന്നു.

ഈ ജീവന്മരണ വിഷയത്തിലെസർക്കാരിന്റെ നിഷ്ക്രിയത്വം നിഷ്കളങ്കമെന്ന് കരുതണോ? പകർച്ചപ്പനിയുടെ ഒരു സുനാമിത രംഗം കേരളത്തിലൂടെ കടന്നുപോകുമ്പോൾ ജനങ്ങൾ കഷ്ടപ്പെട്ടും കടംവാങ്ങിയുമുണ്ടാക്കുന്ന പണം ആയിരക്കണക്കിന് കോടികളായി ആരുടെ കീശയിലാണ് ചെന്ന് വീഴുന്നതെന്ന് നോക്കുക. സർക്കാർ സംവിധാനങ്ങളുടെ അപര്യാപ്തത കാരണം 75% രോഗികളും ചെന്നടിഞ്ഞത്, രോഗികളെയും സ്വന്തം ജീവനക്കാരെയും ഭീകരമായി ചൂഷണം ചെയ്യുന്ന സ്വകാര്യആശുപത്രികളിലാണ്. ശരിയായ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ പാലിക്കാതെയും ഭീതി സൃഷ്ടിച്ച് അനാവശ്യ ചികിത്സ നൽകിയും അമിതമായും തോന്നിയപോലെ ഫീസ് ചുമത്തിയും കൊള്ളയടിക്കുന്ന, ഉൽകൃഷ്ടമായ മെഡിക്കൽ എത്തിക്സിന് നിരക്കാത്ത വാണിജ്യകേന്ദ്രങ്ങളാണ് മിക്ക സ്വകാര്യആശുപത്രികളുമെന്ന് ഭരണാധികാരികൾക്ക് അറിയാത്തതല്ല. ഇക്കാര്യത്തിൽ നിരവധി റിപ്പോർട്ടുകൾ വന്നിട്ടും സ്വകാര്യആശുപത്രികളിലെ ചികിത്സാഫീസ് സംബന്ധിച്ച് യാതൊരു നിയന്ത്രണവും സർക്കാർ ഏർപ്പെടുത്തിയില്ല. ഇത്തരത്തിലൊരു മഹാമാരി വരുമ്പോൾ സ്വകാര്യആശുപത്രികളോട് രോഗികൾക്ക് സൗജന്യചികിത്സ നൽകാൻ ആവശ്യപ്പെടുകയാണ് വേണ്ടിയിരുന്നത്. ഇന്നിപ്പോൾ സ്വകാര്യ ആശുപത്രികളുടെ ശേഷിക്കപ്പുറത്തേക്ക് രോഗികളുടെ പ്രവാഹമുണ്ടായിക്കഴിഞ്ഞപ്പോഴാണ് കതിരിന്മേൽ വെക്കാൻ വളവുമായി മന്ത്രിപ്പടയിളകിയിരിക്കുന്നത്. സ്വന്തം ചുമതല നിർവ്വഹിക്കാതെ അവർ ജനങ്ങളോട് ഉത്തരവാദിത്വം പഠിപ്പിക്കുന്നു. മാലിന്യസംസ്കരണത്തിന്റെ, കൊതുകുനശീകരണത്തിന്റെ !

വ്യക്തികൾക്ക് ശുചീകരണകാര്യത്തിൽ ഉത്തരവാദിത്തമുണ്ടെങ്കിലും സംഘടിതവും ആസൂത്രിതവുമായി നടത്തേണ്ടുന്ന ഒരു കർമ്മമെന്ന നിലയിൽ പൊതുസംവിധാനമുണ്ടാക്കുകയെന്നത് മോഹഞ്ചദാരോയുടെ കാലത്തെ പരിഷ്കൃത മനുഷ്യൻ അനുവർത്തിക്കുന്നതാണ്.തദ്ദേശഭരണസ്ഥാപനങ്ങൾ ജനങ്ങളിൽ നിന്ന് നികുതിപ്പണം പിരിക്കുന്നതിന്റെ ന്യായീകരണവും അവിടെയാണ്. എഡിബിയിൽ നിന്ന് വായ്പ വാങ്ങിക്കൊണ്ട് നടപ്പിലാക്കിയ എം.ജി.പി പദ്ധതിയിലൂടെയാണ് മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള ഔദ്യോഗിക സംവിധാനങ്ങൾക്കും ജീവനക്കാർക്കും പകരം കുടുംബശ്രീകൾ വഴി ജനങ്ങളിൽ നിന്ന് പണം വാങ്ങി മാലിന്യശേഖരണം തുടങ്ങിയത്. വീടുകളിൽ ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച നമ്പർ പ്ലേറ്റുകൾ വയ്ക്കാനിറങ്ങിയ നഗരസഭകൾ സഭ്യമായ വിധത്തിൽ മാലിന്യം സംസ്കരിക്കാൻ ശ്രമിക്കാത്തതിന് എന്ത് വിശദീകരണം നൽകും? സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ ജനങ്ങൾ അനുവദിക്കുന്നില്ലെന്നവർ ആവർത്തിച്ചു പറഞ്ഞുകൊണ്ടേയിരിക്കുന്നു. തിരുവനന്തപുരം നഗരസഭ കൊണ്ടുതള്ളിയ ബീഭത്സമായ മാലിന്യകൂമ്പാരത്തിൽ പിടഞ്ഞ വിളപ്പിൽശാലയിലെ മനുഷ്യർ ജീവിതം നിലനിർത്താൻ വേണ്ടി നടത്തിയ ധീരോദാത്തമായ പോരാട്ടത്തിന്റെ വിജയം സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ സമാനമായ ജീവിത സാഹചര്യത്തിൽ ജീവിക്കുന്ന പാവങ്ങളെ ചെറുത്തുനിൽപ്പ് സമരങ്ങൾക്ക് പ്രേരണ നൽകിയിട്ടുണ്ടെന്നത് സത്യമാണ്. ഒരു ഇടതുപക്ഷ പ്രസ്ഥാനമെന്ന നിലയിലും. വിളപ്പിൽശാലയിലെ ജനങ്ങളോടൊപ്പം നിലകൊണ്ട പ്രസ്ഥാനമെന്ന നിലയിലും എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്)ചാരിതാർത്ഥ്യം കൊള്ളുന്നു. ജനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുന്ന തരത്തിലുള്ള ആധുനിക വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പകരം ജനങ്ങളെ കുറ്റവാളികളാക്കുന്ന പരിപാടി അവസാനിപ്പിക്കണം. കുപ്പികളുടെയും പാക്കിംഗ് കവറുകളുടെയും വൻതോതിൽ പ്ലാസ്റ്റിക് മാലിന്യം ഉല്പാദിപ്പിച്ചുവിടുന്ന കോർപ്പറേറ്റ് മുതലാളിമാരിൽ നിന്ന് മാലിന്യ സംസ്കരണത്തിനുള്ള ചിലവ് ഈടാക്കുകയാണ് വേണ്ടത്.

പൊതുജനാരോഗ്യ സംരക്ഷണമെന്ന പവിത്രമായ കടമയിൽ നിന്ന് സർക്കാർ പിൻവാങ്ങുന്ന രംഗത്തേക്ക് സ്വകാര്യ ചികിത്സാവ്യവസായം മുന്നേറുകയും പെരുകുന്ന രോഗങ്ങൾ ആ വ്യവസായത്തിന്റെ വികസനത്തിന്റെ അവശ്യഉപാധിയായി മാറുകയും ചെയ്യുമ്പോൾ വികസനവീരന്മാർ ജനങ്ങളുടെ അന്തക്മാരായി മാറുന്ന കാഴ്ചയാണ് നാമിവിടെ കാണുന്നത്. പൊതുജനാരോഗ്യസംരക്ഷണത്തിന്റെ സമ്പൂർണ്ണ ചുമതല സർക്കാർ നിർവ്വഹിക്കണമെന്നും സ്വകാര്യ ആരോഗ്യവ്യവസായ മേഖലയെ പുഷ്ടിപ്പെടുത്തുന്ന നയങ്ങളിൽ നിന്ന് പിന്മാറണമെന്നും ശക്തമായി ആവശ്യപ്പെടേണ്ട സന്ദർഭമാണിത്. പകർച്ചപ്പനിയുടെ കെടുതിയെ നേരിടാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടിസ്വീകരിക്കണമെന്നും സ്വകാര്യ ആശുപത്രികളിലടക്കം പനി ബാധിതർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ⬣

## കുട്ടികളുടെ ലഹരിവിരുദ്ധ റാലിയും സംഗമവും



അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ 26 ന് കുട്ടികളുടെ കൂട്ടായ്മയായ പ്രചോദനയുടെ നേതൃത്വത്തിൽ തോട്ടിയാട് ജംഗ്ഷനിൽ നടന്ന ലഹരിവിരുദ്ധ സംഗമത്തിൽ കുട്ടികൾ ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. വൈകിട്ട് 4 ന് നടന്ന കുട്ടികളുടെ റാലി, ലഹരിവിരുദ്ധ പ്രവർത്തകൻ കെ.ആർ.പ്രഭാകരൻനായർ ഉദ്ഘാടനം ചെയ്തു. ഡിനിധിൻ ടോണി, അലൻ റോയി, നവീൻ കോശി എന്നിവർ റാലിക്ക് നേതൃത്വം നൽകി. തുടർന്ന് അലീന റോയിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംഗമത്തിൽ ഫാ.തോമസ് കൊക്കാപ്പറമ്പിൽ ലഹരിവിരുദ്ധ സന്ദേശം നൽകി. പ്രചോദന ജില്ലാ കോ-ഓർഡിനേറ്റർ ആർ. അപർണ്ണ, പ്രവീൺകുമാർ, നഗരസഭാംഗം ഷിബു രാജൻ, ജനകീയ സമരസമിതി കൺവീനർ മധു ചെങ്ങന്നൂർ, കബനി വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു. ⬣

# ബഹുഭൂരിപക്ഷത്തിനും അവസരം നിഷേധിക്കുന്ന മെഡിക്കൽ ഫീസ് വർദ്ധനവിനെ ചെറുക്കുക

**എംബിബിഎസ് ഫീസ് കുത്തനെ ഉയർത്തിയതിലൂടെ സംസ്ഥാന സർക്കാർ സാധാരണക്കാർക്കും പാവപ്പെട്ടവർക്കുമെതിരായി വീണ്ടുമൊരു പ്രഹരംകൂടി നടത്തിയിരിക്കുന്നു. മെഡിക്കൽ ഫീസ് ഏകീകരിക്കുന്നുവെന്ന പേരിൽ കഴിഞ്ഞ വർഷം വാങ്ങിയതിനെക്കാൾ ഇരട്ടിയിലധികം ഫീസ് ഏർപ്പെടുത്തിക്കൊണ്ടാണ് പിണറായി സർക്കാർ സ്വാശ്രയമുതലാളിമാരോടൊപ്പമാണെന്ന് ഒരിയ്ക്കൽ കൂടി തെളിയിച്ചത്. കേന്ദ്ര ബിജെപി സർക്കാർ കൊണ്ടുവന്ന കേന്ദ്രീകൃത ദേശീയ പ്രവേശന പരീക്ഷയുടെ (നീറ്റ്) മറയിലാണ് സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾക്ക് കുത്തിക്കവർച്ച നടത്താൻ സർക്കാർ അവസരം ഒരുക്കിയത്.**

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഇനി മുതൽ മെറിറ്റ് വിദ്യാർത്ഥികളാണെന്നും അങ്ങനെ ആയതിനാൽ എല്ലാവരും ഇനിമുതൽ ഉയർന്ന ഏകീകൃത ഫീസായ അഞ്ചരലക്ഷം രൂപാ വീതം വർഷാവർഷം നൽകണമെന്നുമാണ് ഫീ നിയന്ത്രണ, മേൽനോട്ട സമിതിയുടെ ഉത്തരവിൽ പറയുന്നത്. കഴിഞ്ഞ വർഷം മെറിറ്റ് വിദ്യാർത്ഥികൾ രണ്ടര ലക്ഷം രൂപയാണ് നൽകിയിരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യവും ലഭിച്ചിരുന്നു. അവർ 25,000 രൂപ മാത്രം അടച്ചാൽ മതിയായിരുന്നു. എന്നാൽ ഇനി മുതൽ ദേശീയ പരീക്ഷ എഴുതുന്നുവെന്ന ഒരൊറ്റ കാരണത്താൽ ദരിദ്ര രേഖയ്ക്കുതാഴെയുള്ള വിദ്യാർത്ഥികളും അഞ്ചരലക്ഷം രൂപാവീതം പ്രതിവർഷം ഫീസടയ്ക്കണം. അഞ്ച് വർഷത്തേക്ക് 27.5 ലക്ഷം രൂപയാണ് അവർ ആകെ ഒടുക്കേണ്ടിവരുന്നത്. ഇത്രയും ഭീമമായ ഒരു തുക അടയ്ക്കാൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമല്ല, ദാരിദ്രരേഖയ്ക്ക് മുകളിലാണെന്ന് സർക്കാർ മുദ്ര കുത്തിയിട്ടുള്ള സാധാരണക്കാർക്കും സാധ്യമാകുന്ന കാര്യമാണോ? വിദ്യാഭ്യാസ വായ്പയെടുക്കേണ്ടി വന്നാൽ അവർ വീടും പറമ്പുമെല്ലാം പണയപ്പെടുത്തേണ്ട സാഹചര്യമുണ്ടാകും.

എൻആർഐ ക്വാട്ടയിൽ അഞ്ച് ലക്ഷം രൂപ വർദ്ധിപ്പിച്ച് വാർഷിക ഫീസ് 20 ലക്ഷമാക്കി ഉയർത്തിക്കൊടുത്തിരിക്കുന്നു. അതിലൂടെ കേരളത്തിലെ സ്വാശ്രയ മാനേജുമെന്റുകൾക്ക് ഓരോ മാസവും 77 ലക്ഷം രൂപ വീതം അധികമായി ലഭിക്കും. കഴിഞ്ഞ വർഷത്തെ ഫീസ് അനുസരിച്ചാണെങ്കിൽ ക്രിസ്ത്യൻ കാത്തലിക് മാനേജ്മെന്റ് അസോസിയേഷനിലെ അംഗ സ്ഥാപനങ്ങൾക്കാകട്ടെ 2.13 കോടിരൂപ വീതം അധികം ലഭിക്കുന്ന ഫീസ് ഘടനയാണിത്. 100 സീറ്റുകളുള്ള സ്വാശ്രയകോളേജിന് പുതിയ വർദ്ധനയനുസരിച്ച് 8 കോടിയോളം രൂപ ഫീസിനത്തിൽ മാത്രം പ്രതിവർഷം ലഭിക്കും.

മെഡിക്കൽ വിദ്യാഭ്യാസത്തെ ചെലവേറിയതാക്കി മാറ്റുകയും സാധാരണക്കാരെ പുറത്താക്കുകയും ചെയ്യുന്ന അങ്ങേയറ്റം ജനദ്രോഹ വിദ്യാഭ്യാസ നയമാണ് യുഡിഎഫിനെ വെല്ലുന്ന വിധത്തിൽ എൽഡിഎഫ് സർക്കാർ നടപ്പാക്കുന്നത്. 27.5 ലക്ഷംരൂപ ഫീസ് കൊടുക്കാൻ നിർവ്വാഹമില്ലാത്തവർ ഡോക്ടറാകാനുള്ള സ്വപ്നം ഉപേക്ഷിക്കണമെന്നാണ് ഉയർന്ന ഫീസ് വർദ്ധനയിലൂടെ സർക്കാർ നൽകുന്ന സന്ദേശം. ദേശീയ പ്രവേശന പരീക്ഷയിലെ റാങ്ക് പട്ടികയിൽ നിന്ന് പ്രവേശനം നടത്തേണ്ടി വരുന്നതിനാൽ ഏകീകൃത ഫീസ് ഘടനയല്ലാതെ മറ്റ് പോംവഴികളില്ലായെന്നാണ് സംസ്ഥാന സർക്കാർ വാദിക്കുന്നത്.

ഏകീകൃത ഫീസ് ഘടനയെന്നു പറഞ്ഞാൽ അതിന്റെയർത്ഥം ഉയർന്ന മാനേജ്മെന്റ് ഫീസ്, മെറിറ്റ് സീറ്റിൽ ഏർപ്പെടുത്തണമെന്നാണോ? അതോ ദേശീയ പ്രവേശന പരീക്ഷയിലൂടെ അഡ്മിഷന് ഏതെങ്കിലും അളവിൽ മെറിറ്റ് പാലിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ, ആ സന്ദർഭം ഉപയോഗിച്ചു മെറിറ്റ് ഫീസിലേയ്ക്കു ഏകീകരിക്കുകയല്ലേ ഒരു ഇടതുസർക്കാർ ചെയ്യേണ്ടിയിരുന്നത്? മെറിറ്റ് സീറ്റെന്നു പറഞ്ഞാൽ കുറഞ്ഞപക്ഷം മെറിറ്റിൽ നിലവിലുള്ള ഫീസിൽ പഠിക്കാൻ 85 ശതമാനം വിദ്യാർത്ഥികൾക്കെങ്കിലും അവസരം ഉറപ്പാക്കാൻ കഴിയുമായിരുന്നല്ലോ. അതിനു പകരം, മാനേജ്മെന്റ് ക്വാട്ടയിലെ ഫീസിനെക്കാൾ ഉയർന്ന ഫീസ് രൂപപ്പെടുത്തി വിദ്യാർത്ഥികളെ കൊള്ളയടിക്കാൻ പിണറായി സർക്കാർ ഗൂഡാലോചന നടത്തുകയാണ് ചെയ്തത്.

മെഡിക്കൽ ക്ലീനിക്കൽ പി.ജി.സീറ്റുകളിൽ 6 ലക്ഷം രൂപയായിരുന്നത് ഒറ്റയടിക്ക് 14 ലക്ഷമാക്കി വർദ്ധിപ്പിച്ചുകൊടുത്ത സർക്കാർ, സ്വകാര്യ സ്വാശ്രയമാനേജുമെന്റുകളുടെ ഏറ്റവും അടുത്ത സുഹൃത്താണെന്ന് തുടക്കത്തിലെ തെളിയിച്ചിരുന്നു. ഇപ്പോൾ നഗ്നമായ വിധത്തിൽ, മാനേജ്മെന്റുകൾക്കുവേണ്ടി വൈദ്യശാസ്ത്ര വിദ്യാഭ്യാസ രംഗത്ത് നിന്ന് സാധാരണക്കാരെ പുറത്താക്കാൻ ഒത്താശ ചെയ്യുന്നു. അതു വഴി യഥാർത്ഥ മെറിറ്റിന്റെ സ്ഥാനത്ത് പണത്തെ മെറിറ്റിന്റെ മാനദണ്ഡമാക്കുകയും ചെയ്തിരിക്കുന്നു.

സ്വകാര്യ സ്വാശ്രയകോളേജുകളുടെ കാര്യത്തിൽ മാത്രമല്ല, പരിയാരം ഉൾപ്പെടെയുള്ള സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലും ഉയർന്ന ഫീസ് തന്നെയാണ് വാങ്ങുന്നത്. അപ്പോൾ, വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ കച്ചവടക്കാരൻ സംസ്ഥാന സർക്കാരെന്ന് തെളിയുന്നു. വൈദ്യശാസ്ത്രത്തിന്റെ എല്ലാ നീതിബോധവും ഇവിടെ ബലികഴിക്കപ്പെടുന്നു. ആരോഗ്യരംഗത്ത് ഇത് വമ്പിച്ച പ്രത്യാഘാതങ്ങൾക്ക് വഴി മരുന്നിടും. ജനങ്ങളുടെ ജീവൻപോലും പന്താടപ്പെടുന്ന ആരോഗ്യ ചികിത്സാവ്യവസ്ഥയായിരിക്കും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുക.

സർക്കാർ മെഡിക്കൽ കോളേജുകൾ കൂടുതലായി ആരംഭിക്കാനുള്ള മുൻ യുഡിഎഫ് സർക്കാരിന്റെ തീരുമാനത്തെപ്പോലും (അത് നടപ്പാക്കുന്നതിൽ യുഡിഎഫ് സർക്കാർ കാട്ടിയ ആത്മാർത്ഥതയില്ലായ്മ കാണാതിരിക്കുന്നില്ല) എൽഡിഎഫ് സർക്കാർ മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അട്ടിമറിക്കുകയായിരുന്നു. സ്വകാര്യ സ്വാശ്രയ കച്ചവടത്തെ മെഡിക്കൽ രംഗത്ത് പ്രോത്സാഹിപ്പിക്കാനുള്ള ഇടതു സർക്കാരിന്റെ വിപൽക്കരമായ നയങ്ങൾ തിരുത്താൻ സന്നദ്ധമാകുന്നില്ലെങ്കിൽ, അതിന്റെ ഫലം വൻ ദുരന്തമായിരിക്കും. സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിക്കുക, സ്വാശ്രയ കച്ചവട വിദ്യാഭ്യാസം മെഡിക്കൽ രംഗത്ത് ഒഴിവാക്കുക എന്നീ ജനകീയ ആവശ്യങ്ങൾ ശക്തമായി ഉയർത്തിക്കൊണ്ടുവരാൻ പൊതു സമൂഹവും മെഡിക്കൽ കമ്മ്യൂണിറ്റിയും ഒത്തൊരുമിച്ച് മുന്നോട്ടു വരേണ്ടിയിരിക്കുന്നു.ആരോഗ്യ വിദ്യാഭ്യാസത്തെ കഴുത്തറുപ്പൻ കച്ചവട ശക്തികളിൽ നിന്ന് മോചിപ്പിക്കാൻ അതല്ലാതെ മറ്റൊരു പോംവഴിയും അവശേഷിക്കുന്നില്ല. ⬢

## സംസ്ഥാന വിദ്യാഭ്യാസസംഗമം




**ഡോ.എ.കെ.രാമകൃഷ്ണൻ വിദ്യാഭ്യാസസംഗമം ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ഡോ.വി.വേണുഗോപാൽ, എം.ഷാജർഖാൻ, അഡ്വ.ബി.കെ.രാജഗോപാൽ**

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തൊഴിൽ പഠിക്കലല്ലെന്നും വിജ്ഞാനവും സംസ്കാരവും ആർജ്ജിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കലാണ് അതിന്റെ ഉന്നത ലക്ഷ്യമെന്നും ജവഹർലാൽ നെഹ്റു സർവകലശാലയിലെ ഡോ.എ.കെ.രാമകൃഷ്ണൻ പറഞ്ഞു. നിലവാരത്തകർച്ചക്കെതിരെ സേവ് എജൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തൃശൂരിൽ ജൂൺ 10 ന് നടന്ന സംസ്ഥാന വിദ്യാഭ്യാസ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തെ കമ്പോളത്തിന്റെ സാധ്യതകൾക്കനുസരിച്ച് ഉടച്ചുവാർക്കാനാണ് കേന്ദ്ര സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപവൽക്കരിക്കുന്നത്. സാധാരണക്കാർക്ക് വിദ്യാഭ്യാസം നൽകാനുള്ള ചുമതലയിൽ നിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒളിച്ചോടുകയാണെന്നും അദ്ദേഹം പറഞ്ഞു.

സമഗ്രമായ ധാരണകൾ ആർജ്ജിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഏത് സാമൂഹിക സാഹചര്യത്തെയും അഭിമുഖീകരിക്കുവാൻ കഴിയും. മലയാളി ഒരു കാലത്ത് ലോകത്ത് മുഴുവൻ പോയി ജീവിച്ചത് നമ്മുടെ നാട്ടിലുണ്ടായിരുന്ന വിദ്യാഭ്യാസത്തിന്റെ നേട്ടങ്ങളിലൊന്നിനെയാണ് കാണിക്കുന്നത്. എന്നാൽ കമ്പോളത്തിനനുസരിച്ച് ഏകമുഖമായ രീതിയിൽ വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കുന്നത് അപകടകരമാണ്.

പൊതുവിദ്യാഭ്യാസത്തിന്റെ ചുമതലയൊഴിയാനായി സംസ്ഥാന സർക്കാർ നടത്തുന്ന അഭ്യാസമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന് തുടർന്ന് സംസാരിച്ച സേവ് എജൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ പറഞ്ഞു. ഡോ.വി.വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു, ശശികുമാർ, ജി.നാരായണൻ, പ്രൊഫ.ഫ്രാൻസിസ് കളത്തുങ്കൽ, മനോജ്, ഇ.വി.പ്രകാശ്, കെ.കെ.രാജൻ, ശരത് (ജെഎൻയു)എന്നിവർ സംസാരിച്ചു. എം.പ്രദീപൻ സ്വാഗതം പറഞ്ഞു. പ്രൊഫ.കെ.ബി.ഉണ്ണിത്താൻ അനുസ്മരണ പ്രഭാഷണം ഡോ.പി.എസ്.ബാബു നടത്തി. ⬢

## മലബാർ കാഷ്യൂഫാക്ടറിയിലെ തൊഴിലാളികൾ അനിശ്ചിതകാലസമരത്തിൽ

2016 സെപ്തംബർ 26 ന് മന്ത്രി മേഴ്സിക്കുട്ടിയമ്മ വിളിച്ചുചേർത്ത ചർച്ചയിൽ സംസ്ഥാന ലേബർ കമ്മീഷണർ, ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, പഴയ തൊഴിലുടമ, പുതിയ തൊഴിലുടമ, യൂണിയൻ പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൊല്ലം ഡീസന്റ് മുക്കിലെ മലബാർ കാഷ്യൂ ഫാക്ടറി തൊഴിലാളികൾ അനിശ്ചിതകാല സമരം ആരംഭിച്ചു.

ഫാക്ടറി ഉടൻ തുറന്നുപ്രവർത്തിപ്പിക്കണമെന്നും 2006 മുതൽ 2016 വരെ പിരിഞ്ഞ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ഉടൻ നൽകണമെന്നും നിലവിലുള്ള തൊഴിലാളികളുടെ സർവ്വീസ് ആനുകൂല്യങ്ങൾ പുതിയ തൊഴിലുടമ ഏറ്റെടുത്തുകൊണ്ട് കരാർ ഉണ്ടാക്കണമെന്നും 2016-ൽ പിരിഞ്ഞ തൊഴിലാളികളുടെ വിടുതൽ ഉത്തരവ് നൽകണമെന്നും ഇവരുടെ ക്ഷേമനിധി, പിഎഫ്, ഇഎസ്ഐ ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷയിൽ പുതിയ മാനേജുമെന്റ് ഒപ്പുവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് എഐയുടിയുസി കശുവണ്ടിത്തൊഴിലാളി സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫാക്ടറിപടിക്കൽ സമരം ആരംഭിച്ചിരിക്കുന്നത്. സമരം ആരംഭിച്ചുകൊണ്ട് നടന്ന സമ്മേളനം കശുവണ്ടിത്തൊഴിലാളി സെന്റർ സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് ഷൈല കെ. ജോൺ, ജോയിന്റ് സെക്രട്ടറി സഖാവ് ബി. വിനോദ് എന്നിവർ പ്രസംഗിച്ചു. സഖാവ് ഹരിദാസൻപിള്ള അദ്ധ്യക്ഷതവഹിച്ചു. ⬢



**അനിശ്ചിതകാല റിലേ സത്യാഗ്രഹം കശുവണ്ടിത്തൊഴിലാളി സെന്റർ സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ്. എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

# ഗോവധ നിരോധനത്തിന് പിന്നിലെ ഗൂഢോദ്ദേശങ്ങൾ

**ഇന്ത്യൻ ജനത നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിൽപ്പെട്ട് നരകിക്കുകയാണ്. ദിനം ചെല്ലുന്തോറും ജീവിതത്തിന്റെ സർവ്വ മേഖലകളിലും ദുരിതങ്ങൾ വർദ്ധിച്ചുവരികയാണ്. ബിജെപി ഗവണ്മെന്റാകട്ടെ അവർക്ക് അല്പമെങ്കിലും ആശ്വാസമെത്തിക്കുന്നതിനുപകരം ഗോസംരക്ഷണത്തിന്റെ പേരിൽ കലിതുള്ളുന്നത് ഏറെ ആശങ്കയുണർത്തുന്നു. കഷ്ടപ്പെടുന്ന ജനങ്ങളുടെ രക്ഷയല്ല ഗോസംരക്ഷണമാണ് തങ്ങളുടെ പ്രഥമ പരിഗണനയെന്ന് യാതൊരുളുപ്പുമില്ലാതെ ബിജെപി മന്ത്രിമാർ വിളിച്ചുകൂവുന്നു. ഇതിന്റെ ചുവടുപിടിച്ച് ആർഎസ്എസ്-ബിജെപി പ്രമാണിമാർ, ബീഫ് കഴിക്കുന്നതിന്റെ പേരിൽ മുസ്ലീം ന്യൂനപക്ഷങ്ങൾക്കുനേരെ വിഷം ചീറ്റുന്നു. രോഗം ബാധിച്ച പശുക്കളെ മൃഗാശുപത്രികളിലെത്തിക്കാൻ ധാരാളം ആംബുലൻസുകൾ ഒരുക്കിവയ്ക്കുന്ന ഗവണ്മെന്റുകൾ ജനങ്ങൾക്ക് പ്രാഥമികമായ ആരോഗ്യപരിപാലനം പോലും ഉറപ്പാക്കുന്നില്ല. പൗരത്വത്തിന്റെ ആധികാരിക രേഖയായി ആധാർ നിർബ്ബന്ധമാക്കിയ സർക്കാർ ഇപ്പോൾ പശുക്കൾക്കും ആധാർ കാർഡ് നൽകാൻ പദ്ധതിയിടുകയാണ്. പശുവിന് മനുഷ്യനുതുല്യമായ സ്ഥാനം നൽകുന്ന വൈകൃതത്തിനാണ് ഇതിലൂടെ തുനിയുന്നത്.**

**ബീ**ഫ് കഴിക്കുന്ന മുസ്ലീമിനെ കൊലയാളിയായി ചിത്രീകരിക്കുന്ന ഹിന്ദുത്വ ഭ്രാന്തന്മാർ മൃഗമായ പശുവിന് മനുഷ്യന്റെയല്ല ദൈവത്തിന്റെ സ്ഥാനമാണ് നൽകുന്നത്. പശു ഇവിടെ ഒരു വ്യക്തിയായി മാറുമ്പോൾ ഒരു മുസ്ലീമിന് വ്യക്തി എന്ന സ്ഥാനം നഷ്ടപ്പെടുന്നു. "ഒരു തുള്ളി പശുവിൻ രക്തം ഭൂമിയിൽ വീണാൽ അത് ഹിന്ദുക്കളെ വേദനിപ്പിക്കും" എന്ന് പ്രഖ്യാപിക്കുന്ന ഗുജറാത്തിലെ ബിജെപി മന്ത്രി പശു സ്നേഹത്തിന് വ്യക്തമായ വർഗീയ നിറം പകരുകയാണ്. ഇതേത്തുടർന്നെല്ലാം മുസ്ലീങ്ങൾക്കുമേലുള്ള പീഡനങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുവരികയാണ്. മുസ്ലീങ്ങളെ വേട്ടയാടാനായി ഗോരക്ഷാസേനകൾ ആയുധമെടുത്ത് ഇറങ്ങുകയായി. ഗോരക്ഷയ്ക്ക് തടസ്സം സൃഷ്ടിക്കുന്നുവെന്ന് തോന്നുന്നവരെയെല്ലാം എന്തും ചെയ്യാനുള്ള അധികാരമവർക്കുണ്ട്. കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലുമുള്ള ബിജെപി ഗവണ്മെന്റുകളാണ് ഇവർക്ക് ശക്തിപകരുന്നതെന്ന് അവർ അഭിമാനപൂർവ്വം പറയുന്നു. ഈ പാതകങ്ങൾക്കെല്ലാം പോലീസിന്റെ ഒത്താശയും ലഭിക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ എന്തെങ്കിലും വിശ്വാസങ്ങളുടെ പേരിലുള്ള അപഥസഞ്ചാരങ്ങളല്ല, ബോധപൂർവ്വം വളർത്തിയെടുക്കുന്ന മതഭ്രാന്തും ആസൂത്രിതമായ ആക്രമണങ്ങളുമാണവയെല്ലാം. പശു ഒരു വിശുദ്ധ മൃഗമായിരുന്നുവെന്നും ഹിന്ദുക്കൾ എക്കാലവും അതിനെ ആരാധിച്ചിരുന്നുവെന്നുമുള്ള തെറ്റായ പ്രചാരണങ്ങൾ കുത്തകകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങളും സർക്കാരിന്റെ പ്രചരണോപാധികളും ചില ഹിന്ദു വർഗീയവാദികളും കൊണ്ടുപിടിച്ചുനടത്തുന്നുണ്ട്. ഈ പ്രചാരണം മുറുകുന്നതിനനുസരിച്ച്, പശുവിനെ കടത്തുന്നതിന്റെയും കശാപ്പിന്റെയും ബീഫ് കഴിക്കുന്നതിന്റെയുമൊക്കെ പേരിൽ മുസ്ലീങ്ങൾക്കുമേൽ നടക്കുന്ന ആക്രമണങ്ങളും പെരുകുന്നു. മുസ്ലീങ്ങളെ മാത്രമല്ല, ചത്ത പശുക്കളെ മറവുചെയ്യുക, അവയുടെ തോൽ ഉരിച്ചെടുക്കുക തുടങ്ങിയ താഴ്ന്നതരം തൊഴിലുകളെടുക്കുന്ന ദളിതരെയും ഇവർ വെറുതെവിടുന്നില്ല. പശു സംരക്ഷണത്തിന്റെ പേരിൽ അവരും പരസ്യമായ ആക്രമണത്തിനും കൊലയ്ക്കും ഇരയായിക്കൊണ്ടിരിക്കുന്നു.

### പശുസംരക്ഷണത്തിന്റെ പേരിൽ നടക്കുന്ന പരാക്രമങ്ങൾക്ക് നിയമപരിരക്ഷ

ബിജെപി ഗവണ്മെന്റ് അടുത്തിടെയിറക്കിയ 'മൃഗങ്ങളോടുള്ള ക്രൂരത തടയൽ (കന്നുകാലി ചന്തകൾക്കുമേലുള്ള നിയന്ത്രണം) ചട്ടം - 2017', കാര്യങ്ങൾ കൂടുതൽ വഷളാക്കുകയും ഗോസംരക്ഷണത്തിന്റെ പേരിൽ നടക്കുന്ന പരാക്രമങ്ങൾക്ക് നിയമ പരിരക്ഷ നൽകുകയും ചെയ്തിരിക്കുന്നു. മുതലാളിവർഗ്ഗവും അവരുടെ ചെരുപ്പ് നക്കികളും പാർലമെന്റിന്റെ പരമാധികാരത്തെ വാഴ്ത്താറുണ്ട്. എന്നാൽ അടുത്തകാലത്ത് പാർലമെന്റിനെ മറികടന്ന് ഉത്തരവുകൾ പുറപ്പെടുവിക്കുന്ന രീതി പതിവായിട്ടുണ്ട്. ഈ ഉത്തരവും അപ്രകാരം തന്നെയാണ് വന്നിരിക്കുന്നത്. കന്നുകാലികളെ മതപരമായ ബലിദാനത്തിനോ കശാപ്പിനോ കാലിച്ചന്തകളിൽ വിൽക്കുന്നത് ഈ ഉത്തരവിലൂടെ തടഞ്ഞിരിക്കുന്നു. പശുവിന്റെ കശാപ്പ് നിരോധിച്ചതുവഴി ജനങ്ങൾക്ക് സ്വന്തം ഭക്ഷണം തെരഞ്ഞെടുക്കാനുള്ള അവകാശമാണ് സ്വേച്ഛാധിപത്യപരമായി നിഷേധിച്ചിരിക്കുന്നത്. തനിഭ്രാന്ത് അല്ലെങ്കിൽ സംഘടിതമായ പൈശാചികത എന്നേ ഇതിനെ വിശേഷിപ്പിക്കാൻ കഴിയൂ. ഈ അധികാരപ്രയോഗത്തിന്റെ പിന്നിലുള്ള ഗൂഢോദ്ദേശങ്ങളും ഇതിന്റെ പ്രത്യാഘാതങ്ങളും എന്തൊക്കെയായിരിക്കും? ഇതിന് മതവുമായി വല്ല ബന്ധവുമുണ്ടോ? ഇനിയും കൂടുതൽ ആയുധങ്ങൾക്ക് അധികാരികൾ മൂർച്ച വരുത്തിക്കൊണ്ടിരിക്കുകയാണോ? ജനങ്ങൾ ഇതിന്റെയെല്ലാം സത്യാവസ്ഥ തിരിച്ചറിയേണ്ടതുണ്ട്.

### ഗോരക്ഷാ പരാക്രമങ്ങളെ ന്യായീകരിക്കാൻ നിരത്തുന്ന നുണകൾ

പശുവിനെ വാഴ്ത്താനായി ആർഎസ്എസ്-ബിജെപി-സംഘപരിവാർ ശക്തികൾ നിരന്തരം കള്ളങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യം നേരായി ചിന്തിക്കുന്നവരെല്ലാം ശ്രദ്ധിച്ചിട്ടുള്ളതാണല്ലോ. തികച്ചും വ്യാജവും അപഹാസ്യവുമായ ഇത്തരം കാര്യങ്ങൾ എഴുതാൻ പോയിട്ട് പറയാൻപോലും നാണക്കേട് തോന്നേണ്ടതാണ്. പശു ശ്വസിക്കുമ്പോൾ ഓക്സിജൻ പുറത്തുവിടുന്നു, ഗോമൂത്രം കുടിക്കുകയും ചാണകം ഭക്ഷിക്കുകയും ചെയ്താൽ വാർദ്ധക്യത്തിലും ആരോഗ്യത്തോടെ കഴിയാം, ഗർഭിണികൾക്ക് ഇത് സുഖപ്രസവം ഉറപ്പാക്കുന്നു, ക്യാൻസർ ഉൾപ്പെടെ പല മാരക രോഗങ്ങൾക്കും പശുവിന്റെ വിസർജ്യം ദിവ്യൗഷധമാണ്, റേഡിയോ ആക്ടീവ് വികിരണങ്ങൾ തടയാൻ ചാണകത്തിന് കഴിവുണ്ട് അങ്ങനെ പോകുന്നു അവകാശവാദങ്ങൾ. ഇത്തരം ചവറുകളൊക്കെ ബോധമുള്ള ആരെങ്കിലും വിശ്വസിക്കുമോ? ഈ അത്ഭുത സിദ്ധികളൊക്കെ ഇന്ത്യൻ പശുക്കൾക്കേ ഉള്ളൂ എന്നും വിദേശ പശുക്കളുടെ പാലും ചാണകവുമൊക്കെ വിഷമാണെന്നുംകൂടി ആർഎസ്എസുകാർ പറയുന്നുണ്ട്. കഷ്ടംതന്നെ! വിശ്വഹിന്ദു പരിഷത് ഇപ്പോൾ 'ശുദ്ധ നാടൻ' പശുക്കളുടെ വിസർജ്യം ശേഖരിച്ച് അതിൽനിന്ന് കക്കൂസ് കഴുകാൻ മുതൽ ഔഷധമായിവരെ ഉപയോഗിക്കാവുന്ന ഉല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുന്നുണ്ട്. 'കാമധേനു' എന്ന പേരിലാണ് ഇവ ഇറക്കുന്നത്. അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുക, എന്നിട്ട് ജനങ്ങളുടെ അറിവില്ലായ്മ മുതലെടുത്ത് കച്ചവടം നടത്തി ലാഭമടിക്കുക. ഇപ്പോൾ ഇറക്കിയിരിക്കുന്ന ഉത്തരവിന്റെ പിന്നിൽ ഇങ്ങനെയൊരു പശ്ചാത്തലമുണ്ട്.

ജനങ്ങളുടെ പ്രതിഷേധം മാനിച്ച് ഈ ഉത്തരവ് പിൻവലിക്കാൻ മിനിമം ജനാധിപത്യ മര്യാദയുള്ള ഏതൊരു ഗവണ്മെന്റും തയ്യാറാകേണ്ടതാണ്. എന്നാൽ ബിജെപി ഗവണ്മെന്റും സംഘപരിവാറും കള്ളപ്രചരണങ്ങൾ നടത്തി ഉത്തരവിനുപിന്നിലെ ദുഷ്ടലാക്ക് മറച്ചുപിടിക്കുകയാണ്. കന്നുകാലി കമ്പോളത്തെ നിയന്ത്രിക്കാനെന്നും മൃഗങ്ങളോടുള്ള ക്രൂരത തടയാനെന്നുമൊക്കെയുള്ള അവരുടെ കപട ന്യായങ്ങൾ ചെലവാകാൻ പോകുന്നില്ല. വസ്തുതകൾ മനസ്സിലാക്കുന്ന ഏതൊരാളും ഇവരുടെ വാദഗതികൾ പുച്ഛിച്ച് തള്ളുകയും ജനങ്ങൾ പട്ടിണികൊണ്ട് വലയുമ്പോൾ പശുവിന് 'പ്രത്യേക പൗരത്വ' പദവി നൽകുന്നതിനെ പരിഹസിക്കുകയുമേ ചെയ്യൂ. ഉത്തരവ് ബീഫ് നിരോധിക്കുന്നതല്ല എന്ന ഭാഷ്യവുമായി രംഗത്തുവരാൻ സ്വന്തം കെണിയിലകപ്പെട്ട സർക്കാർ ഇപ്പോൾ നിർബന്ധിതമായിരിക്കുന്നു. എന്നാൽ ബീഫ് കഴിച്ചുവെന്ന് ആരോപിച്ച് നിരപരാധികളെ കൊന്നുതള്ളുന്നത് കാണുന്ന ജനങ്ങൾ ഇവരുടെ കള്ള പ്രചരണങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല.

### സാമ്പത്തിക രംഗത്ത്, വിശേഷിച്ച് ദുരിതമനുഭവിക്കുന്ന കർഷകർക്കുമേൽ ദുരന്തം വിതയ്ക്കുന്നു

ദരിദ്ര ജനവിഭാഗങ്ങളുടെ, പ്രത്യേകിച്ച് അർദ്ധപട്ടിണിക്കാരായ കർഷകജനതയുടെ ജീവിതത്തിൽ ഈ നിയമം സൃഷ്ടിക്കാൻ പോകുന്ന ദുരന്തഫലങ്ങളാണ് ഇനി ചർച്ച ചെയ്യുന്നത്. വളർത്തുമൃഗങ്ങൾ ഒരു സ്ഥിരസ്വത്തെന്ന നിലയിൽ പരിഗണിക്കാൻ തുടങ്ങിയ കാലംമുതൽ അവയെക്കൊണ്ട് മനുഷ്യനുള്ള പ്രയോജനം കണക്കിലെടുത്ത് മൃഗപരിപാലനം ഒരു ഉത്തരവാദിത്വമായി മനുഷ്യൻ നിർവ്വഹിച്ചുപോന്നു. പശു ഉൾപ്പെടെയുള്ള ഈ വളർത്തുമൃഗങ്ങൾ നിലം ഉഴാനും എണ്ണയാട്ടാനും വണ്ടിവലിക്കാനുംമറ്റുമൊക്കെ ഉപയോഗിച്ചുപോന്നു. എണ്ണം പെരുകിയപ്പോൾ ഇവയെ ഭക്ഷണമാക്കാനും തുടങ്ങി. ഇതിഹാസങ്ങളിൽപോലും ഇതിന്റെ വിവരണങ്ങളുണ്ട്. 'ദ മിത്ത ഓഫ് ദ ഹോളി കൗ' എന്ന വിഖ്യാതമായ കൃതിയിൽ ഡോ. ഡി.എൻ.ഝാ, പുരാതന ഇന്ത്യയിൽ ഹിന്ദുക്കൾ ബീഫ് കഴിച്ചിരുന്നുവെന്ന് മതഗ്രന്ഥങ്ങളും പുരാണങ്ങളുമൊക്കെ സാക്ഷിയാക്കി സമർത്ഥിക്കുന്നുണ്ട്. മുസ്ലീങ്ങൾ ഇന്ത്യയിൽ വന്നതോടെയാണ് ഇന്ത്യക്കാർ ബീഫ് കഴിക്കാൻ തുടങ്ങിയതെന്ന സംഘപരിവാർ നിലപാടിനെ ഇത് ഖണ്ഡിക്കുന്നതിനാൽ ഈ പുസ്തകം പുറത്തുവന്നതോടെ ഗ്രന്ഥകർത്താവിനുനേർക്ക് ഭീഷണിയുയർന്നു. യുക്തി കൈമോശം വന്നാൽപിന്നെ ഇത്തരം മാർഗങ്ങളല്ലേ മനുഷ്യൻ അവലംബിക്കുക. കന്നുകാലികൾക്ക് കർഷകരുടെ സാമ്പത്തിക ജീവിതത്തിൽ കാര്യമായ പങ്കുണ്ട്. 8-9 വയസ്സുകഴിഞ്ഞാൽ കാലികളെ കർഷകർ നിലനിർത്താറില്ല. പശുക്കളുടെ ഉല്പാദനത്തിൽ വന്ന കുറവുമൂലം ഡിമാന്റനുസരിച്ചുള്ള സപ്ലൈ ഈ രംഗത്തില്ലാതായി. ഇത് വിലവർദ്ധനവിനും ഇടയാക്കി. വയ്ക്കോലിനും മറ്റും വിലകൂടിയതും കർഷകർക്ക് വിനയായി. കന്നുകാലികളെ സംരക്ഷിക്കുന്നത് ചെലവേറിയ സംഗതിയായി മാറി. വിത്തുകാളകളെ ഉപയോഗിക്കുന്നതിനുപകരം കൃത്രിമ ബീജസങ്കലനവും നിലവിൽവന്നു. പ്രായം ചെന്നവയെ വിറ്റ് പുതിയതിനെ വാങ്ങാതെ കർഷകർക്ക് നിവൃത്തിയില്ലാതായി. ഈ സാദ്ധ്യത അടഞ്ഞാൽ, സ്വന്തം നിത്യവൃത്തിക്ക് കഷ്ടപ്പെടുന്ന കർഷകന് കാലികളെ എല്ലാംകൂടി തീറ്റിപ്പോറ്റുക തീർത്തും അസാദ്ധ്യമാകും. പണം ആവശ്യം വരുന്ന സന്ദർഭങ്ങളിൽ കാലികളെ വില്ക്കുന്നത് കർഷകർക്ക് വളരെ ഉപകാരപ്രദമായിരുന്നുതാനും. ഇത് നിരോധിച്ചാൽ അവർ കൂടുതൽ കടക്കെണിയിലകപ്പെടും. പുതിയ ഉത്തരവുപ്രകാരം ഒരു കാലിയെ വാങ്ങിയാൽ ആറുമാസം കഴിയാതെ വില്ക്കാനാവില്ല. ഉപയോഗപ്രദമല്ലാത്തവയെയും സംരക്ഷിച്ചേ തീരൂ. വരൾച്ചക്കാലത്തും മറ്റും ഇത് ഏറെ വിനാശകരമാകും. വില്പനയ്ക്ക് യോഗ്യമല്ലാത്തതെന്ന് ഒരു മൃഗവൈദ്യൻ വിധിച്ചാൽ അത്തരം കാലികളെ പിടച്ചെടുക്കാനും പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇത് മറ്റൊരാഘാതമാണ്.

ചുരുക്കത്തിൽ, പശുവിന്റെ ഉല്പാദനം ഗണ്യമായി കുറയാൻ പോകുകയാണ്. മുതലാളിത്ത ചൂഷണവാഴ്ചയ്ക്കുകീഴിൽ വലിയൊരു വിഭാഗം ജനങ്ങൾ ജീവിക്കാൻവേണ്ടി കഠിനാദ്ധ്വാനം ചെയ്യുമ്പോൾ, കർഷകരുടെ ആത്മഹത്യ മൂന്നരലക്ഷവും കവിഞ്ഞിരിക്കുമ്പോൾ, കർഷകർ കൃഷിഭൂമിയിൽനിന്ന് പുറന്തള്ളപ്പെടുകയും പാപ്പരാക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ അവരുടെ അവശേഷിക്കുന്ന ജീവനോപാധികൾകൂടി തട്ടിയെടുക്കാൻ മനുഷ്യത്വം ലവലേശമുള്ള ആർക്കെങ്കിലും കഴിയുമോ? ശവത്തിൽ കുത്തുന്ന നടപടിയല്ലേ ഇത്. പശുവിനോടുള്ള 'ക്രൂരത' തടയാനെന്ന പേരിലുള്ള ഈ നടപടി എത്ര വലിയ ക്രൂരതയാണ് കർഷകരോട് കാണിക്കുന്നത്?

വലിയൊരു വിഭാഗം ജനങ്ങൾ ഉപജീവനത്തിന് ആശ്രയിക്കുന്ന, ഒരു ലക്ഷംകോടി രൂപയോളം വരുന്ന ഇറച്ചിയുടെയും അനുബന്ധങ്ങളുടെയും വ്യവസായത്തിന്റെമേലും വിനാശകരമായ പ്രത്യാഘാതമാണ് ഈ ഉത്തരവ് ഉണ്ടാക്കുന്നത്. ഇന്ത്യയിൽ കശാപ്പുചെയ്യുന്ന കാലികളുടെ 30 ശതമാനം മാത്രമാണ് ആഭ്യന്തര ഉപഭോഗത്തിനും കയറ്റുമതിക്കുമുള്ള മാംസത്തിനുവേണ്ടി ഉപയോഗിക്കുന്നത്. ബാക്കി 70 ശതമാനം മൂന്നുഡസനോളം വരുന്ന ഉല്പന്നങ്ങൾ ഉണ്ടാക്കാനായി വ്യവസായമേഖലയാണ് ഉപയോഗിക്കുന്നത്. തുകൽ ബാഗുകളും ചെരുപ്പുകളുമൊക്കെ ഇതിൽപ്പെടും. മാംസത്തിനായി കശാപ്പുചെയ്യുന്ന 30 ശതമാനത്തിൽ ഏറിയപങ്കും പോത്തും എരുമയുമൊക്കെയാണ്. വർഷംതോറും 28,000 കോടി രൂപയുടെ ഇറച്ചി കയറ്റുമതി ചെയ്യുന്നുണ്ട്. 38,500 കോടിരൂപയുടെ തുകൽ വ്യവസായമേഖലയ്ക്ക് നൽകുന്നുണ്ട്. 90 ശതമാനവും കാലിച്ചന്തയെ ആശ്രയിച്ചാണ് ഈ വ്യവസായം നിലനിൽക്കുന്നത്. പുതിയ നിയമം അനേകായിരങ്ങളെക്കൂടി തൊഴിൽരഹിതരുടെ കൂട്ടത്തിലേയ്ക്ക് തള്ളിവിടും. പശുവിനെ സംരക്ഷിക്കാൻ മനുഷ്യന്റെ നിലനിൽപ്പ് അപകടത്തിലാക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്? പശു സംരക്ഷണത്തിന്റെ പേരിൽ മനുഷ്യരെ ബലികൊടുക്കുന്ന ഈ ഏർപ്പാട് അന്ധകാരമയമായ മദ്ധ്യകാലഘട്ടത്തെ ഓർമ്മിപ്പിക്കുന്നതാണ്. വന്യമൃഗങ്ങളുടെ മുന്നിലേയക്ക് ചങ്ങലയിൽ ബന്ധിച്ച അടിമകളെ എറിഞ്ഞുകൊടുത്ത് അവരുടെ മരണവെപ്രാളംകണ്ട് രസിച്ചിരുന്ന റോമാ സാമ്രാജ്യത്തിലെ രാജാക്കന്മാരുടെ ക്രൂരവിനോദത്തെയാണ് ഇത് അനുസ്മരിപ്പിക്കുന്നത്. ഇതൊന്നും ജനങ്ങൾക്ക് മനസ്സിലാകില്ലെന്നാണോ പശുസംരക്ഷക വേഷം കെട്ടുന്നവർ കരുതുന്നത്? മറുവശത്ത്, ബീഫിന്റെയും തുകൽ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെയും കരിഞ്ചന്തയെ പുഷ്ടിപ്പെടുത്തുന്ന നടപടിയല്ലേ ഇത്? ഈ രംഗത്ത് സ്വദേശ, വിദേശ കുത്തകകൾക്ക് വലിയ കച്ചവട സാദ്ധ്യതയല്ലേ ഇതുവഴി തുറന്നുനൽകുന്നത്?

### ഇത് മതതത്വങ്ങൾക്ക് നിരക്കുന്നതോ?

ജീവിക്കാൻ വേണ്ടി ഒരുപാട് കഷ്ടപ്പെടുന്ന ജനവിഭാഗങ്ങളുടെ ജീവിതത്തിൽ കൂടുതൽ കഷ്ടപ്പാട് നിറയ്ക്കുന്നതാണ് പുതിയ ഉത്തരവ് എന്ന് വ്യക്തമാണല്ലോ. മതത്തിന്റെ പേരിലാണ് ഇതൊക്കെ ചെയ്യുന്നത്. പശുവിന് 'വിശുദ്ധി'യുണ്ടെന്നും! 'അമ്മയെപ്പോലെ ആരാധിക്കുന്ന'താണെന്നും അവകാശപ്പെടുന്ന, ഹിന്ദുത്വം പിന്തുടരുന്ന രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ വികാരം മാനിച്ചാണ് ഈ നടപടികളൊക്കെ കൈക്കൊള്ളുന്നതെന്നാണ് ഭരണകക്ഷി പറയുന്നത്. സാമൂഹികമായും ചരിത്രപരമായും നോക്കുമ്പോൾ ഇത് എത്രത്തോളം യുക്തിസഹമാണ്? ദൈവസങ്കല്പം പോലെ മതവും ഒരു

(ശേഷം 13-ാം പേജിൽ)

# ഗോ സംരക്ഷണ പരാക്രമങ്ങൾക്ക് മതതത്ത്വങ്ങളുടെ പിൻബലമില്ല

(12-ാം പേജിൽ നിന്ന്)

പ്രത്യേക ചരിത്ര കാലഘട്ടത്തിൽ, ഒരു പ്രത്യേക സാഹചര്യത്തിൽ, അന്നത്തെ പ്രത്യേക സാമൂഹ്യാവശ്യകത നിറവേറ്റാനായി ഉദയംചെയ്തതാണെന്ന് ചരിത്രത്തിന്റെയും സാമൂഹ്യ വികാസത്തിന്റെയും ശാസ്ത്രീയ വിശകലനം വെളിവാക്കിയിട്ടുള്ളതാണ്. സമൂഹത്തിന് അത് നൈതിക-സദാചാര ധാരണകൾ പ്രദാനംചെയ്തു. മനുഷ്യൻ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ അവതരിപ്പിച്ചു. സമൂഹത്തിനാകെ ബാധകമായ പൊതുതത്വങ്ങൾക്ക് രൂപം നൽകി. ഓരോ മതപ്രവാചകരും തങ്ങളുടെ യുക്തിക്കനുസരിച്ച് ക്ഷമാപൂർവ്വം, പ്രേരണാസ്വരത്തിൽ സ്വന്തം ആശയങ്ങൾ അവതരിപ്പിച്ചു. ഇവ തമ്മിൽ വ്യത്യാസങ്ങളുണ്ടായിരുന്നു. എന്നാൽ സത്യസന്ധരായ ഈ പ്രവാചകരാരുംതന്നെ, അത് ബുദ്ധനോ മഹാവീരനോ ചൈതന്യനോ ക്രിസ്തുവോ നബിയോ കൺഫ്യൂഷിയസോ ആകട്ടെ, ആയുധബലത്താലോ മറ്റു മതങ്ങളെ നിന്ദിച്ചുകൊണ്ടോ സ്വന്തം മതത്തിലേയ്ക്ക് ആളെ ചേർക്കാൻ ശ്രമിച്ചിട്ടില്ല. എല്ലാ മതങ്ങളും സഹിഷ്ണുതയോടെ സഹവസിച്ചു. പില്ക്കാലത്ത് ഇവരുടെ പിൻമുറക്കാർ സ്വത്തുവർദ്ധിപ്പിക്കാനും മറ്റുമായി ബലപ്രയോഗത്തിലൂടെ മതപരിവർത്തനവും മറ്റും നടത്തിയിട്ടുണ്ടെന്നത് ശരിയാണ്. ഒറ്റപ്പെട്ട അത്തരം സംഭവങ്ങൾ അപഭ്രംശങ്ങൾ മാത്രമാണ്. സഹിഷ്ണുതയും സമാധാനപരമായ സഹവർത്തിത്വവുമായിരുന്നു മുഖ്യ പ്രവണതയും അംഗീകൃത കാഴ്ചപ്പാടും. ഇത് യാദൃശ്ചികമായി വന്നുചേർന്നതല്ല, മതപ്രവാചകന്മാരും അവരുടെ സത്യസന്ധരായ പിൻമുറക്കാരും ബോധപൂർവ്വം വളർത്തിയെടുത്തതായിരുന്നു. സഹിഷ്ണുത അവർ സ്വയം വരിച്ചതായിരുന്നു. ഇക്കാര്യത്തിൽ രാമകൃഷ്ണ പരമഹംസരുടെ പ്രസിദ്ധമായ ഒരു വചനമുണ്ട്. മതങ്ങളുടെ എണ്ണം കൂടുമ്പോൾ ദൈവത്തിലേയ്ക്കുള്ള മാർഗ്ഗങ്ങളുടെ എണ്ണമാണ് കൂടുന്നത് എന്നാണദ്ദേഹം പറഞ്ഞത്. ക്രിസ്തുവിനെയും നബിയെയും വാഴ്ത്തിക്കൊണ്ട് വിവേകാനന്ദൻ പറഞ്ഞത്, എന്റെ മകന് ബുദ്ധമതവും ഭാര്യയ്ക്ക് ക്രിസ്തുമതവും എനിക്ക് ഇസ്ലാംമതവും സ്വീകരിക്കാൻ ഒരു തടസ്സവുമില്ല എന്നത്രെ. ഇവരെല്ലാം സഹിഷ്ണുതയല്ലേ ഉയർത്തിപ്പിടിക്കുന്നത്? ഇസ്ലാംമതത്തിലേയ്ക്ക് നിർബന്ധമായി ആളെ ചേർക്കുന്നതിനെ മുഹമ്മദ് നബി എതിർത്തിട്ടില്ലേ? അപ്പോൾ ഏത് മതമാണ് മറ്റുമതങ്ങളെ എതിർക്കാനും വെറുക്കാനും പറഞ്ഞിട്ടുള്ളത്? അന്യ മതവിശ്വാസികളെക്കൊണ്ട് സ്വന്തം മതശാസനങ്ങൾ ബലംപ്രയോഗിച്ച് അനുസരിപ്പിക്കാൻ ഏതുമതത്തിലാണ് പറഞ്ഞിട്ടുള്ളത്? സമൂഹം പുരോഗമിക്കുകയും സാഹചര്യം മാറുകയും ചെയ്തപ്പോൾ, ശാസ്ത്രീയ യുക്തിയുടെ കാലമായപ്പോൾ, മതം കാലഹരണപ്പെട്ടു എന്നത് ശരിതന്നെ. എന്നാൽ, മതങ്ങൾക്ക് പ്രസക്തി ഉണ്ടായിരുന്ന കാലത്ത് ഒരു മതവും മറ്റുമതങ്ങളോട് അസഹിഷ്ണുത പുലർത്തിയിട്ടില്ല എന്നു കാണിക്കാൻവേണ്ടിയാണ് ഇത്രയും പറഞ്ഞത്.

### തികഞ്ഞ മനുഷ്യാവകാശ ലംഘനം

ഇവിടെ നവോത്ഥാനകാലത്തെക്കുറിച്ച് ഓർമ്മിക്കുന്നത് നന്നായിരിക്കും. മുതലാളിത്ത വ്യവസ്ഥ ഉദയംചെയ്ത ആ നാളുകളിൽ അതിന്റെ ആശയപരമായ ഉപരിഘടനയെന്ന നിലയിൽ നവോത്ഥാന ചിന്തയും ഉയർന്നുവന്നു. യുഗനിർണ്ണയാകമായ ചില ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ അടിസ്ഥാനത്തിലാണ് അത്തരമൊരു ആശയപരമായ ഉണർവ്വ് ഉണ്ടായത്. അത് ശാസ്ത്രീയ മനോഘടനയെയും അന്വേഷണ മനോഭാവത്തെയും പോഷിപ്പിച്ചു. അതോടെ മതത്തിനും മതാധിഷ്ഠിത ചിന്താഗതികൾക്കും വിശ്വാസങ്ങൾക്കുമൊക്കെ ഇളക്കംതട്ടാൻ തുടങ്ങി. ബൂർഷ്വാ അർത്ഥത്തിലുള്ളതെങ്കിലും യുക്തിബോധത്തിന്റെ നാളുകൾ പിറന്നതോടെ ദൈവവിശ്വാസവും മതത്തിന്റെ പ്രാമാണികതയും വെല്ലുവിളി നേരിട്ടു. അന്നും മതം ആക്രമണവിധേയമാകുകയോ മതവിശ്വാസികൾ പീഡിപ്പിക്കപ്പെടുകയോ അപമാനിക്കപ്പെടുകയോ ഉണ്ടായില്ല. പ്രകൃത്യാതീത ശക്തികളെ നിരാകരിക്കുന്ന മതേതരത്വത്തിന്റെ പ്രയോക്താക്കൾ പ്രഖ്യാപിച്ചത് മതം വ്യക്തിപരമായ വിശ്വാസത്തിന്റെ പ്രശ്നമായി അവശേഷിക്കുമെന്നും സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ അത് ഇടപെടുകയില്ലെന്നുമാണ്. അങ്ങനെയാണ് സഹിഷ്ണുത സ്ഥാനം നേടിയത്. അതുപോലെതന്നെ വിവിധ മതങ്ങളും ഈശ്വരവിശ്വാസവും യുക്തിവാദവുമൊക്കെ സൗഹാർദ്ദത്തോടെ സഹവസിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മഹത്തായ ആദർശങ്ങൾ ഉയർത്തിപ്പിടിച്ച ആരംഭകാല ബൂർഷ്വാ മാനവവാദവും ജനാധിപത്യവുമൊക്കെ സഹിഷ്ണുതയുടെ മേലാണ് കെട്ടിപ്പടുത്തത്. ബൂർഷ്വാ ജനാധിപത്യം വർഗാധിഷ്ഠിതമായിരുന്നെങ്കിലും അതിന്റെ ആരംഭകാലത്തെ സാമൂഹ്യ താല്പര്യത്തിന് ഇണങ്ങുന്നതായിരുന്നു ഈ ആദർശങ്ങൾ. ബൂർഷ്വാ ജനാധിപത്യം അന്ന് സാമൂഹ്യ പുരോഗതിക്ക് വഴിയൊരുക്കി. അത് ജനങ്ങൾക്ക് മൗലികാവകാശങ്ങളും പൗരാവകാശങ്ങളും പ്രദാനംചെയ്തു. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ദൈവത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും വ്യക്തിജീവിതത്തിൽ ഇഷ്ടമുള്ള മതം സ്വീകരിക്കാനുമൊക്കെയുള്ള അവകാശം ജനങ്ങൾക്ക് ലഭിച്ചു. ഈ അവകാശങ്ങൾ ആരുടെയും ഔദാര്യമായിരുന്നില്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും വികാസത്തിന് അവ അത്യന്താപേക്ഷിതമായിരുന്നു. അവയ്ക്ക് യുക്തിസഹമായ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുതാനും. അതായത് ആ അവകാശങ്ങൾ ദുരുപയോഗം ചെയ്യാൻ പാടില്ല. അവകാശങ്ങളോടൊപ്പം ഉത്തരവാദിത്വങ്ങളുമുണ്ട്. സ്വാതന്ത്ര്യമെന്നത് അരാജകത്വമോ എന്തും ചെയ്യാനുള്ള ലൈസൻസോ അല്ല. ഈ അവകാശങ്ങൾ എങ്ങനെയാണ് ഒരുത്തരവിലൂടെ റദ്ദുചെയ്യാൻ കഴിയുക? ഇവയൊക്കെ ഇല്ലാതാക്കി എന്ത് കഴിക്കണം, എന്ത് ധരിക്കണം, എവിടെ താമസിക്കണം, ഏത് മതം സ്വീകരിക്കണം, ആരെ വിവാഹം കഴിക്കണം, ആരോട് സംസാരിക്കണം, ഏത് വഴിയിലൂടെ സഞ്ചരിക്കണം എന്നുതുടങ്ങി എത്രത്തോളം ശ്വസിക്കണം എന്നുവരെ ഗവണ്മെന്റ് ആജ്ഞാപിക്കാൻ തുടങ്ങിയാൽ അത് എവിടെച്ചെന്നാണവസാനിക്കുക? അത് ജനാധിപത്യത്തെത്തന്നെ ഇല്ലായ്മ ചെയ്യില്ലേ? ജനാധിപത്യം അവസാനിച്ചാൽപ്പിന്നെ ഫാസിസമല്ലേ നിലവിൽ വരിക? അപ്പോൾപ്പിന്നെ നാഗരികതയുടെ സ്ഥിതിയെന്താവും?

### പശുസംരക്ഷണ വാദത്തിനുപിന്നിലൂടെ രംഗപ്രവേശം ചെയ്യുന്നത് കടുത്ത ഹിന്ദു വർഗ്ഗീയത

സംഘപരിവാറിന്റെ ഏകാധിപത്യനടപടികൾക്ക് മതവുമായി യാതൊരു ബന്ധവുമില്ലെന്ന് വ്യക്തം. മുതലാളിവർഗ്ഗസേവകർ അവരുടെ ഹീനമായ അജണ്ട നടപ്പിലാക്കാൻ മതത്തെ ഉപയോഗിക്കുകയാണ്. സങ്കുചിതവും ഹീനവുമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി മതത്തെ ഉപയോഗിക്കുമ്പോൾ അത് മതമൗലികവാദമാകുന്നു. ആർഎസ്എസ്-ബിജെപി ശക്തികൾ ചെയ്യുന്നതുപോലെ അത് എല്ലാ ജീർണ്ണമായ ആശയങ്ങളെയും മതാന്ധതയെയുമൊക്കെ ഊട്ടിവളർത്തുന്നു. വസ്തുതകൾ ഇത് ശരിവയ്ക്കുന്നു. ആർഎസ്എസ്-ബിജെപി നേതാക്കൾ ആസൂത്രിതമായി വർഗ്ഗീയ സ്പർദ്ധ വളർത്തി മുസ്ലീം ന്യൂനപക്ഷങ്ങളിൽ ഭീതി വിതച്ച് അവരെ കീഴ്പ്പെടുത്തുകയും ഹിന്ദുവർഗ്ഗീയ വികാരം ആളിക്കത്തിച്ച് തെരഞ്ഞെടുപ്പ് വിജയങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു. മുതലാളിവർഗ്ഗത്തിനുവേണ്ടിയുള്ള ഈ ഹീനപ്രവൃത്തിയിലൂടെ സഹിഷ്ണതയ്ക്കുപകരം മതഭ്രാന്തും സ്പർദ്ധയും ഊട്ടിവളർത്തുന്നു. മതങ്ങളുടെയും ബൂർഷ്വാ ജനാധിപത്യത്തിന്റെയും യഥാർത്ഥ കാഴ്ചപ്പാടുകളെയൊക്കെ തീർത്തും അവഗണിക്കുന്നു. ജനനന്മയുടെ പ്രതീകമായിരുന്ന ആ ആദർശങ്ങളുടെ സ്ഥാനത്ത് രംഗപ്രവേശം ചെയ്യുന്നത് വർഗ്ഗീയതയും മതമൗലിക വാദവുമൊക്കെയാണ്. ഇപ്പോൾ ഗോസംരക്ഷണത്തിന്റെ പേരിൽ വരുന്ന പുതിയ ഉത്തരവും ഇത്തരം പ്രതിലോമ ചിന്താഗതികളെ പ്രോത്സാഹിപ്പിക്കാനും ഗോരക്ഷയുടെ പേരിൽ നടക്കുന്ന പരാക്രമങ്ങളെ ഭരണനിർവ്വഹണത്തിന്റെ ഭാഗമായി അവതരിപ്പിക്കാനുമുള്ള കുത്സിത നീക്കംതന്നെയാണ്. പണ്ട് ഹിന്ദുമതാചാര്യന്മാർ പ്രചരിപ്പിച്ചതും പ്രാവർത്തികമാക്കിയതും സൗഹൃദത്തിന്റെയും ബഹുത്വത്തിന്റെയും ആദർശങ്ങളാണ്. ഹിന്ദുത്വവാദികളെന്നവകാശപ്പെടുന്നവർ ഇന്ന് മതമൗലികവാദത്തിലൂടെ ആ ആദർശങ്ങളുടെയെല്ലാം കടയ്ക്കൽ കത്തിവയ്ക്കുകയാണ് എന്ന വസ്തുത മൂടി വയ്ക്കാനാകില്ല. ഇത്തരം ആക്രമണോത്സുക പദ്ധതികൾ അനുസ്യൂതം അരങ്ങേറുമ്പോൾ അവശേഷിക്കുന്ന ജനാധിപത്യംപോലും എത്രനാൾ നിലനിൽക്കും എന്ന് പറയാനാകുമോ? ഈ ഹിന്ദുത്വവാദികളെയും പശുസംരക്ഷകരെയുമൊക്കെ പരിഷ്കൃതരെന്ന് വിളിക്കാനാകുമോ?

### എന്തുകൊണ്ടീ ഹീനപദ്ധതി?

ജനങ്ങൾ ദുരിതക്കയത്തിലകപ്പെട്ടിരിക്കുമ്പോൾ, പട്ടിണിമരണങ്ങൾ പെരുകുമ്പോൾ, പട്ടിണി പടരുമ്പോൾ, ജനങ്ങളുടെ ദീനരോദനങ്ങൾ എങ്ങും മാറ്റൊലി കൊള്ളുമ്പോൾ പശുസംരക്ഷണവുമായി ഗവണ്മെന്റ് ഇറങ്ങിത്തിരിച്ചതെന്തിന് എന്നതാണ് ഉത്തരം കിട്ടേണ്ട ചോദ്യം. ഹീനമായ ഒരു രാഷ്ട്രീയ ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളതെന്ന് അല്പം ആഴത്തിൽ പരിശോധിച്ചാൽ മനസ്സിലാകും. സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലാകെ പ്രത്യക്ഷപ്പെട്ടിരിക്കുന്ന തിന്മകളും അന്തരങ്ങളും അപചയങ്ങളുമെല്ലാം ജീർണ്ണവും മരണാസന്നവുമായ മുതലാളിത്ത വ്യവസ്ഥയുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് എന്നതാണ് ആദ്യം മനസ്സിലാക്കേണ്ട വസ്തുത. എല്ലാ തിന്മകളുടെയും മൂലകാരണം മുതലാളിത്തമാണ്. മുതലാളിത്ത വ്യവസ്ഥയുടെ നടത്തിപ്പുകാരനാണ് ഗവണ്മെന്റ്. മുതലാളിവർഗ്ഗമാണ്, അവരുടെ ഹീന പദ്ധതികൾ, ജനാധിപത്യത്തിന്റെ മുഖംമൂടി നിലനിർത്തിക്കൊണ്ടുതന്നെ നടപ്പിലാക്കാനായി ആരെ അധികാരത്തിൽ അവരോധിക്കണമെന്ന് തീരുമാനിക്കുന്നത്. അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെയാകെ താല്പര്യത്തിന് തീർത്തും എതിരായിട്ടുള്ളതാണ് മുതലാളിവർഗ്ഗത്തിന്റെ പദ്ധതികൾ. ജാതി, മതം, പ്രദേശം, വംശം തുടങ്ങിയ പരിഗണനകളൊന്നും ഇക്കാര്യത്തിലില്ല. ജനങ്ങളെ അന്ധകാരത്തിൽ തളച്ചിടാൻ എന്ത് കൗശലമാണ് പ്രയോഗിക്കേണ്ടത്, അവരെ കബളിപ്പിക്കൻ എന്ത് തന്ത്രമാണ് പയറ്റേണ്ടത്, അജ്ഞത നിലനിർത്തിക്കൊണ്ട് അതിനെ ഉപയോഗപ്പെടുത്തി എങ്ങനെയാണ് ഹീനപദ്ധതികൾ നടപ്പിലാക്കിയെടുക്കേണ്ടത്, ഈ തന്ത്രങ്ങളൊക്കെ ജനങ്ങൾക്ക് സ്വീകാര്യമാംവണ്ണം എങ്ങനെയാണ് വഞ്ചനാപരമായി അവതരിപ്പിക്കേണ്ടത് എന്നെല്ലാമാണ് മുതലാളിവർഗ്ഗത്തിന്റെ പിണിയാളുകളും മുതലാളിത്ത സർക്കാരുമെല്ലാം സദാസമയവും ചിന്തിക്കുന്നത്. എന്തുകൊണ്ടാണ് കാര്യങ്ങൾ ഇവ്വിധമായിരിക്കുന്നത്? അനിഷേധ്യമായ ചരിത്രഗതിയിൽ മുതലാളിത്തം മരണാസന്നമായിരിക്കുന്നു എന്നതുതന്നെ കാരണം. അത് അങ്ങേയറ്റം പിന്തിരിപ്പനും ക്രൂരവും അഴിമതി നിറഞ്ഞതും ഏകാധിപത്യപരവും അതേസമയംതന്നെ കുത്സിതവും വഞ്ചനാപരവുമായിരിക്കുന്നു. ഈ ദയനീയ സ്ഥിതിയിൽ സ്വന്തം നിലനില്പ് ഉറപ്പാക്കണമെങ്കിൽ അതിന് ജനാധിപത്യത്തിന്റെ മേലങ്കിയണിഞ്ഞുകൊണ്ടുതന്നെ സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലാകെ ഫാസിസം അടിച്ചേല്പിക്കുകയേ നിവൃത്തിയുള്ളൂ. അതിന്റെ വിശ്വസ്ത രാഷ്ട്രീയ സേവകർ വൈവിദ്ധ്യമാർന്ന മേഖലകളിൽ ഫാസിസത്തിന്റെ ദംഷ്ട്ര പുറത്തെടുക്കുന്നത് ഇക്കാരണത്താലാണ്. ജനങ്ങളിൽനിന്ന് സത്യം മറച്ചുവയ്ക്കാനും അവരെ വഴിതെറ്റിക്കാനും ഭരണ മുതലാളിവർഗ്ഗം നിരന്തരം തന്ത്രങ്ങൾ മെനയുന്നു. എന്തെന്നാൽ, ജനങ്ങൾ സത്യം അറിഞ്ഞാൽ മുതലാളിത്ത ചൂഷണവാഴ്ചയിൽനിന്ന് മുക്തരാകാൻവേണ്ടി അവർ നിലകൊള്ളും. വിമോചനത്തിലേയ്ക്കുള്ള ചരിത്രപരമായി നിർണയിക്കപ്പെട്ട മാർഗം, അത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ ഉപാധികൾ ശാസ്ത്രീയമായി പൂർത്തീകരിച്ചുകൊണ്ട് മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം സാക്ഷാത്കരിക്കുക എന്നതുമാത്രമാണ്. ഭരണം കയ്യാളുന്ന മുതലാളിവർഗ്ഗത്തെ, മാർക്സ് പറഞ്ഞതുപോലെ, മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പ്രേതം ബാധിച്ചിരിക്കുന്നു. സാമൂഹ്യ പുരോഗതിയുടെ ചരിത്രഗതി ഉൾക്കൊണ്ട് എല്ലാ കടമകളും പൂർത്തീകരിച്ച് വിപ്ലവം യാഥാർത്ഥ്യമാക്കാൻ വേണ്ടി യത്നിക്കുക എന്നതാണ് ജനങ്ങളുടെ ദൗത്യം. അതുകൊണ്ടുതന്നെ ജനങ്ങളുടെ മനസ്സിനെയും ചിന്തയെയും വികലമാക്കാൻ മുതലാളിവർഗ്ഗം എല്ലാ ആയുധങ്ങളുമെടുത്ത് പ്രയോഗിക്കുന്നു. അവരെ ചിട്ടപ്പെടുത്തലിന് വിധേയമാക്കുന്നു. ആലസ്യത്തിലും ദൗർബല്യങ്ങളിലും തളച്ചിടുന്നു. ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്തി, ശരിയായ വിപ്ലവ നേതൃത്വത്തിൻകീഴിൽ അണിനിരന്ന്, ദുരിതങ്ങളെയും അസംതൃപ്തിയെയുമെല്ലാം സമര മുന്നേറ്റങ്ങളായി പരിവർത്തിപ്പിച്ച്, ദീർഘകാലാഭിലാഷമായ വിപ്ലവം യാഥാർത്ഥ്യമാക്കുന്നതിൽനിന്ന് അവരെ തടഞ്ഞുനിർത്തുക എന്നതാണ് മുതലാളിവർഗ്ഗം ലക്ഷ്യംവയ്ക്കുന്നത്.

### ജനാധിപത്യ സമരങ്ങളുടെ അഭാവത്തിൽ വർഗ്ഗീയതയും മതമൗലികവാദവും തഴച്ചുവളരുന്നു

നമ്മുടെ രാജ്യത്ത്, സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളാൽ, ജന്മിത്ത ചിന്താഗതിക്കും അനൈക്യത്തിനും മതപരമായ കെട്ടുപാടിനുമെതിരായ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണമെന്ന കടമ അത്മാർത്ഥമായി നിറവേറ്റാൻ, സ്വാതന്ത്ര്യസമരകാലത്ത് ദേശീയ നേതൃത്വത്തിനായില്ല എന്നകാര്യം നമ്മുടെ നേതാവും ഗുരുവും മാർഗ്ഗദർശിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ്ഘോഷ് വിശദമാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ, രാഷ്ട്രീയമായി ഒരു രാഷ്ട്രമായിത്തീർന്നെങ്കിലും മതം, ജാതി, ദേശീയത, വംശം, ഭാഷ തുടങ്ങിയ കാര്യങ്ങളിൽ നമുക്കിടയിലുള്ള അനൈക്യം നിലനിന്നു. സഹജമായ ഈ ദൗർബല്യം നിലനിൽക്കെത്തന്നെ, ദേശീയ സ്വാതന്ത്ര്യ സമരത്തിലൂടെ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞ പരിമിതമായ ജനാധിപത്യവും ജനാധിപത്യ മൂല്യങ്ങളും പോലുമിന്ന് കടുത്ത വർഗ്ഗീയ ശക്തികളായ ആർഎസ്എസ്-ബിജെപിയിൽനിന്ന് വലിയ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. മേല്പറഞ്ഞ അനൈക്യം ഈ ശക്തികൾക്ക് മുതൽക്കൂട്ടാകുന്നു. അത് ശാശ്വതമാക്കി, അദ്ധ്വാനിക്കുന്ന ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്താനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങൾക്കിടയിലെ ഐക്യവും സൗഹാർദ്ദവും തകർത്ത്, അവിശ്വാസവും ശത്രുതയും വളർത്തി അദ്ധ്വാനിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങളെ തമ്മിലടിപ്പിച്ച് പരസ്പരം കൊന്നൊടുക്കുന്ന സ്ഥിതിയിലെത്തിക്കുന്നു. ചൂഷണവും അടിച്ചമർത്തലും വർദ്ധിക്കുന്നതനുസരിച്ച് വർഗ്ഗീയവാദികളുടെ ഈ ഹീനശ്രമവും ശക്തമാകും. മതത്തിന്റെ പേരിൽ അവർ ജനങ്ങളെ ഭിന്നിപ്പിക്കുകയും മതഭ്രാന്തും അന്ധതയും വളർത്തി, കാലഹരണപ്പെട്ട മതമൂല്യം പുനരുജ്ജീവിപ്പിച്ച് പരസ്പര ശത്രുത ഊട്ടിവളർത്തുന്നു. ഹിന്ദുക്കളിൽ മുസ്ലീംവിരുദ്ധ വികാരം കുത്തിവയ്ക്കുന്നു. ശാസ്ത്രീയ മനോഘടനയും യുക്തിബോധവും തകർത്ത്, ചിന്താപ്രക്രിയയുടെ മുനയൊടിച്ച്, അന്ധവിശ്വാസങ്ങളിലേയ്ക്കും പഴഞ്ചൻ ചിന്താഗതികളിലേയ്ക്കും നയിച്ച് ഭരണമുതലാളി വർഗ്ഗത്തിന്റെ താല്പര്യം സംരക്ഷിക്കു

(ശേഷം 15-ാം പേജിൽ)

# മഹാനായ കാൾ മാർക്സിന്റെ 200-ാം ജന്മവാർഷികം

(കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച)

### മാർക്സിസത്തിന് രൂപംനൽകുന്നതിൽ ഏംഗൽസിന്റെ സംഭാവന

നമ്മൾ ജീവിക്കുന്ന ലോകത്തെയും അതിന്റെ ഭാഗമായ മനുഷ്യസമൂഹത്തെയും സംബന്ധിച്ചുള്ള പൊതുവായ സിദ്ധാന്തമാണ് മാർക്സിസം എന്ന് നേരത്തെ പറഞ്ഞുവല്ലോ. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലും അതിനുശേഷമുള്ള കാലഘട്ടത്തിലുമായി കാൾ മാർക്സ് തന്റെ ഉറ്റ സഖാവായ ഫ്രെഡറിക് ഏംഗൽസുമായി ചേർന്നാണ് ഈ സിദ്ധാന്തത്തിന് രൂപം നൽകുന്നത്. മനുഷ്യസമൂഹം ഇന്നത്തെനിലയിൽ എത്തിയതെങ്ങനെയാണ്, എന്തുകൊണ്ടാണ് അത് മാറ്റത്തിന് വിധേയമാകുന്നത്, ഇനി എന്തെല്ലാം മാറ്റങ്ങളാണ് സംഭവിക്കാനിരിക്കുന്നത് എന്നൊക്കെ അവർ അന്വേഷിച്ചു. പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ പോലെ ഈ മാറ്റവും യാദൃശ്ചികമല്ലെന്നും നിയതവും നിർണ്ണീതവുമായ നിയമങ്ങൾ അനുസരിച്ചാണെന്നുമുള്ള നിഗമനത്തിലേയ്ക്കാണ് പഠനങ്ങൾ അവരെ നയിച്ചത്. ഈ വസ്തുത സമൂഹത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ സിദ്ധാന്തം ആവിഷ്കരിക്കുന്നതിന് സഹായകമായി. സമൂഹത്തെ സംബന്ധിച്ച അവ്യക്തമായ സങ്കല്പങ്ങൾക്കുപകരം മനുഷ്യന്റെ യാഥാർത്ഥ അനുഭവങ്ങളെ ആസ്പദമാക്കിയുള്ളതായിരുന്നു ഈ സിദ്ധാന്തം. മതവിശ്വാസം, വംശാഭിമാനം, വീരാരാധന, വ്യക്തിപരമായ താല്പര്യങ്ങൾ, സ്വപ്നങ്ങൾ എന്നിവയൊക്കെയായി ബന്ധപ്പെട്ട അവ്യക്തമായ സങ്കല്പങ്ങളാണ് അതുവരെയും അക്കാലത്തും അവതരിക്കപ്പെട്ടിരുന്നത്. മാർക്സും ഏംഗൽസും തമ്മിലുള്ള പതിറ്റാണ്ടുകൾ നീണ്ട സഹവാസവും സംയുക്ത പ്രവർത്തനങ്ങളും സമരങ്ങളുമൊക്കെമൂലം ഇരുവരുടെയും ജീവിതവും സൃഷ്ടികളും പോരാട്ടങ്ങളുമൊക്കെ വേർപെടുത്താനാകാത്ത ഒരു പൂർണത കൈവരിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യാറാക്കുന്നതിൽപോലും മാർക്സിന് ഏംഗൽസിൽനിന്ന് നിർണ്ണായകമായ സഹായവും സംഭാവനയും ലഭിച്ചു.

### എല്ലാ ആശയവാദ തത്വചിന്തകളെയും മാർക്സ് നിരാകരിക്കുന്നു

മാർക്സിസ്റ്റ് വിരുദ്ധമായ എല്ലാ തത്വചിന്തകളെയും അങ്ങേയറ്റം യുക്തിസഹമായി, നിർഭയമായും ശക്തമായും മാർക്സ് നിരാകരിച്ചു. അനാർക്കിസം, പിയറി ജോസഫ് പ്രൂധോണിന്റെ മ്യൂചലിസം, സോഷ്യലിസ്റ്റ് ഭരണകൂടത്തെ സംബന്ധിച്ച ലസ്സാലിന്റെ തെറ്റായ സങ്കല്പങ്ങൾ, ബാക്കുനിന്റെ അരാജകവാദ ആശയങ്ങൾ എന്നിവയൊക്കെ ഇതിൽപെടും. പ്രൂധോണിന്റെ "ദാരിദ്ര്യത്തിന്റെ തത്വശാസ്ത്രം" എന്ന പുസ്തകം 1847ൽ പുറത്തുവന്നപ്പോൾ മാർക്സ് അതിനെതിരെ രൂക്ഷമായ വിമർശനമുയർത്തി. പ്രൂധോണിന്റെ ആശയക്കുഴപ്പം ബാധിച്ചതും ശാന്തിവാദപരവും പരിഷ്കരണവാദപരവുമായ സിദ്ധാന്തങ്ങളെ മൂർച്ചയേറിയ യുക്തികൊണ്ട് അരിഞ്ഞുവീഴ്ത്തുന്നതിൽ അദ്ദേഹം വലിയ പ്രാഗത്ഭ്യം കാണിച്ചു. അതോടൊപ്പം തന്റെ ശരിയും ശാസ്ത്രീയവുമായ ഭൗതികവാദ സിദ്ധാന്തം സ്ഥാപിച്ചെടുക്കുകയും ചെയ്തു. റഷ്യൻ പത്രപ്രവർത്തകനായ അനെങ്കോവിന് അയച്ച കത്തിൽ പ്രൂധോണിന്റെ ആശയങ്ങളെ ഇപ്രകാരം അദ്ദേഹം ഖണ്ഡിക്കുന്നു: "മനുഷ്യന് തനിക്കിഷ്ടപ്പെടുന്ന രീതിയിലുള്ള സമൂഹം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടോ? ഒരിക്കലുമില്ല. ഉല്പാദനശേഷിയുടെ വികസനത്തിന്റെ ഒരു പ്രത്യേക അവസ്ഥ നിങ്ങൾ സങ്കല്പിക്കുകയാണെങ്കിൽ അതിനുനിരക്കുന്ന രൂപത്തിലുള്ള വാണിജ്യവും ഉപഭോഗവും അതോടൊപ്പം നിലനിൽക്കുന്നതായി കാണാം. ഉല്പാദനം, വാണിജ്യം, ഉപഭോഗം എന്നിവയുടെ കാര്യത്തിൽ പ്രത്യേക ഘട്ടങ്ങൾ കണക്കിലെടുത്താൽ, കുടുംബത്തിന്റെയോ സ്വത്തിന്റെയോ വർഗ്ഗങ്ങളുടെയോ കാര്യമാകട്ടെ, ആ ഘട്ടങ്ങൾക്ക് നിരക്കുന്ന വിധത്തിലുള്ള സാമൂഹ്യഘടന അഥവാ വ്യവസ്ഥ – ഒറ്റ വാക്കിൽ പറഞ്ഞാൽ പൗരസമൂഹം നിലനിൽക്കുന്നതായി കാണാൻ കഴിയും. (മാർക്സ് ഏംഗൽസ്, സമാഹൃത കൃതികൾ, വാല്യം 38, പേജ് 95). പ്രൂധോൺ തന്റെ പുസ്തകത്തിന്റെ തലക്കെട്ടിലൂടെ മാർക്സിനെ ഒന്ന് പരിഹസിക്കാൻ തുനിഞ്ഞപ്പോൾ അതിന് മറുപടിയായി മാർക്സ് രചിച്ച കൃതിക്ക് "തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം" എന്നപേര് നൽകിക്കൊണ്ട് മാർക്സ് ഒരു വിപ്ലവകാരിക്ക് നിരക്കുന്ന നർമ്മബോധം പ്രകടമാക്കി. ഈ കൃതിയിൽ വസ്തുനിഷ്ഠ വിശകലനത്തിന്റെയും ശക്തമായ വാദഗതികളുടെയും അടിസ്ഥാനത്തിൽ അദ്ദേഹം ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു: "തുണിയോ ചണമോ ഒക്കെ ഉല്പാദിപ്പിക്കുന്നതുപോലെ മനുഷ്യൻ സാമൂഹ്യബന്ധങ്ങളും സൃഷ്ടിക്കുന്നുണ്ട് എന്നതാണ് പ്രൂധോണിന് മനസ്സിലാകാത്ത കാര്യം. സാമൂഹ്യബന്ധങ്ങൾ ഉല്പാദനശക്തികളുമായി വളരെ അടുത്ത് ബന്ധം പുലർത്തുന്നു. പുതിയ ഉല്പാദന ശക്തികൾ സ്വന്തമാക്കുന്നതോടെ മനുഷ്യൻ ഉല്പാദനരീതിയിൽ മാറ്റം വരുത്തുന്നു; ഉല്പാദനരീതിയിൽ മാറ്റം വരുന്നതോടെ, അഥവാ ഉപജീവന രീതിയിൽ മാറ്റം വരുത്തുന്നതോടെ, എല്ലാ സമൂഹ്യബന്ധങ്ങളിലും മാറ്റം വരുന്നു. കൈത്തൊഴിൽശാലകൾ രാജവാഴ്ച പ്രദാനം ചെയ്തു; ആവി യന്ത്രശാലകളാകട്ടെ വ്യവസായ മുതലാളിമാരെ നൽകുന്നു. ഭൗതിക ഉല്പാദനം നടത്തുന്ന മനുഷ്യർ ആ ഉല്പാദന രീതിക്ക് നിരക്കുംപടിയുള്ള സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കുന്നു. അതോടൊപ്പംതന്നെ ആ സാമൂഹ്യബന്ധങ്ങൾക്ക് നിരക്കുന്ന തത്വങ്ങൾക്കും ആശയങ്ങൾക്കും വർഗ്ഗങ്ങൾക്കുമൊക്കെ അവർ ജന്മംനൽകുന്നു. ഈ ആശയങ്ങളും വർഗ്ഗങ്ങളുമൊന്നും ഈ ബന്ധങ്ങളെപ്പോലെ തന്നെ ഒട്ടും ശാശ്വതമല്ല. അവയെല്ലാം ചരിത്രബന്ധിതവും മാറിക്കൊണ്ടിരിക്കുന്നതുമായ ഉല്പന്നങ്ങൾമാത്രം.

### മാർക്സ് പരിഷ്കരണവാദത്തിനെതിരെ

പെറ്റിബൂർഷ്വാ അവസരവാദത്തിൽ നിന്നുടലെടുക്കുന്ന പരിഷ്കരണവാദ വ്യതിയാനങ്ങൾക്കെതിരെ, തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനകത്തും പുറത്തും, വിശേഷിച്ച് ജർമ്മൻ, ഫ്രഞ്ച് പാർട്ടി നേതൃത്വങ്ങളിലെ അത്തരക്കാർക്കെതിരെ, മാർക്സിന് ജീവിതത്തിലുടനീളം നിരന്തരവും നിശ്ചയദാർഢ്യം നിറഞ്ഞതുമായ പോരാട്ടം നടത്തേണ്ടിവന്നു. തൊഴിലാളിവർഗ്ഗ പാർട്ടിയിൽ നുഴഞ്ഞുകയറുന്ന ബൂർഷ്വാ-പെറ്റിബൂർഷ്വാ ചിന്താഗതിക്കാർ അവരോടൊപ്പം ആ വീക്ഷണവും സമീപനവും കൂടി കൊണ്ടുവന്ന് പാർട്ടിയുടെ തൊഴിലാളിവർഗ്ഗ സ്വഭാവത്തെ ദുർബലപ്പെടുത്തി അതിനെ മലിനപ്പെടുത്തുന്നതിനെതിരെ മാർക്സ് നിരന്തരം മുന്നറിയിപ്പുകൾ നൽകിയിരുന്നു.

തൊഴിലാളിവർഗ്ഗ പാർട്ടികളിലേയ്ക്കുള്ള, പ്രത്യേകിച്ച് രണ്ട് വലിയ പാർട്ടികളായ ജർമ്മൻ, ഫ്രഞ്ച് പാർട്ടികളിലേയ്ക്കുള്ള ബൂർഷ്വാ-പെറ്റിബൂർഷ്വാ നുഴഞ്ഞുകയറ്റം അദ്ദേഹത്തെ വളരെ വേദനിപ്പിച്ചിരുന്നു. ബൂർഷ്വാ ഭരണാധികാരികൾ സാർവ്വത്രിക വോട്ടവകാശം അനുവദിച്ചതോടെ ഈ രണ്ടു പാർട്ടികൾക്കും തെരഞ്ഞെടുപ്പ് വിജയങ്ങളുടെ രുചിയറിയാൻ അവസരമുണ്ടായി. അതോടെ ഈ പാർട്ടി നേതൃത്വങ്ങളിൽ രണ്ട് വ്യത്യസ്ത പ്രവണതകൾ ജന്മമെടുത്തു. അതിലൊന്ന് പാർലമെന്റേറിയനിസത്തോടും പരിഷ്കരണവാദത്തോടുമുള്ള ആഭിമുഖ്യമായിരുന്നു. ഇവർ ബൂർഷ്വാ മനുഷ്യസ്നേഹവാദക്കാരെയും പെറ്റിബൂർഷ്വാ ബുദ്ധിജീവികളെയുമൊക്കെ പാർട്ടിയിലേയ്ക്ക് ആകർഷിക്കാൻ ശ്രമിച്ചു. മറ്റൊന്ന്, ബൂർഷ്വാസിയിൽ ഒരു വിഭാഗത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ താല്പര്യങ്ങൾ ഉൾക്കൊള്ളുന്ന സമീപനമായിരുന്നു. ഈ അനുരഞ്ജന പ്രവണതയ്ക്ക് അടിപ്പെട്ടിരിക്കുന്ന ഫ്രഞ്ച് പാർട്ടിയുടെ നേർക്ക് വിരൽചൂണ്ടിയ മാർക്സ്, ലസ്സാലിയന്മാരോട് പ്രീണനനയം സ്വീകരിച്ച ജർമ്മൻ പാർട്ടി ഒരു 'ദുർഭൂത'ത്തിന്റെ പിടിയിലമർന്നിരിക്കുന്നുവെന്ന് അപലപിക്കുകയും ചെയ്തു. കുപ്രസിദ്ധമായ ഗോഥാപരിപാടിയിൽ സുപ്രധാനമായ പ്രത്യയശാസ്ത്ര പ്രശ്നങ്ങളിൽ ജർമ്മൻ പാർട്ടി സ്വീകരിച്ചത് ഇത്തരമൊരു നിലപാടായിരുന്നു. ജർമ്മൻ കമ്മ്യൂണിസ്റ്റ് നേതാവായ എഫ്.എ.സോർജിക്ക് 1877 ഒക്ടോബർ 19ന് അയച്ച കത്തിൽ മാർക്സ് ഇങ്ങനെ എഴുതി: "സോഷ്യലിസത്തിന്റെ ഭൗതികവാദപരമായ അടിത്തറ ഇളക്കി, ആധുനികകാലത്തെ പൗരാണികമൂർത്തികളെന്ന് വിശേഷിപ്പിക്കാവുന്ന നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയെ പകരം പ്രതിഷ്ഠിച്ച് ഉയർന്ന ആദർശ പരിവേഷം ചാർത്താനാണ് അപക്വമതികളായ പഠിതാക്കളും അവരുടെ മേൽനോട്ടക്കാരായ വൈദ്യന്മാരുംകൂടി ശ്രമിക്കുന്നത്." പിന്നീട്, ജർമ്മനിയിലെ സോഷ്യൽ ഡെമോക്രാറ്റിക് സൈദ്ധാന്തികനും നേതാവുമായ എഡ്വേഡ് ബേൺസ്റ്റീന് 1882 നവംബർ 28ന്, മാർക്സിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ ഏംഗൽസ് ഇങ്ങനെ എഴുതി: "ഇവർ ഒരു തൊഴിലാളി പാർട്ടി എന്നതൊഴിച്ച് എന്തുമാകാം- എന്റെ അഭിപ്രായത്തിൽ, വോട്ടുചെയ്യാനുള്ള ഒരു കന്നുകാലിക്കൂട്ടത്തെ സൃഷ്ടിക്കുന്ന ഇത്തരം നേതാക്കൾ പ്രത്യക്ഷത്തിൽത്തന്നെ വഞ്ചകരാണ്."

മാർക്സിന്റെയും ഏംഗൽസിന്റെയും ഈ നിരീക്ഷണങ്ങളിലും പരാമർശങ്ങളിലും മുന്നറിയിപ്പുകളിലുമൊക്കെ അന്തർലീനമായിരിക്കുന്നത്, ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയുടെ രൂപീകരണത്തിനും നിലനിൽപിനും ആവശ്യമായ സ്വഭാവ സവിശേഷതകളുടെ ബീജരൂപമാണ്. അതിന്റെ നൈതികതയും തത്വങ്ങളും അതോടൊപ്പം പാർലമെന്ററി സമരങ്ങളോടുള്ള അതിന്റെ മനോഭാവവും ഇതിൽനിന്നെല്ലാം മനസ്സിലാക്കാം. ഈ ആശയങ്ങൾക്ക് അതിന്റെ എല്ലാ സവിശേഷതകളോടെയും ഘടനയോടെയും ലെനിൻ മൂർത്തരൂപം നൽകി. സ്റ്റാലിൻ അതിനെ വിപുലീകരിച്ചു. ഒടുവിൽ സഖാവ് ശിബ്ദാസ്ഘോഷ് ഈ ആശയങ്ങൾ കൂടുതൽ വികസിപ്പിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്തു.

മാർക്സിസം ഒരു ഉയർന്ന തത്വചിന്തയാകയാൽ അത് ഉയർന്ന തൊഴിലാളിവർഗ്ഗ സംസ്കാരത്തിൽ അധിഷ്ഠിതമാണ് എന്നും മുതലാളിത്തവിരുദ്ധ വിപ്ലവം നയിക്കാനും മാനവരാശിയെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കാനും ഭരമേല്പിക്കപ്പെട്ടവർ എന്നനിലയിൽ തൊഴിലാളികൾ ആദ്യം സ്വയം മാറ്റത്തിന് വിധേയമാകണമെന്നും അതിനായി അവർ ബൂർഷ്വാവീക്ഷണത്തിന്റെയും സംസ്കാരത്തിന്റെയും കെട്ടുപാടുകളിൽനിന്ന് മുക്തരായി പുതിയ തൊഴിലാളിവർഗ്ഗ സംസ്കാരത്തെ പുൽകേണ്ടതുണ്ടെന്നുമുള്ള കാഴ്ചപ്പാട് മാർക്സ്തന്നെ മുന്നോട്ടുവച്ചിട്ടുണ്ട്. ലോകത്തെ മാറ്റണമെങ്കിൽ തൊഴിലാളികൾ സ്വയം മാറാൻ തയ്യാറാകണമെന്ന് അദ്ദേഹം ആഹ്വാനംചെയ്തു.

### മാർക്സിസ്റ്റ് തത്വചിന്തയുടെ സത്ത

മാർക്സിസ്റ്റ് തത്വചിന്തയുടെ അഥവാ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ അന്തഃസ്സത്ത ഇപ്രകാരം സംഗ്രഹിക്കാം. പ്രകൃതിയിലെ ഒരു പ്രതിഭാസവും നിശ്ചലമായല്ല, ആന്തരികമായ രണ്ട് വിരുദ്ധശക്തികൾ തമ്മിലുള്ള വൈരുദ്ധ്യത്തിലും നിരന്തര ചലനത്തിലുമാണ് നിലനിൽക്കുന്നത്. തീസിസും ആന്റി തീസിസും തമ്മിലുള്ള ഈ വൈരുദ്ധ്യമാണ് ചലനത്തിന് ജന്മം നൽകുന്നത്. ഇതാണ് മാറ്റത്തിനും വികാസത്തിനും കാരണം. ഈ വൈരുദ്ധ്യം മൂർച്ഛിച്ച് മൂർദ്ധന്യത്തിലെത്തുമ്പോൾ പദാർത്ഥത്തിൽ അഥവാ പ്രതിഭാസത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഈ വിരുദ്ധ ശക്തികൾക്ക് ഒന്നിച്ചു നിൽക്കാൻ കഴിയാതാകുന്നു. അപ്പോൾ സ്വന്തം നിലനിൽപിനെ നിഷേധിച്ചുകൊണ്ട് സിന്തസിസ് അഥവാ ഒരു പുതിയ പ്രതിഭാസം ജന്മമെടുക്കുന്നു. എന്നാൽ ഈ നിഷേധത്തെയും നിഷേധിക്കുന്ന പ്രവണത സഹജമായിത്തന്നെ ഏതൊരു പ്രതിഭാസത്തിലും നിലനിൽക്കുന്നതിനാൽ പുതിയ പദാർത്ഥം അഥവാ പ്രതിഭാസവും രണ്ട് വിരുദ്ധശക്തികളുമായി പിറക്കുകയും അവ തമ്മിലുള്ള വൈരുദ്ധ്യം അതിന്റെയും നിഷേധത്തിലേയ്ക്കും പുതിയ ഒന്നിന്റെ ജന്മത്തിലേയ്ക്കും നയിക്കുകയുംചെയ്യുന്നു. ഈ പ്രക്രിയ അനന്തമായി തുടരുന്നു. മാർക്സിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന വ്യത്യസ്ത ശാസ്ത്രശാഖകൾ വെളിവാക്കിയ ശാസ്ത്രീയ നിയമങ്ങളെ വിശകലനം ചെയ്തും ഏകോപിപ്പിച്ചും സമന്വയിപ്പിച്ചും ഉരുത്തിരിച്ചെടുത്ത ഈ വസ്തുനിഷ്ഠ സത്യം വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ മൂന്ന് തത്വങ്ങളിലായി സംഗ്രഹിച്ചിരിക്കുന്നു. 1) വിപരീതങ്ങളുടെ ഐക്യം, 2) അളവിലുള്ള മാറ്റത്തിൽനിന്ന് ഗുണപരമായ മാറ്റത്തിലേയ്ക്കും തിരിച്ചും. 3) നിഷേധത്തിന്റെ നിഷേധം എന്നിവയാണ് ആ മൂന്ന് തത്വങ്ങൾ. വൈരുദ്ധ്യാത്മക ഭൗതികവാദമെന്നത് യാഥാർത്ഥ്യത്തിൽനിന്ന് അന്യമായി നിൽക്കുന്നതോ തോന്നിയപോലെ പടച്ചുണ്ടാക്കിയ ഒരു വീക്ഷണത്തിലേയ്ക്ക് ലോകത്തെ തിരുകികയറ്റാൻ ശ്രമിക്കുന്ന സിദ്ധാന്തമോ അല്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. നേരെമറിച്ച് അത് ലോകത്തിന്റെ ഏറ്റവും കൃത്യതയാർന്ന പ്രതിനിധാനമാണ്. മാർക്സിസം എങ്ങനെയാണ് ആശയവാദത്തെയും അധിഭൗതികവാദത്തെയും നിരാകരിക്കുന്നതെന്ന് വിശദമാക്കിക്കൊണ്ട് സ്റ്റാലിൻ പറയുന്നു: "അധിഭൗതികവാദത്തിന് വിരുദ്ധമായി വൈരുദ്ധ്യവാദം പ്രകൃതിയെ പരസ്പര ബന്ധമില്ലാത്തതും ഒറ്റപ്പെട്ടതും സ്വതന്ത്രവുമായ പ്രതിഭാസങ്ങളുടെ ഒരു യാദൃശ്ചിക സഞ്ചയമായല്ല കാണുന്നത്, നേരെമറിച്ച് ജൈവീകമായി പരസ്പരം ബന്ധപ്പെട്ടതും പരസ്പരാശ്രിതവും പരസ്പര നിർണീതവുമായ വസ്തുക്കളുടെ, പ്രതിഭാസങ്ങളുടെ ഒരു ഉദ്ഗ്രഥിത സാകല്യം എന്നനിലയിലാണ്.... പ്രകൃതി നിശ്ചലവും നിഷ്ക്രിയവും പരിവർത്തനവിധേയമല്ലാത്തതുമായ സ്ഥിതിയിലല്ല നേരെമറിച്ച്, നിരന്തര ചലനത്തിലും മാറ്റത്തിലും നിരന്തരമായ പുതുക്കലിലും വികാസത്തിലുമാണ് സ്ഥിതിചെയ്യുന്നത്. ഓരോന്നും ഉദയം ചെയ്യുന്നതിന്റെയും വികസിക്കുന്നതിന്റെയും അതുപോലെതന്നെ ജീർണ്ണിക്കുന്നതിന്റെയും തിരോഭവിക്കുന്നതിന്റെയും പ്രക്രിയ അവിടെ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്നു.... ലോകത്തെ ഒരു "കേവലാശയ" ത്തിന്റെ പ്രകടിതരൂപമായും "സാർവലൗകികമായ ചേതന"യായും "പ്രജ്ഞ"യായുമൊക്കെ കാണുന്ന ആശയവാദത്തിന് വിരുദ്ധമാണ് മാർക്സിന്റെ ഭൗതികവാദതത്വചിന്ത. ലോകം സഹജമായിത്തന്നെ ഭൗതികമാണെന്നും ലോകത്തെ അസംഖ്യം പ്രതിഭാസങ്ങൾ പദാർത്ഥത്തിന്റെ വ്യത്യസ്തമായ ചലനരൂപങ്ങൾക്ക് ജന്മംനൽകുന്നുവെന്നും ഈ പ്രതിഭാസങ്ങൾ തമ്മിലുള്ള ബന്ധവും പരസ്പരാശ്രിതത്വവും, വൈരുദ്ധ്യാത്മക രീതി സ്ഥാപിച്ചിട്ടുള്ളതുപോലെ, ചലനത്തിലുള്ള പദാർത്ഥത്തിന്റെ വികാസനിയമമായി വർത്തിക്കുന്നുവെന്നും പദാർത്ഥത്തിന്റെ ഈ ചലനത്തിനനുസരിച്ച് വികസിക്കുന്ന ലോകത്തിന് ഒരു "സാർവലൗകിക ചേതന" യുടെ ആവശ്യമില്ലെന്നും അത് സമർത്ഥിക്കുന്നു. (വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം, ലെനിനിസത്തിന്റെ പ്രശ്നങ്ങൾ, പേജ് 837-844).

സയൻസിന്റെ കണ്ടുപിടുത്തങ്ങൾ ഈ ശാസ്ത്രീയ തത്വചന്തയെ വീണ്ടുംവീണ്ടും ശരിവയ്ക്കുന്നു. പ്രകൃതിയെയും ഭൗതികലോകത്തെയും മുൻവിധികളില്ലാതെയും വിമർശനാത്മകമായും വസ്തുനിഷ്ഠമായും സമീപിക്കുന്ന ശാസ്ത്രജ്ഞർ അനിവാര്യമായും

(ശേഷം 15-ാം പേജിൽ)

# ആദരാഞ്ജലികൾ

## ഡോ.പി.എസ്.പണിക്കർ



പ്രമുഖ പരിസ്ഥിതി പ്രവർത്തകനും കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി പാലക്കാട് ജില്ലാപ്രസിഡന്റും, ജില്ലയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ രക്ഷാധികാരിയെന്ന് വിശേഷിപ്പിക്കാവുന്നയാളുമായിരുന്ന ഡോ.പി.എസ്.പണിക്കർ ജൂൺ 6 രാത്രി പാലക്കാട്ട് അന്തരിച്ചു. 1997-ൽ നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ജന്മശതാബ്ദിയാചരണം മുതൽ, കഴിഞ്ഞ ഇരുപതുവർഷക്കാലമായി പാലക്കാട് ജില്ലയിൽ പാർട്ടിയുടെ മുൻകൈയിൽ നടന്ന എല്ലാ ജനകീയ സമരങ്ങളിലും അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിക്കുകയുണ്ടായി. കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതിയുടെ ബാനറിൽ ഡിപിഇപിക്കെതിരെയും, പഞ്ചായത്ത് വിദ്യാഭ്യാസത്തിനെതിരെയും, ദേശീയപാത വികസനത്തിന്റെ പേരിലുള്ള കുടിയൊഴിപ്പിക്കലിനെതിരെയും, കഞ്ചിക്കോട് കോച്ച്ഫാക്ടറിയുടെ പേരിലുള്ള കുടിയൊഴിപ്പിക്കലിനെതിരെയും നടന്നതുപോലെയുള്ള നിരവധി സമരങ്ങളിൽ അദ്ദേഹം നേതൃത്വപരമായ പങ്ക് വഹിച്ചു. മദ്യവിരുദ്ധജനകീയ സമരസമിതിയുടെയും ചെങ്ങറ സമരസഹായസമിതിയുടെയും ജില്ലാപ്രസിഡന്റായിരുന്നു അദ്ദേഹം. ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിന്റെ സംസ്ഥാന വൈസ പ്രസിഡന്റുമാരിലൊരാളുമായിരുന്നു അദ്ദേഹം. ആൽബർട്ട് ഐൻസ്റ്റൈന്റെ ആപേക്ഷികതാസിദ്ധാന്തത്തിന്റെ നൂറാം വാർഷികാചരണസമിതിയുടെയും, മഹാനായ അയ്യൻകാളി നയിച്ച കാർഷികസമരത്തിന്റെ ശതാബ്ദിയാചരണസമിതിയുടെയും ജില്ലാ അദ്ധ്യക്ഷനെന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു. മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് എസ്‌യുസിഐ(സി) പാലക്കാട് ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഫെബ്രുവരിയിൽ പാലക്കാട് സ്റ്റേഡിയംസ്റ്റാൻഡിൽ സംഘടിപ്പിച്ച മാനവശക്തി എക്സിബിഷന്റെ ഭാഗമായി നടന്ന സെമിനാറുകളിലൊന്ന് ഉദ്ഘാടനം ചെയ്തത് ഡോ.പി.എസ്.പണിക്കരായിരുന്നു.

പണിക്കർ സാറിന്റെ നിര്യാണത്തിലൂടെ ജില്ലയിലെ ജനാധിപത്യ-മതേതര പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണുണ്ടായിരിക്കുന്നതെന്ന് എസ്‌യുസിഐ(സി) ജില്ലാക്കമ്മിറ്റി അനുശോചനക്കുറിപ്പിൽ പറഞ്ഞു. ജില്ലാ സെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ്, ജില്ലാക്കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.എം.ബീവി, കെ.പ്രദീപ് എന്നിവർ അന്ത്യോപചാരമർപ്പിച്ചു. ●

## സഖാവ് എക്സ്. ജോസഫ്



സഖാവ് കെ.പി.കോസലരാമദാസ് സ്ഥാപിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയന്റെയും, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെയും സംസ്ഥാന പ്രസിഡന്റായിരുന്ന സഖാവ് എക്സ്. ജോസഫ് 2017 മെയ് 26ന് അന്തരിച്ചു.

കെഎസ്ഇബി യിൽ സേവനമനുഷ്ഠിച്ച 30 വർഷക്കാലവും വിരമിച്ചതിനുശേഷവും യൂണിയനുകൾക്ക് സഖാവ് എക്സ്.ജോസഫ് നായകത്വം വഹിച്ചു. ഇലക്ട്രിസിറ്റി തൊഴിലാളികളുടെ നിരവധി പ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകി. കെഎസ്ഇബിയിലെ കരാർ തൊഴിലാളികളുടെ സ്ഥിരപ്പെടുത്തലിനുവേണ്ടി നടന്ന പ്രക്ഷോഭണങ്ങളിൽ നിർണ്ണായകമായ പങ്കുവഹിച്ചു. എഐയുടിയുസിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട ഇലക്ട്രിസിറ്റി യൂണിയനുകളുടെ അഖിലേന്ത്യാ സംഘടനയായ ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷന്റെ (എഐപിഎഫ്) അഖിലേന്ത്യാ വൈസ് പ്രസിഡന്റായിരുന്നു.

പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജൂൺ 17ന് കൊല്ലം ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ അനുസ്മരണ സമ്മേളനം നടത്തി. എഐപിഎഫ് സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. കെഎസ്ഇബിയിലെ ഇരു യൂണിയനുകളുടെയും ജനറൽ സെക്രട്ടറിയായ സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. കെഎസ്ഇ വർക്കേഴ്സ് യൂണിയൻ നേതാവ് സഖാവ് എം.സി.കുട്ടപ്പൻ, എഐയുടിയുസി കൊല്ലം ജില്ലാ പ്രസിഡന്റ് സഖാവ് എസ്.രാധാകൃഷ്ണൻ, പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ നേതാക്കളായ കെ.കെ.മോഹനൻ, റ്റി.ജെ.സജിമോൻ, ആർ.വേണുഗോപാൽ, യു.എം.ബിനു, വി.ലാലൻ എന്നിവർ പ്രസംഗിച്ചു. കൊല്ലം ജില്ലാ സെക്രട്ടറി ബി.വിനോദ് സ്വാഗതവും തിരുവനന്തപുരം ജില്ലാ സെക്രട്ടറി ജെ.സുരേഷ് കൃതജ്ഞതയും പറഞ്ഞു. ●

## പശുസംരക്ഷണ പരാക്രമങ്ങൾ...

(ശേഷം 13-ാം പേജിൽ)

ന്നു. വർഗ്ഗീയ, മതമൗലികവാദ ചിന്താഗതികൾ വളർത്തി, മനസ്സിൽ വർഗ്ഗീയ വിഷം കുത്തിവച്ച് അന്ധതയും മതഭ്രാന്തും പോഷിപ്പിക്കുന്നതുപോലെ മുതലാളിവർഗ്ഗതാല്പര്യം സംരക്ഷിക്കാൻ പറ്റിയ മാർഗ്ഗം വേറെയില്ലെന്ന് സഹജമായി തിരിച്ചറിഞ്ഞ മുതലാളിവർഗ്ഗം ബിജെപിയെ അധികാരത്തിലെത്തിക്കുകയായിരുന്നു. നരേന്ദ്രമോദിയെ അവർ മികച്ച ഭരണാധികാരിയായി വാഴ്ത്തി. ഹിന്ദുമത കാഴ്ചപ്പാടുകൾക്കുപോലും നിരക്കാത്ത ഇവരുടെ ഹിന്ദുത്വ സിദ്ധാന്തത്തെ ഹൃദയംഗമമായി പിന്തുണച്ചു. പശുസംരക്ഷണത്തിന്റെ പേരിൽ ഇപ്പോൾ കാട്ടിക്കൂട്ടുന്ന പരാക്രമങ്ങളും കന്നുകാലി കശാപ്പ് നിരോധിക്കുന്ന നിയമവുമെല്ലാം ഈ പശ്ചാത്തലത്തിൽ വേണം വീക്ഷിക്കാൻ.

**ജനങ്ങളെ ഭിന്നിപ്പിച്ച് ശ്രദ്ധതിരിക്കുന്നു**

മരണാസന്ന മുതലാളിത്തത്തിന്റെ ഏറ്റവും വിശ്വസ്തരായ രാഷ്ട്രീയ സേവകരുടെ ഇന്നത്തെ കടമ നാനാ മേഖലകളിൽ ഫാസിസ്റ്റ് ദംഷ്ട്രകൾ പുറത്തെടുക്കുക എന്നതാണെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ബിജെപിയുടെയും കർത്തവ്യം അതുതന്നെ. അധികാരത്തിലെത്തുന്നതിനു മുമ്പ്, ഏതൊരു ബൂർഷ്വാ പാർട്ടിയെയുംപോലെ ബിജെപിയും നല്ലനാളെകൾ വാഗ്ദാനം ചെയ്തിരുന്നു. 'എല്ലാവരോടുമൊപ്പം, എല്ലാവരുടെയും വികസനം' തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ ജനമനസ്സുകളെ ഹരംപിടിപ്പിച്ചിരുന്നു. നാൾചെല്ലുന്തോറും ഇതെല്ലാം വെറും പടക്കമായിരുന്നെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. സാമ്പത്തിക രംഗത്ത് ഇവർ കൈക്കൊള്ളുന്ന നടപടികൾ സാധാരണ ജനങ്ങളെ പാപ്പരാക്കുകയാണ്. വാക്കുകൊണ്ടുള്ള കസർത്തും കണക്കുകൊണ്ടുള്ള കളിയും ചെപ്പടിവിദ്യകളുമൊക്കെ പയറ്റിയിട്ടും സമ്പദ്ഘടനയുടെ പാപ്പരത്തം ഭീകരമായി അനുഭവപ്പെടുകയാണ്. മന്ത്രിമാരും ഭരണകക്ഷിനേതാക്കളുമൊക്കെ നടത്തുന്ന വാഗ്ദാനങ്ങളും വാഗ്ധോരണികളുമൊക്കെ വെറും തട്ടിപ്പാണെന്ന് നാൾക്കുനാൾ തെളിഞ്ഞുവരുന്നു. പണിയെടുത്ത് ജീവിക്കുന്ന ജനങ്ങളിൽ അസംതൃപ്തി പുകയുകയാണ്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവരുന്ന സമരങ്ങളിൽ ഇത് പ്രകടമാണ്. ഈ അസംതൃപ്തി സംഘടിത ബഹുജന പ്രക്ഷോഭത്തിന്റെ രൂപമെടുക്കുന്നതും ശരിയായ നേതൃത്വത്തിൻ കീഴിൽ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലേയ്ക്ക് നയിക്കപ്പെടുന്നതും മുതലാളിവർഗ്ഗത്തിനും അതിന്റെ സർക്കാരിനും അനുവദിക്കാനാവില്ല. മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയ ഏജന്റായ ബിജെപി തങ്ങളുടെ യജമാനന്റെ ആവശ്യം ഈ സന്ദർഭത്തിൽ എന്തെന്ന് നന്നായി തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടാണവർ കടുത്ത വർഗ്ഗീയ അജണ്ട നടപ്പിലാക്കുന്നത്. മതന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള വിദ്വേഷ പ്രചാരണം, ജനങ്ങളുടെ ഐക്യം തകർക്കൽ, ഒരു പൊതുതാല്പര്യവുമായി അവർ ഒന്നിക്കാനുള്ള സാധ്യതയിൽനിന്ന് ശ്രദ്ധതിരിക്കൽ തുടങ്ങിയവയൊക്കെ ചിട്ടയായി അരങ്ങേറുന്നു. ഗോസംരക്ഷണത്തെച്ചൊല്ലിയുള്ള പരാക്രമങ്ങളും അതിനായി നിരത്തുന്ന അപഹാസ്യമായ ന്യായീകരണങ്ങളുമൊക്കെ ഈ അജണ്ടയുടെ ഭാഗമാണ്.

**ഹീനമായ ഈ ഗൂഢാലോചന തുറന്നുകാട്ടുക മാരകമായ ഈ നീക്കത്തെ ചെറുക്കുക**

ഗോസംരക്ഷണത്തിന്റെ പേരിൽ നടക്കുന്ന കോലാഹലങ്ങളുടെയും പശുവിനെ വാഴ്ത്തിക്കൊണ്ടുള്ള സ്തുതി ഗീതങ്ങളുടെയും പൊരുളിതാണ്. പിന്തിരിപ്പത്തത്തിന്റെ പ്രചാരകരായ ഈ കുത്സിതനീക്കങ്ങളിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾ അകപ്പെട്ടുപോകരുത്. സമൂഹത്തെ വിഷമയമാക്കാനായി വർഗ്ഗീയ വിഷസർപ്പങ്ങൾ പത്തിവിടർത്തിയാടുമ്പോൾ, സാഹചര്യം ഇത്തരമൊരു വൈകാരികാവസ്ഥയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുമ്പോൾ, മുതലാളിവർഗ്ഗത്തിന്റെ നല്ലപിള്ളകളായി, അധികാരത്തിന്റെ ഇടനാഴികളിൽ നിലനിൽപ്പിനായി പരക്കംപായുന്ന ഒറ്റ രാഷ്ട്രീയ പാർട്ടിപോലും സർവശക്തിയും സമാഹരിച്ച് ഈ ഹീനനീക്കത്തെ ചെറുക്കുക എന്ന ദൗത്യം ഏറ്റെടുക്കുന്നില്ല എന്നത് ഖേദകരമാണ്. അവരുടെ ദുർബലമായ എതിർപ്പുകളും മാദ്ധ്യമ സാന്നിദ്ധ്യത്തിൽ നടത്തുന്ന പതിവ് വാചകമടികളുമൊക്കെ ബൂർഷ്വാ വോട്ടുരാഷ്ട്രീയത്തിൽ സ്വാർത്ഥനേട്ടങ്ങൾക്കുവേണ്ടി നടത്തുന്ന ജല്പനങ്ങൾമാത്രം. അതിനാൽ ജീവിതത്തിൽ പടർന്നുകൊണ്ടിരിക്കുന്ന അപകടത്തെക്കുറിച്ച് കഷ്ടപ്പെട്ട് ജീവിക്കുന്ന ജനങ്ങൾ തിരിച്ചറിയണം. ഇനിയും നിശബ്ദരായിരുന്നാൽ വർഗ്ഗീയ-മതമൗലികവാദ ശക്തികളുടെ ഈ സംഹാരതാണ്ഡവം എല്ലാം തകർത്തുകളയും. ഈ വിപത്ത് തടയാനുള്ള ഏക പോംവഴി സ്വന്തം ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട് എല്ലാ സങ്കുചിതത്വങ്ങൾക്കും വിഭാഗീയതകൾക്കും അതീതമായി മുന്നോട്ടുവരികയും ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ ശക്തമായ പ്രക്ഷോഭം വളർത്തിയെടുക്കുകയും മാത്രമാണ്. അതോടൊപ്പം, വർഗ്ഗീയ-മതമൗലിക വാദികൾ യുക്തിചിന്തയെ കെടുത്താൻ നടത്തുന്ന ശ്രമങ്ങൾക്കും മതഗ്രന്ഥങ്ങളെയും ഇതിഹാസങ്ങളെയുമൊക്കെ ദുർവ്യാഖ്യാനം ചെയ്യുന്നതിനും വസ്തുതകളും ചരിത്രവും വളച്ചൊടിക്കുന്നതിനുമൊക്കെ എതിരെ തീവ്രമായ പ്രത്യയശാസ്ത്ര സമരവും കെട്ടഴിച്ചുവിടേണ്ടതുണ്ട്. കന്നുകാലിയെ കശാപ്പുചെയ്യുന്നതിനെതിരെ ഉറഞ്ഞുതുള്ളിക്കൊണ്ട് ഒരു രാജ്യത്തെയാകെ കശാപ്പുശാലയാക്കുന്ന മാപ്പർഹിക്കാത്ത ഈ പാതകം ചെയ്യുന്നവർ രക്ഷപെടാൻ അനുവദിച്ചുകൂടാ. ചരിത്രത്തിന്റെ വിധിമാനിക്കാൻ കൂട്ടാക്കാത്തവർക്ക് ചരിത്രംതന്നെ ശവക്കുഴി തോണ്ടും. ഈ ദുഷ്ടശക്തികളെ തുറന്നുകാട്ടാനും ചെറുക്കാനും ഉരുക്കുപോലുറച്ച നിശ്ചയദാർഢ്യത്തോടെ ജനങ്ങൾ മുന്നോട്ടുവരണം എന്നതാണ് പരമപ്രധാനമായ കാര്യം. ●

## കാൾ മാർക്സിന്റെ 200-ാം ജന്മവാർഷികം

(14-ാം പേജിൽ നിന്ന്)

വൈരുദ്ധ്യാത്മക വീക്ഷണത്തോടും മാർക്സിസ്റ്റ് വിശകലന പദ്ധതിയോടും കൂടുതൽ കൂടുതൽ അടുത്തുവരുന്നു. സയൻസിന്റെ ഓരോ കണ്ടുപിടുത്തവും മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾക്ക് അനുരൂപമായിട്ടുള്ളതും അവയെ ആവർത്തിച്ച് ഉറപ്പിക്കുന്നതുമാണെന്ന് അവർക്ക് മനസ്സിലാക്കാനാവും. ഇക്കാര്യം ഏംഗൽസ് ഇങ്ങനെ വിശദമാക്കുന്നു: "പ്രകൃതിയാണ് വൈരുദ്ധ്യവാദത്തിന്റെ ഉരകല്ല്. ആധുനിക പ്രകൃതിശാസ്ത്രത്തിന് ഇത് പരീക്ഷിച്ചറിയാനുള്ള സമൃദ്ധവും വർദ്ധമാനവുമായ സാമഗ്രികൾ അത് പ്രദാനം ചെയ്തിട്ടുണ്ട്. പ്രകൃതിയുടെ രീതി വൈരുദ്ധ്യാത്മകമാണെന്നും അധിഭൗതികവാദപരമല്ലെന്നും ശാശ്വതമായി ഓരേ രൂപത്തിൽ നിരന്തരം ആവർത്തിക്കുന്ന ഒരു ചാക്രിക ചലനമല്ല അതിനുള്ളതെന്നും ഒരു വികാസചരിത്രത്തിലൂടെയാണ് അത് കടന്നുപോകുന്നതെന്നും അന്തിമവിശകലനത്തിൽ വ്യക്തമാകുകയും ചെയ്യും. ഇവിടെ എടുത്തുപറയേണ്ട പേര് ഡാർവിന്റേതാണ്. പ്രകൃതിയെ അധിഭൗതികവാദപരമായി സങ്കല്പിക്കുന്ന രീതിക്ക് കനത്ത പ്രഹരമേല്പിച്ചത് അദ്ദേഹമാണ്. സസ്യങ്ങളും മൃഗങ്ങളും തുടർന്ന് മനുഷ്യനുമൊക്കെ അടങ്ങുന്ന ജൈവലോകം ഇന്നത്തെ നിലയിലെത്തിയത് ദശലക്ഷക്കണക്കിന് വർഷങ്ങളായി നടക്കുന്ന ഒരു വികാസ പ്രക്രിയയുടെ ഫലമായിട്ടാണെന്ന് അദ്ദേഹം തെളിയിച്ചു." (പ്രകൃതിയുടെ വൈരുദ്ധ്യാത്മകത, പേജ് 23). അദ്ദേഹം തുടരുന്നു: "ഇന്നത്തെ പ്രകൃതി ശാസ്ത്രത്തിന് ഏറ്റവും അനുയോജ്യമായ ചിന്താരീതിയാണ് വൈരുദ്ധ്യവാദത്തിന്റേത്. പ്രകൃതിയിൽ നടക്കുന്ന പരിണാമപ്രക്രിയയും പ്രതിഭാസങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവുമൊക്കെ വിശദമാക്കാനും അന്വേഷണത്തെ ഒരു തലത്തിൽനിന്ന് മറ്റൊന്നിലേയ്ക്ക് പരിവർത്തിപ്പിക്കാനുമൊക്കെ ആശ്രയിക്കത്തക്കതായി വൈരുദ്ധ്യാത്മക രീതി മാത്രമേയുള്ളൂ. " (വൈരുദ്ധ്യവാദത്തെ സംബന്ധിച്ച്, 1878) ഇക്കാരണത്താലാണ് ഒരിക്കൽ ലെനിൻ ഇങ്ങനെ പറഞ്ഞത്: " ആധുനിക ഭൗതികവാദം ഊറ്റുനോവിലാണ്; അത് വൈരുദ്ധ്യാത്മക ഭൗതികവാദത്തിന് ജന്മം നൽകുകയാണ്." (മെറ്റീരിയലിസം ആന്റ് എംപിരിയോക്രിട്ടിസിസം, അദ്ധ്യായം 5)

(...തുടരും)

*Date of Posting 9 th & 10 th of every month at RMS, Trivandrum.*
*Date of publishing 01/07/2017*
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 44 No.4
Price : Rs 5.00
July 2017

# പുതുവൈപ്പ് സമരം: ജനകീയസമരങ്ങളെ പോലീസ് അടിച്ചമർത്തുന്നു



ഹൈക്കോടതി ജംഗ്ഷനിൽ നടന്ന ജനകീയ കൂട്ടായ്മ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു

**ജ**നസാന്ദ്രതയേറിയ വൈപ്പിൻ കരയിൽ പുതുവൈപ്പിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ (ഐഒസി) ലിമിറ്റഡിന്റെ എൽപിജി സ്റ്റോറേജ് ടാങ്ക് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. കപ്പൽമാർഗ്ഗം എത്തിക്കുന്ന എൽപിജി ഇവിടെ സ്റ്റോർ ചെയ്തിട്ട് മറ്റു സ്ഥലങ്ങളിലേയ്ക്ക് ബുള്ളറ്റ് ടാങ്കറുകളിലും ഭൂഗർഭ ടണൽ വഴിയും കൊണ്ടുപോകാനുള്ള പദ്ധതിയാണിത്.

പരിസ്ഥിതി മാനദണ്ഡങ്ങളും തീരദേശ നിയമങ്ങളും കാറ്റിൽപറത്തിയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത്. ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം തെറ്റിദ്ധരിപ്പിച്ചാണ് ഇതിനുള്ള അനുമതി ഐഒസി സമ്പാദിച്ചിരിക്കുന്നത്. ചുറ്റുമതിൽ കെട്ടിയിരിക്കുന്നത് കടലിലാണ്. മുൻപ് സുനാമിയുണ്ടായപ്പോൾ കടലെടുത്ത പ്രദേശമാണിത്. പ്രോജക്ട് റിപ്പോർട്ടിൽ ഈ പ്രദേശത്ത് ജനവാസം കുറവാണെന്നും വലിയ കൃഷിയൊന്നുമില്ലെന്നും ഉള്ളതാകട്ടെ റബർ ആണെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

ദിവസവും 18 മണിക്കൂർ കടൽക്കാറ്റുള്ള ഇവിടെ എൽപിജി ലീക്കുണ്ടായാൽ വൈപ്പിനിൽ മാത്രമല്ല, എറണാകുളം നഗരത്തിലും വൻകെടുതി സൃഷ്ടിക്കും. പ്രോജക്ട് റിപ്പോർട്ടനുസരിച്ച് ഒരു ദിവസം കൈകാര്യം ചെയ്യുന്ന ടാങ്കറിന്റെ എണ്ണം 500 ആണ്. ഇപ്പോൾതന്നെ വളരെയധികം വാഹനത്തിരക്കുള്ള വൈപ്പിൻ-മുനമ്പം റോഡിന് താങ്ങാനാവുന്നതിലപ്പുറമാണ് ഇത് എന്ന പരാതിയുമുയരുന്നുണ്ട്.

ഈ സാഹചര്യത്തിൽ ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന ഈ പ്രോജക്ടിനെതിരെ ജനങ്ങൾ സമരസമിതി രൂപീകരിച്ചുകൊണ്ട് പ്രക്ഷോഭമാരംഭിച്ചു. തികച്ചും സമാധാനപരമായി നടന്നുവരുന്ന ഒരു ജനകീയസമരമാണിത്. മുഖ്യമന്ത്രിയുമായി സമരസമിതി നേതാക്കൾ കൂടിക്കാഴ്ച നടത്തിയപ്പോൾ ഐഒസി, പദ്ധതിയുമായി മുന്നോട്ടുപോകുമെന്നും സമരം അവസാനിപ്പിക്കണമെന്നുമുള്ള താക്കീതാണ് നൽകിയത്. ഭീതിയില്ലാതെ സമാധാനപരമായി ജീവിക്കാനുള്ള ജനങ്ങളുടെ മൗലികാവകാശത്തെയാണ് മുഖ്യമന്ത്രി ചോദ്യം ചെയ്തിരിക്കുന്നത്.

മുഖ്യമന്ത്രിയുടെ ദുസ്സൂചന ശരിവയ്ക്കുന്ന തരത്തിലായിരുന്നു അടുത്തദിവസം മുതലുള്ള പോലീസിന്റെ നീക്കം. യാതൊരു പ്രകോപനവുമില്ലാതെ സമാധാനപരമായി സമരം ചെയ്ത സ്ത്രീകളും കുട്ടികളുമടക്കമുള്ളവരെ അടിച്ചോടിക്കുകയും സമരഷെഡ് പൊളിച്ചുനീക്കുകയും ചെയ്തു. സമരസമിതി നേതാക്കളുടെ പേരിൽ കള്ളക്കേസ് എടുത്തു. ന്യായമായ ജനാധിപത്യസമരങ്ങളെ പോലീസിനെ കയറൂരിവിട്ട് അടിച്ചമർത്തുന്ന നടപടി അവസാനിപ്പിച്ച് ജനങ്ങളുടെ ഡിമാന്റുകൾ അംഗീകരിച്ച് സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ തയ്യാറാകണം.

പുതുവൈപ്പ് ഐഒസി പ്ലാന്റിനെതിരെയുള്ള ജനകീയ സമരത്തിൽ പങ്കെടുക്കുന്നവർക്കുനേരെ നടന്ന ക്രൂരമായ പോലീസ് അതിക്രമത്തെ അപലപിച്ചുകൊണ്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മ പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്തു. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ജനാധിപത്യസമരങ്ങൾ ഉയർന്നുവരുന്നതിനനുകൂലമായാണ് നിലകൊള്ളേണ്ടത്. എന്നാൽ, ഇടതുപക്ഷ രാഷ്ട്രീയത്തിനും ജനാധിപത്യസംവിധാനത്തിനുതന്നെയും കളങ്കം വരുത്തുന്ന സംഭവങ്ങൾ കേരളം പോലൊരു സംസ്ഥാനത്ത് ആവർത്തിക്കപ്പെടുകയാണ്. സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയുംവരെ തല്ലിച്ചതച്ചും ഭയപ്പെടുത്തിയും പദ്ധതി നടപ്പാക്കുമെന്ന സർക്കാർ ധാർഷ്ട്യം ആശങ്കാജനകമാണ്. എൽഡിഎഫ് എല്ലാം ശരിയാക്കിത്തരാമെന്നു പറഞ്ഞത് ആരോടാണെന്ന് ജനങ്ങൾക്ക് വ്യക്തമായിത്തുടങ്ങിയിരിക്കുന്നു.

ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. പുതുവൈപ്പ് ജനകീയസമര സമിതിയുടെ ചെയർമാൻ എം.ബി.ജയഘോഷ് മുഖ്യപ്രഭാഷണം നടത്തി. ഫാ.പയസ് പഴയരീക്കൽ, ഫ്രാൻസിസ് കളത്തുങ്കൽ, പി.പി.സാജു, പി.എം.ദിനേശൻ, കുരുവിള മാത്യൂസ്, ജബ്ബാർ മേത്തർ, വി.പി.വിൽസൺ, ഏലൂർ ഗോപിനാഥ്, പി.പി.അഗസ്റ്റിൻ, തുടങ്ങിയവർ പ്രസംഗിച്ചു. കെ.കെ.ശോഭ സ്വാഗതവും ജോണി ജോസഫ് നന്ദിയും പറഞ്ഞു. ⬢



പോലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് സമരസഹായസമിതി എറണാകുളത്ത് നടത്തിയ ഐ.ജി. ഓഫീസ് മാർച്ച്

# പ്രചോദന സംഘടിപ്പിച്ച 24-ാമത് കുട്ടികളുടെ ക്യാമ്പ്

**പ്ര**ചോദന കുട്ടികളുടെ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 24-ാമത് സംസ്ഥാനതല കുട്ടികളുടെ ക്യാമ്പ് 2017 മെയ് 18,19,20 തീയതികളിൽ കൊല്ലം പുല്ലുച്ചിറ വൈഎംസിഎയിൽ നടന്നു. 'നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം' എന്ന ആദർശവാക്യത്തെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ പ്രസ്ഥാനമാണ് പ്രചോദന. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.



സഖാവ് ഗായത്രി അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

ശാസ്ത്രബോധവും ശാസ്ത്രീയ മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കുക, മഹാന്മാരുടെ ജീവിതത്തിലെ മഹത്തായ മൂല്യങ്ങളോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തിയെടുക്കുക, സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കാൻ വേണ്ടുന്ന അവസരം കുട്ടികൾക്ക് ലഭ്യമാക്കുക എന്നിവയാണ് ക്യാമ്പിന്റെ ലക്ഷ്യം.




കുട്ടികളുടെ ക്യാമ്പിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് പ്രസംഗിക്കുന്നു

കുട്ടികളിൽ ഉയർന്ന അഭിരുചികളും ജീവിത വീക്ഷണവും സാമൂഹ്യ അവബോധവും വളർത്തിയെടുക്കുവാനുതകുന്ന ഒരു സാംസ്കാരിക പ്രസ്ഥാനമായാണ് ക്യാമ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 24-ാമത് ക്യാമ്പിൽ പ്രമുഖ ശാസ്ത്രകാരൻ എഡ്വേർഡ് ജന്നർ, ഈശ്വര ചന്ദ്രവിദ്യാസാഗർ, പ്രശസ്ത സാഹിത്യകാരൻ പ്രേംചന്ദ്, എബ്രഹാം ലിങ്കൺ തുടങ്ങിയ മഹദ്വ്യക്തിത്വങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. നാടകം, ചിത്രരചന, സംഗീതം എന്നീ വിഷയങ്ങളിൽ പരിശീലനകളരികൾ നടന്നു. വിവിധജില്ലകളിൽനിന്നുമായി നൂറ്റമ്പത് കുട്ടികൾ പങ്കെടുത്തു. ⬢

# മോദി ഭരണത്തിന്റെ മൂന്നു വർഷം: ഇന്ത്യ എങ്ങോട്ട് ? പ്രഭാഷണം

**എ**ല്ലാവർക്കും നല്ല ദിനങ്ങൾ വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ നരേന്ദ്രമോദിഗവൺമെന്റിന്റെ മൂന്ന് വർഷത്തെ ഭരണം വിലയിരുത്തിക്കൊണ്ടുള്ള ഒരു പ്രഭാഷണ പരിപാടി കൊട്ടാരക്കര വ്യാപാര ഭവൻ ഹാളിൽ എസ്‌യുസിഐ(സി) കൊട്ടാരക്കര ലോക്കൽ ഓർഗനൈസിംഗ് കമ്മിറ്റി ജൂൺ 26 ന് സംഘടിപ്പിച്ചു.




സഖാവ് ജയ്സൺ ജോസഫ് പ്രഭാഷണം നടത്തുന്നു

രാജ്യത്തെ വൻകിട കുത്തക കമ്പനികൾക്കൊഴികെ ആർക്കും നല്ല ദിനങ്ങൾ പ്രദാനം ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും പരാജയപ്പെട്ട ഗവൺമെന്റ് വർഗ്ഗീയത പടർത്തി പശുവിന്റെ പേരിൽ ജനങ്ങളെ തല്ലിക്കൊല്ലാൻ ഛിദ്രശക്തികൾക്ക് അവസരം കൊടുത്തിരിക്കുകയാണ്. എല്ലാ ജനാധിപത്യ അവകാശങ്ങളെയും മനുഷ്യാവകാശങ്ങളെയും ഇല്ലായ്മ ചെയ്യുന്ന തരത്തിലേക്ക് സേനകളുടെ തലപ്പത്തിരിക്കുന്ന ഉദ്യോഗസ്ഥർ പോലും പെരുമാറുന്നു. നോട്ട് പിൻവലിക്കലിന്റെ നേട്ടമെന്താണെന്ന് വിശദീകരിക്കാനോ കണക്കുകൾ പുറത്തുവിടാനോ ഇതുവരെ കേന്ദ്രഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയിലെ രൂക്ഷമായ പ്രതിസന്ധിയെത്തുടർന്ന് രാജ്യമെമ്പാടും കർഷകർ പ്രക്ഷോഭത്തിന്റെ പാതയിലാണ്. കുത്തകകൾക്കുവേണ്ടി ലക്ഷകണക്കിന് കോടി രൂപയുടെ ആനുകൂല്യങ്ങൾ ചൊരിയുന്ന ഗവൺമെന്റ് കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ തയ്യാറാകുന്നില്ല. കുത്തക അനുകൂല നികുതി സമ്പ്രദായമായ ജിഎസ്ടി നടപ്പിലാക്കി സാധാരണക്കാരുടെ മേൽ കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ഈ ജനവിരുദ്ധ നയങ്ങൾക്കെതിരെ അതിശക്തമായ ബഹുജനപ്രക്ഷോഭണം സംഘടിപ്പിക്കണമെന്ന് മുഖ്യപ്രഭാഷണം നടത്തിയ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജെയ്സൺ ജോസഫ് ആഹ്വാനം ചെയ്തു. സഖാക്കൾ ഷൈലാ കെ.ജോൺ, ജി.ധ്രുവകുമാർ, പി.പി.പ്രശാന്ത്കുമാർ, ഇ. കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു. നീലേശ്വരം കൃഷ്ണൻകുട്ടി, സുജാത ചന്ദനത്തോപ്പ്, ഉണ്ണി പുത്തൂർ, ഡോ.കുഞ്ചാണ്ടിച്ചൻ എന്നിവർ കവിതകൾ അവതരിപ്പിച്ചു. ⬢

ജൂലൈ 22
AIDSO സംഘടിപ്പിക്കുന്ന
വിദ്യാർത്ഥികളുടെ ജീവനെടുക്കുന്ന വിദ്യാഭ്യാസക്കച്ചവടത്തിനെതിരെ
**വിദ്യാർത്ഥികളുടെ സെക്രട്ടേറിയറ്റ് മാർച്ച്**
ഉദ്ഘാടനം: സഖാവ് കമാൽ സെയിൻ (അഖിലേന്ത്യപ്രസിഡന്റ്)

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.